# യേശുക്രിസ്തുവിന്റെ ജീവചരിത്രം

## (പുസ്തകം – 4)

## തന്റെ വലിയ അത്ഭുത പ്രവൃത്തികൾ

*(അറബിയിൽനിന്ന് വിവർത്തനം ചെയ്യപ്പെട്ടത്)*

**ജോർജ് ഫോർഡ്**

Published by :

**CALL OF HOPE (NIDA'-AL'-RAJAH)**
**BOX No. 45, KAYAMKULAM - 690 502**
**KERALA**

**LIFE OF CHRIST - PART IV**
*(Malayalam)*

by
**George Ford**

SB 7354 E

All rights reserved.

**2009**

No. of Copies : 5000

Published by :
**CALL OF HOPE (NIDA' -AL- RAJA')**
P.B. No. 45, Kayamkulam - 690 502 - Kerala.

Price: Rs. 13.00

Printed by :
**P.P. George & Sons**
Printers & Publishers
Angamaly - 683 572 - India.
Ph : 084-2456719, 2456819, 2456919

# ഉള്ളടക്കം


*പേജ്*

1. യോഹന്നാൻ സ്നാപകൻ യേശുവിനെ സംശയിക്കുന്നു 5

2. യേശു ഒരു പരീശനെ സന്ദർശിക്കുന്നു 14

3. ക്രിസ്തുവിന്റെ യഥാർത്ഥ ചാർച്ചക്കാർ 20

4. യേശു ഉപമകളാൽ പഠിപ്പിക്കുന്നു 34

5. ക്രിസ്തു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു 47

6. യേശു ഒരു ഭൂതബാധിതനെ സൗഖ്യമാക്കുന്നു 56

7. യായീറോസിന്റെ മകളെ മരണത്തിൽ നിന്നും ഉയിർപ്പിക്കുന്നു 63

8. യേശു പന്ത്രണ്ടു ശിഷ്യന്മാരെ പ്രസംഗിക്കാൻ അയയ്ക്കുന്നു 74

9. യേശു അയ്യായിരത്തെ പോഷിപ്പിക്കുന്നു 85

10. യേശു വിശ്വാസത്തെപ്പറ്റി പഠിപ്പിക്കുന്നു 93

11. ആചാരങ്ങളും ഹൃദയ വിശുദ്ധിയും 104

12. യേശു ജാതികളോടു സുവിശേഷം വിളംബരം ചെയ്യുന്നു 110

13. ചോദ്യാവലി 126

# I

# യോഹന്നാൻ സ്നാപകൻ യേശുവിനെ സംശയിക്കുന്നു

"എന്നാറെ യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടു പേരെ വിളിച്ചു; കർത്താവിന്റെ അടുക്കൽ അയച്ചു: വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ എന്നു പറയിച്ചു. ആ പുരുഷന്മാർ അവന്റെ അടുക്കൽ വന്നു: വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ എന്നു ചോദിപ്പാൻ യോഹന്നാൻ സ്നാപകൻ ഞങ്ങളെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. ആ നാഴികയിൽ അവൻ വ്യാധികളും ദണ്ഡങ്ങളും ദുരാത്മാക്കളും പിടിച്ച പലരെയും സൗഖ്യമാക്കുകയും പല കുരുടുന്മാർക്കും കാഴ്ച നൽകുകയും ചെയ്തിട്ടു അവരോടു: "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നു അറിയിപ്പിൻ. എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ എന്നു ഉത്തരം പറഞ്ഞു" (ലൂക്കൊസ് 7:19-23).

ഹെരോദാരാജാവ് തന്റെ സഹോദരന്റെ ഭാര്യയായ ഹെരോദ്യയെ സ്വീകരിച്ചിരുന്നു. യോഹന്നാൻ സ്നാപകൻ അതിനവനെ ശകാരിച്ചു. രാജാവിനു കോപമുണ്ടായി. ബറിയായിലുള്ള 'മക്കറൊസ്' ജയിലിൽ

അവനെ പാർപ്പിക്കാൻ രാജാവ് കൽപിച്ചു. അവൻ ഏകദേശം ഒരു വർഷത്തിൽ കൂടുതൽ അവിടെ കഴിയേണ്ടി വന്നു. അവനെ ജയിലിലടച്ചെങ്കിലും അവന്റെ ശിഷ്യന്മാർക്ക് അവനെ സന്ദർശിക്കാൻ അനുവാദ മുണ്ടായിരുന്നു. യേശു ചെയ്തിരുന്ന പല അത്ഭുത പ്രവൃത്തികളെയും പറ്റി അവർ അവനോടു പറഞ്ഞു. അതിലേറ്റവും അതിശയകരമായിരുന്ന സംഭവം ഒരു ചെറുപ്പക്കാരനെ മരണത്തിൽ നിന്ന് ഉയർത്തെഴു ന്നേല്പിച്ചതായിരുന്നു. അവൻ നയിൻ പട്ടണത്തിലെ വിധവയുടെ പുത്രനായിരുന്നു. യേശുവിന്റെ വാക്കു കളാലും പ്രവൃത്തികളാലും അവന്റെ അടുക്കൽ തിങ്ങിക്കൂടുന്ന ജനക്കൂട്ടത്തെപ്പറ്റിയും അവർ പറഞ്ഞു.

യോഹന്നാൻ സ്നാപകൻ തന്റെ വിശ്വസ്തതയും യേശുവിനോടുള്ള സ്നേഹവും നേരത്തെ പ്രഖ്യാപിച്ചി രുന്നു. യേശു തന്നെ സ്നേഹിക്കുന്നുവെന്നുള്ളതിന് അവനൊരു സംശയവുമുണ്ടായിരുന്നില്ല. എന്നാൽ അനേക നാളുകളായി ജയിലിൽ കഴിയുന്ന തന്നെ യേശു എന്തുകൊണ്ട് അവഗണിച്ചുകളഞ്ഞു എന്നവൻ സംശ യിച്ചു. യേശു വാഗ്ദത്തം ചെയ്യപ്പെട്ട മശീഹയല്ലയോ? കഷ്ടത അനുഭവിക്കുന്നവരുടെ ആശ്വാസകനല്ലയോ? സത്യതീക്ഷ്ണനായതുകൊണ്ടു സ്നാപകന് സഹി ക്കേണ്ടി വന്ന അനീതിയേക്കാൾ ഭയാനകമായിട്ട് എന്താണുള്ളത്? തന്റെ ഉറ്റബന്ധുവായ യേശുവിനെ തന്റെ ശക്തമായ കരം നീട്ടി ഈ അപകടാവസ്ഥയിൽ നിന്നും വിടുവിച്ചു കൂടെ? ഒരു അത്ഭുതം കാണിച്ചെങ്കിലും. ഒരു പക്ഷേ യോഹന്നാനും, ക്രിസ്തുവിന്റെ രാജ്യം ഐഹിക മാണെന്നു ചിന്തിച്ചിരിക്കാം, മഹത്വവും മോടിയും നിറ ഞ്ഞത്. "ഞാൻ മുന്നറിയിപ്പു കൊടുത്ത രാജ്യം എവിടെ?" എന്ന് അവൻ ആരാഞ്ഞിരിക്കാം. ഈ രാജ്യത്തിന്റെ രാജാ വായ യേശുവിന്റെ സ്നേഹവും കരുണയും എവിടെ? എന്നും സംശയിച്ചിരിക്കാം.

യോഹന്നാൻ പാപം ചെയ്യാൻ സാധ്യതയുള്ള ഒരു മനുഷ്യനായിരുന്നതുകൊണ്ട് അവനു വളരെ നിരാശ തോന്നിക്കാണും; ഈ നിശ്ചയമില്ലാത്ത ഈ സാഹചര്യത്തിൽ സംശയം തോന്നിയിരിക്കാം. മുമ്പ് അവന് സ്വാതന്ത്ര്യവും, ശക്തിയും, മഹത്വവുമുണ്ടായിരുന്നുവല്ലോ? ജയിലിലടക്കപ്പെട്ട് ഒന്നും ചെയ്യാനാവാതെ കഴിയുന്നതിൽ അവനു വളരെ പ്രയാസമുണ്ടായിരുന്നേക്കാം, പ്രത്യേകിച്ചും തന്റെ കഠിനാധ്വാനങ്ങൾക്ക് ശേഷം. ധൈര്യം ക്ഷയിക്കുകയും ക്ഷമയറ്റു പോകുകയും ചെയ്ത ഒരു നില വന്നു ചേർന്നു. അപ്പോൾ ഏറ്റവും വിശ്വസ്തരായ രണ്ടു ശിഷ്യന്മാരെ താൻ യേശുവിന്റെ അടുക്കൽ അയച്ചു. “നീയാണോ വാഗ്ദത്തം ചെയ്യപ്പെട്ട മശീഹ? അല്ല, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ?” എന്നു ചോദിക്കുന്നതിനായിട്ട്.

ആ രണ്ട് ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ ചെന്നു ചോദിച്ചു, “നീ ആണോ മശിഹാ? അല്ല, ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ?” എന്ന്. അവർ അവിടെയായിരുക്കുമ്പോൾ തന്നെ ക്രിസ്തു പല രോഗികളെയും സൗഖ്യമാക്കി. പിന്നീടു തിരിഞ്ഞ് അവൻ അവരോടു പറഞ്ഞു, “എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ” എന്നു. സ്നാപകന്റെ ശിഷ്യന്മാരോടു പറഞ്ഞ ഈ പ്രസ്താവനയിൽ നിന്നും യോഹന്നാന്റെ ചോദ്യം സംശയത്തിൽ നിന്നും ഉളവായതാണെന്നു നമുക്കു മനസ്സിലാക്കാം. ഈ വലിയ ദൈവപുരുഷന്റെ ജീവിതത്തിലെ ഏക പോരായ്മ രേഖപ്പെടുത്തിയിരിക്കുന്നത് ഇതാണ്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും ചെയ്ത അനേക തെറ്റുകളെപ്പറ്റി ബൈബിളിൽ പറയുന്നു. സങ്കീർത്തനക്കാരൻ ചോദിക്കുന്നു, “തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെപ്പോക്കി എന്നെ മോചിപ്പിക്കേണമേ” (സങ്കീർത്തനങ്ങൾ 19:12). ശലോമോനും ഇതുപോലെ ചിലതു പറഞ്ഞിട്ടുണ്ട്. “നീതിമാൻ ഏഴു പ്രാവശ്യം

വീണാലും എഴുന്നേൽക്കും. ദുഷ്ടന്മാരോ അനർത്ഥത്തിൽ നശിച്ചുപോകും" (സദൃശവാക്യങ്ങൾ 24:16).

യോഹന്നാന്റെ സംശയം മൂലം യേശുവിൽ നിന്ന് അകലുന്നതിനുപകരം യേശുവിന്റെ നേരെ തിരിഞ്ഞത് ഭാഗ്യമായി. സ്വാർത്ഥ താല്പര്യം കൊണ്ടു ചിലർ തങ്ങളുടെ അറിവ് പ്രദർശിപ്പിക്കാൻ സംശയങ്ങൾ ചോദിക്കാറുണ്ട്. അല്ലെങ്കിൽ അവർ തെറ്റുകാരല്ലെന്ന് കാണിക്കാൻ ദൈവം ഇവരെ ശിക്ഷിക്കും. മറ്റു ചിലരുടെ സംശയം ചില വസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. പരസ്യമായിട്ടും രഹസ്യമായിട്ടും ചെയ്ത പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് അവയെ ഉപേക്ഷിക്കാത്തിടത്തോളം അവർക്കു സത്യം കണ്ടുപിടിക്കാൻ കഴിയുകയില്ല. അറിവില്ലായ്മ കൊണ്ടുണ്ടാകുന്ന സംശയം, പഠനത്താലും, അന്വേഷണത്താലും, സ്വർഗ്ഗീയ നടത്തിപ്പിനാലും അവരുടെ കർത്തവ്യം ആത്മാർത്ഥമായി സമയത്തു ചെയ്യുമ്പോൾ വിശ്വാസത്തിലേക്കു നയിക്കപ്പെടുന്നു. യോഹന്നാൻ സ്നാപകൻ സ്നേഹത്തിന്റെയും തീക്ഷ്ണതയുടെയും താഴ്മയുടെയും വൈഭവത്തിന്റെയും മൂർത്തീകരണമായിരുന്നു. വിശ്വാസ സൂര്യൻ തന്റെ ഹൃദയത്തെ പ്രകാശിപ്പിച്ചപ്പോൾ അവന്റെ സംശയങ്ങളെല്ലാം ദുരീകരിക്കപ്പെട്ടു.

ചിലരുടെ അഭിപ്രായം യോഹന്നാൻ സ്നാപകൻ യേശുവിനെ സംശയിച്ചിട്ടില്ല, തന്റെ ആ രണ്ടു ശിഷ്യന്മാർക്കു യേശുവിൽ നിന്നും നേരിട്ടു ബോധ്യമാകട്ടെ എന്നു വിചാരിച്ചിട്ടാണെന്നാണ്, അതിനാൽ ബാക്കി ശിഷ്യന്മാർക്കും പ്രയോജനമുണ്ടാകുമല്ലോ? അങ്ങനെയെങ്കിൽ യോഹന്നാൻ സ്നാപകൻ തന്റെ ശുശ്രൂഷയുടെ അന്ത്യം വരെ ആളുകളെ യേശുവിങ്കലേക്കു നടത്തുവാൻ പരിശ്രമിച്ചു. ജയിലിൽ അടയ്ക്കപ്പെടുന്നതിനുമുമ്പു യേശു അവനെക്കാൾ വലിയവനാണെന്നും അവൻ ക്രിസ്തുവിനു മുമ്പെ വന്നുവെങ്കിലും ക്രിസ്തു അവനെക്കാൾ മുമ്പെ ഉണ്ടായിരുന്നു എന്നും പ്രഖ്യാപിച്ചിരുന്നു.

ദൈവം തന്റെ സ്നേഹത്തിലും കരുണയിലും യോഹന്നാൻ ഒരു രക്തസാക്ഷിയായി മരിക്കണമെന്നു നിശ്ചയിച്ചിരുന്നു; നിത്യതയിൽ ഇരട്ടി പ്രതിഫലം പ്രാപിക്കുവാനും മനുഷ്യനെ ഭയപ്പെടാതെ (ഹെരോദാ രാജാവിനെപ്പോലും), ദൈവത്തിന്റെ ആജ്ഞകൾ അനുസരിച്ച ധീരനായ ഒരുവന്റെ ഫലപ്രദമായ ദൃഷ്ടാന്തമാണ് യോഹന്നാനിൽ കാണുന്നത്. അവന്റെ വിഷമാവസ്ഥ ബാഹ്യസാഹചര്യങ്ങളെ വകവെക്കാതെ ദൈവത്തിന്റെ തത്വങ്ങളെയും സുവിശേഷത്തേയും പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് യേശു യോഹന്നാനെ കാരാഗൃഹത്തിൽ നിന്നും രക്ഷിക്കാഞ്ഞത്. യോഹന്നാന്റെ ചോദ്യത്തിനുത്തരം പ്രവൃത്തികളാൽ കാണിപ്പാൻ യേശു ആഗ്രഹിച്ചു. അവൻ അനേകരെയും അവരുടെ വൈകല്യങ്ങളിൽ നിന്നും, കഷ്ടതകളിൽ നിന്നും അശുദ്ധാത്മാക്കളിൽ നിന്നും സൗഖ്യമാക്കി. കുരുടന്മാർക്ക് പലർക്കും കാഴ്ച നൽകി (ലൂക്കൊസ് 7:21). അവൻ ക്രിസ്തുവാണെന്നു ഈ കാണപ്പെട്ട തെളിവുകൾക്കു പുറമേ ആ രണ്ടു ദൂതന്മാരോട് യേശു പറഞ്ഞു. അവൻ കണ്ടതും കേട്ടതുമായ അവന്റെ അത്ഭുതപ്രവൃത്തികളേയും ഉപദേശങ്ങളെയും പറ്റി യോഹന്നാനെ ധരിപ്പിക്കുക എന്ന് അതിനുമാത്രം പ്രസിദ്ധിയാർജ്ജിച്ച ഒരുവൻ, അതിനുമാത്രം ശക്തി പ്രദർശിപ്പിച്ച ഒരുവൻ, ദരിദ്രരോടു സുവിശേഷം അറിയിച്ചവൻ ക്രിസ്തു തന്നെയെന്ന് അവർ അറിയണമെന്ന് അവൻ ആഗ്രഹിച്ചു. "സൗമ്യതയുള്ളവർക്കു യഹോവയിൽ സന്തോഷം വർദ്ധിക്കുകയും മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കുകയും ചെയ്യും" എന്നുള്ള യെശയ്യാ പ്രവചനത്തിന്റെ (യെശയ്യാവ് 29:19) നിവൃത്തി ആയിരുന്നു അവൻ. കൂടാതെ "എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും

തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷം പ്രസംഗി പ്പാനും" എന്ന യെശയ്യാവ് 61:1–ന്റെ നിവൃത്തിയുമായിരുന്നു അവൻ.

"യോഹന്നാന്റെ ശിഷ്യന്മാർ പോയശേഷം അവൻ പുരുഷാരത്തോടു അവനെക്കുറിച്ച് പറഞ്ഞ് തുടങ്ങിയത്, "നിങ്ങൾ എന്തുകാണാൻ മരുഭൂമിയിലേക്കുപോയി. കാറ്റി നാൽ ഉലയുന്ന ഓടയോ? അല്ല, എന്തു കാൺമാൻ പോയി? മാർദ്ദവ വസ്ത്രം ധരിച്ച മനുഷ്യനെയോ? മോടി യുള്ള വസ്ത്രം ധരിച്ച സുഖഭോഗികളായി നടക്കുന്നവർ രാജധാനികളിൽ അത്രെ. അല്ലാ എന്തു കാണ്മാൻ പോയി? ഒരു പ്രവാചകനെയോ? അതേ, പ്രവാചകനിലും മികച്ച വനെ തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു, അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും" എന്നു എഴുതിയി രിക്കുന്നത് അവനെക്കുറിച്ചാകുന്നു. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല: ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ ജനമൊക്കെയും ചുങ്കക്കാരും കേട്ടിട്ട് യോഹന്നാന്റെ സ്നാനം ഏറ്റതിനാൽ ദൈവത്തെ നീതീകരിച്ചു. എങ്കിലും പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്കു വൃഥാ വാക്കി കളഞ്ഞു (ലൂക്കൊസ് 7:24–30) യോഹന്നാന്റെ ചോദ്യത്തിനുള്ള മറുപടിയിൽ തന്റെ സ്വർഗ്ഗീയോൽപത്തി യുടെ തെളിവായി തന്റെ പ്രവൃത്തികളെ യേശു ഊന്നി ക്കാണിച്ചിരിക്കുന്നു. അവന്റെ മൗനം, യോഹന്നാന്റെ ചോദ്യത്തിനുള്ള ഉത്തരം കൊടുക്കുന്ന രീതി, അവനെ രക്ഷിക്കാതെ ഇരിക്കുന്നത് – ഇതെല്ലാം അവഗണനയായി കരുതിയേക്കാം. യോഹന്നാന്റെ ആ രണ്ടു ദൂതന്മാർ പോയതിനുശേഷം യേശു യോഹന്നാനെ പ്രശംസിക്കു ന്നതായി കാണുന്നു. അവൻ പ്രശംസിക്കുന്നതു യോഹ

ന്നാന്റെ ചെവിയിൽ എത്തരുതെന്നും അവൻ ആഗ്രഹിച്ചു. അത് അവനെ ആശ്വസിപ്പിക്കുന്നതായിരിക്കും, അവനെ പുകഴ്ത്തുന്നതായിരിക്കും. ആളുകളുടെ അസാന്നിദ്ധ്യത്തിൽ അവരെ പുകഴ്ത്തുന്നത് എത്ര വിലയുള്ള ഒരു പാരിതോഷികമാകുന്നു. യോഹന്നാന്റെ വിജയകരമായ പ്രവർത്തനങ്ങളെപ്പറ്റി തന്റെ ശ്രോതാക്കളെ യേശു ഓർമ്മിപ്പിച്ചു. യോഹന്നാന്റെ കേൾവിക്കാർ അവരുടെ ഭവനങ്ങളും തൊഴിലുകളും ഉപേക്ഷിച്ച് മരുഭൂമിയിൽ അവന്റെ വാക്ക് കേൾക്കുന്നതിനും അവനിൽ നിന്ന് സ്നാനമേല്ക്കുന്നതിനും അവന്റെ അടുക്കൽ തടിച്ചുകൂടി. യേശു അവരോട് ചോദിച്ചു, "നിങ്ങൾ യോഹന്നാനെ ചഞ്ചലഹൃദയനായി - ഭയപ്പെടുന്നവനായി - സ്വാഭിലാഷങ്ങൾക്കായി നിലകൊള്ളുന്നവനായി - കാറ്റിനാൽ ഉലയുന്ന ഓട പോലെ കണ്ടിട്ടുണ്ടോ എന്ന്. യോഹന്നാനെ തടവിലാക്കാൻ കാരണം അവന്റെ ഉറപ്പും, തീരുമാനവും പൂർണ്ണ ബോധ്യതയുമല്ലോ? ജീവിതാർഭാടങ്ങൾക്കായി, സ്വാർത്ഥ താല്പര്യങ്ങൾക്കായി നിലകൊള്ളുന്ന ഒരു വ്യക്തിയായി യോഹന്നാനെ കണ്ടിട്ടുണ്ടോ? യോഹന്നാന്റെ പ്രസംഗവും പ്രവൃത്തിയും തമ്മിൽ എന്തെങ്കിലും മാറ്റം ഉണ്ടായിരുന്നോ? അവന്റെ ഉപദേശങ്ങളെ അനുസരിക്കാതിരിക്കുവാനുള്ള കാരണം അതായിരുന്നോ? നേരെമറിച്ചു സ്വയം ത്യജിച്ചു പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച് ദൈവത്തേയും മനുഷ്യനേയും സേവിക്കുന്ന ജീവിതമായിരുന്നില്ലേ അവന്റേത്? അതിനാൽ യേശുവിനെക്കുറിച്ചുള്ള യോഹന്നാന്റെ ചോദ്യം അവഗണിക്കുവാൻ സാധ്യമായിരുന്നില്ല; ആ ചോദ്യം ബലഹീനതയുടെയും അനിശ്ചിതത്വത്തിന്റെയും പ്രതീകമായി കരുതാവുന്നതുമല്ല.

അവനെ ഒരു പ്രവാചകനായി ആളുകൾ ധരിച്ചിരുന്നത് സത്യമായിരുന്നു. എന്നാൽ ഒരു പ്രവാചകനെക്കാളും അവൻ വലിയവനായിരുന്നു. ഈജിപ്തിൽ നിന്നു വിടുവിച്ച് അവർക്കു ന്യായപ്രമാണം കൊടുത്ത മോശെയെക്കാളും, അത്ഭുതങ്ങൾ കാണിച്ചു വിഗ്രഹാരാധനയെ

ചെറുത്തുനിന്ന ഏലിയാവിനെക്കാളും, 40 വർഷം തന്റെ ജനത്തെ പരിപാലിച്ചു ഭരിച്ചു മനോഹരമായ സങ്കീർത്തനങ്ങൾ രചിച്ച ദാവീദു രാജാവിനെക്കാളും കൂടുതലായി യോഹന്നാൻ സ്നാപകൻ ലോകത്തെ സേവിച്ചു. "സൃഷ്ടി ദൈവത്തിന്റെ ആശ്രിതൻ" എന്ന പ്രസ്താവന ശരിയാണെങ്കിൽ ദൈവത്തിന്റെ ഏറ്റവും വാത്സല്യഭാജനമാണ്, അവന്റെ ആശ്രിതരിൽ ഏറ്റവും പ്രയോജനമുള്ളവൻ. അങ്ങനെയെങ്കിൽ യോഹന്നാൻ സ്നാപകനാണ് ഏറ്റവും വലിയ വാത്സല്യഭാജനം. യോഹന്നാനെപ്പറ്റിയുള്ള യേശുവിന്റെ സാക്ഷ്യം ഇതു തെളിയിക്കുന്നു. ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല. (മത്തായി 11:11). അതിന്റെ അർത്ഥം യേശു ഒഴിച്ചു സ്വാഭാവികമായി ജനിച്ച മറ്റെല്ലാ പ്രവാചകന്മാരെക്കാളും യോഹന്നാൻ വലിയവനായിരുന്നു എന്നാണ്. വാഗ്ദത്ത മശീഹയെ യഥാർത്ഥത്തിൽ കണ്ട യോഹന്നാൻ സ്നാപകൻ പഴയ നിയമപ്രവാചകന്മാരേക്കാൾ ശ്രേഷ്ഠനായിരുന്നു. ക്രിസ്തു തന്റെ വാക്കുകൾ അവസാനിപ്പിച്ചത് ഇങ്ങനെയാണ് "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനേക്കാൾ വലിയവനാകുന്നു" (മത്തായി 11:11). അതിന്റെ അർത്ഥം പുതിയ നിയമത്തിലെ ഏറ്റവും ചെറിയ വിശ്വാസി പോലും പഴയ നിയമവിശ്വാസിയേക്കാൾ കൂടുതൽ മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നു എന്നാണ് - ക്രിസ്തുവിന്റേത് ആത്മീക രാജ്യമാണെന്നും, തന്റെ ജനത്തെ തന്റെ മരണത്താൽ രക്ഷിക്കാനാണ് യേശു വന്നതെന്നും.

യെഹൂദമൂപ്പന്മാരെ യേശു മിണ്ടാതാക്കി, എന്തെന്നാൽ അവരെപ്പറ്റി ഒരുവനു പറയാം, "മുമ്പന്മാരായിത്തീർന്ന പിമ്പന്മാരുണ്ടു. പിമ്പന്മാരായിത്തീർന്ന മുമ്പന്മാരുമുണ്ടു" എന്ന് (ലൂക്കൊസ് 13 ; 30). (യോഹന്നാന്റെ പ്രസംഗത്താലും, സ്നാനപ്പെടുത്തൽ ശുശ്രൂഷയുടെ

പ്രയോജനം ലഭിക്കുന്നവരിൽ ഒന്നാമതാകേണ്ടതിനു പകരം അവരെക്കുറിച്ചുള്ള ദൈവഹിതത്തെ അവർ നിരസിച്ചു സമൂഹത്തിൽ അവരുടെ നിലയും ജ്ഞാനവും കാരണം) എന്നിരുന്നാലും പാപികൾ ദൈവനീതിക്കു കീഴ്പ്പെട്ട് അവനാൽ സ്നാനം ഏറ്റു. അവർ യോഹന്നാന്റെ പ്രഖ്യാപനത്തിൽ കാണിച്ച ദൈവത്തിന്റെ നന്മയെ അംഗീകരിച്ചു. യേശു പറഞ്ഞു, യെഹൂദമൂപ്പന്മാർ യോഹന്നാനെ വിമർശിച്ചു. അവൻ തങ്ങളിൽനിന്നകന്ന് ഒരു സന്യാസജീവിതം നയിക്കുന്നു." അവന് ഭൂതമുണ്ടു. അതുകൊണ്ടവൻ അവനെ നീതികരിച്ചു പറയുന്നത് അവൻ മനുഷ്യരുടെ ഇടയിൽ അവരോടുകൂടെ വസിക്കുന്നു, ലളിതജീവിതം നയിക്കുന്നു, മറ്റുള്ളവരുടെ സന്താപത്തിലും സന്തോഷത്തിലും പങ്കുചേരുന്നു. അവൻ തിന്നിയും കുടിയനുമാണ്. പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതനാണ്; എന്ന് (ലൂക്കൊസ് 7:34). അതിനാൽ അവർ അവനെയും നിരാകരിച്ചു. ഈ രണ്ടു കുറ്റങ്ങളും ആരോപിക്കുന്നതിൽ ഈ മൂപ്പന്മാർ ആത്മാർത്ഥതയുള്ളവരല്ലായിരുന്നു. യഥാർത്ഥജ്ഞാനം സത്യത്തിന്റെ സന്താനങ്ങൾക്കല്ലാതെ മറ്റാർക്കും പ്രചരിപ്പിക്കാനോ പ്രകടിപ്പിക്കാനോ കഴികയില്ലെന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്.

പ്രിയ വായനക്കാരാ, അവിശ്വാസി ആകാതെ യേശുക്രിസ്തുവിൽ ആശ്രയിക്കുക. ഇപ്പോൾ തന്നെ നിങ്ങളുടെ ഹൃദയം തുറന്ന് അവനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുക. ദൈവത്തിന്റെ രക്ഷയിലേയ്ക്കുള്ള ഒരേ ഒരു മാർഗ്ഗം അവനാണ്.

* * *

# II

# യേശു ഒരു പരീശനെ സന്ദർശിക്കുന്നു

''പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവൻ പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണത്തിന്നിരുന്നു. ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ, അവൻ പരീശന്റെ വീട്ടിൽ ഭക്ഷണത്തിന്നിരിക്കുന്നതറിഞ്ഞു ഒരു വെൺകൽ ഭരണി പരിമള തൈലം കൊണ്ടുവന്നു. പുറകിൽ അവന്റെ കാൽക്കൽ കരഞ്ഞുകൊണ്ടു നിന്നു കണ്ണുനീർ കൊണ്ടു അവന്റെ കാൽ നനെച്ചു തുടങ്ങി. തലമുടികൊണ്ടു തുടെച്ചു കാൽ ചുംബിച്ചു തൈലം പൂശി. അവനെ ക്ഷണിച്ച് പരീശൻ അതു കണ്ടിട്ടു: ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു അവൾ പാപിയല്ലോ എന്നു ഉള്ളിൽ പറഞ്ഞു" (ലൂക്കൊസ് 7:36-39).

ശിമോൻ എന്ന പരീശൻ തന്നോടും തന്റെ ചില അതിഥികളോടും കൂടി ഭക്ഷണത്തിനു യേശുവിനെ ക്ഷണിക്കുകയും യേശു ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ പിന്നിലുള്ള ശിമോന്റെ ഉദ്ദേശ്യം എന്താണെന്ന് നമുക്കറിഞ്ഞുകൂടാ; എന്തെന്നാൽ അവന്റെ സ്വഭാവം നമുക്ക് അജ്ഞാതമാണ്. പ്രസിദ്ധനായ ഒരു മനുഷ്യനെ ബഹുമാനിക്കുന്നതിനും അവനെ കേൾക്കുന്നതിനും അവന്റെ പ്രവൃത്തികൾക്കു സാക്ഷ്യം വഹിക്കുന്നതിനുമായിരിക്കാം അവൻ യേശുവിനെ ക്ഷണിച്ചത്. ചിലപ്പോൾ തന്റെ സഹപ്രവർത്തകരോടുകൂടി യേശുവിനെ തന്റെ വാക്കുകളിൽ പിടിക്കാനുള്ള

കുരുട്ടുബുദ്ധികൊണ്ടുമായിരിക്കാം. യേശുവിന്റെ ഉദ്ദേശ്യം ആ ക്ഷണം സ്വീകരിച്ചതിൽ വ്യക്തമായിരുന്നു. എന്തെന്നാൽ അവന്റെ സ്വഭാവവും, ഏതു ചട്ടങ്ങളാൽ തന്റെ ജീവിതം അവൻ നയിച്ചുവെന്നും നമുക്കറിയാം. അവനെ കൊല്ലുന്നതിനുവേണ്ടി പരിശ്രമിച്ച ശത്രുക്കളെപ്പോലും യേശു സ്നേഹിച്ചിരുന്നു. മനുഷ്യന്റെ ആത്മാവിനെ നേടുന്നതിനുള്ള വലുതും ചെറുതുമായ ഏതവസരവും അവൻ പ്രയോജനപ്പെടുത്തിയിരുന്നു.

ഒരു പ്രവാചകൻ എന്ന നിലയിൽ യേശുവിന്റെ അത്ഭുത പ്രവൃത്തികളെയും പ്രസിദ്ധിയെയും ശിമോൻ ആദരിച്ചിരുന്നു. എന്നാൽ തന്റെ താണകുടുംബത്തെ പ്രതി അവൻ യേശുവിനെ പുച്ഛിച്ചിരുന്നു. നസ്രേത്തുകാരനായ ഒരു ദരിദ്ര മനുഷ്യനായിരുന്നു യേശു. യെഹൂദന്മാരുടെ ദൈവശാസ്ത്ര സ്കൂളുകളിൽനിന്നും അവൻ ബിരുദം എടുത്തവനല്ലായിരുന്നു. അവൻ പരീശന്മാരുടെ ചട്ടങ്ങളേയും ആചാരങ്ങളേയും ആചരിച്ചിരുന്നില്ല. ശിമോൻ മതപരമായി യേശുവിനെ നിന്ദിച്ചു. അതിനാലാണ് യേശുവിനു കൊടുക്കേണ്ടിയിരുന്ന ബഹുമതി അവൻ കൊടുക്കാതിരുന്നതും, അവനെ ശുശ്രൂഷിക്കാതിരുന്നതും, ആ നസ്രായനെ താൻ ക്ഷണിച്ചതുമാത്രം അവനു കിട്ടാവുന്ന വലിയ ബഹുമതിയായി ശിമോൻ കരുതി.

ശിമോന്റെ വീട്ടിലേക്ക് യേശുവിനെ ക്ഷണിച്ചു എന്നുള്ളത് ആ പട്ടണം മുഴുവനും അറിഞ്ഞു, ചിലപ്പോ തന്നെ ബഹുമാനിച്ചില്ല എന്ന വാർത്തയും. അതിനാൽ പാപിനിയെന്നു പൊതുവേ അറിയപ്പെട്ടവളായ ഒരു സത്രീക്ക് താല്പര്യം ജനിച്ചു. അത്രമാത്രം വലിയവനായ പ്രവാചകനും ഗുരുവുമായ ഒരുവനെ ഇത്രമാത്രം അനാദരിച്ചത് അവൾക്കു സഹിച്ചില്ല. ആ അനാദരവിനു കൂടുതലായി അവനെ ബഹുമാനിക്കാൻ അവൾ തീരുമാനിച്ചു. ഏറ്റവും വിലയുള്ള പരിമളതൈലക്കുപ്പിയു

മായി വന്ന് അവൾ യേശുവിന്റെ കാൽക്കൽ നിന്നു. കാരണം ഒരു പാപിനിയെന്നുള്ള നിലയിൽ അവളുടെ സ്ഥാനം അവിടെ മാത്രമാണെന്ന് അവൾക്കറിയാമായിരുന്നു.

അവിടെ കൂടിയിരുന്നവരുടെയെല്ലാം മദ്ധ്യേ അവളുടെ കഴിഞ്ഞകാലത്തെ പാപത്തിന്റെ വലിയ ഭാരം അവൾക്കനുഭവപ്പെട്ടു. വിലയേറിയ ആ തൈലം യേശുവിന്റെ തലയിൽ പൂശുന്നതിന് അവൾക്കു ധൈര്യം വന്നില്ല. അതിനാൽ അവൾ അത് അവന്റെ കാലിൽ ഒഴിച്ചു. കുറെ സമയം മുമ്പ് ഭാരം ചുമക്കുന്നവരേയും, അദ്ധ്വാനിക്കുന്നവരെയും, ക്ഷീണിതരേയും അവൻ വിശുദ്ധ വിളിയിലേക്കു വിളിച്ചത് അവൾ കേട്ടതായി നമുക്ക് കരുതിക്കൂടെ? അവൾ ആ വിളി സ്വീകരിച്ച്, അനുതപിച്ച് വിശ്വസിച്ച് അവന്റെ അടുക്കൽ വന്നു.

ആ വിലയുള്ള സുഗന്ധദ്രവ്യം അവന്റെ കാലുകളിൽ പുരട്ടുന്നതായി നമുക്ക് സങ്കല്പിക്കാം. സുഗന്ധവുമായി അവളുടെ കണ്ണുകളിൽനിന്ന് മുഖത്തിലേക്കു വീണ് അവിടെ നിന്നും ഒഴുകുന്ന പശ്ചാത്താപത്തിന്റെ കണ്ണുനീർ അതിലും വിലയുള്ളതായിരുന്നു. അവളുടെ ലജ്ജാകരമായ ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ആ കണ്ണുനീർക്കണങ്ങൾ. ചിലത് യേശുവിനോടുള്ള നന്ദിപ്രകടനത്തിന്റെ സന്തോഷാശ്രുക്കളായിരിക്കാം, തനിക്കു യേശുവിൽ നിന്നു ലഭിച്ച പുതിയ അനുഭവംമൂലം. അവനിൽ നിന്ന് അവളുടെ ആത്മാവിനു സമാധാനവും വിശ്രമവും ലഭിച്ചു. അവളുടെ ആ നന്ദി പ്രകടനം അവളുടെ കാഴ്ചക്കാർക്ക് പരിചിതമായിരുന്നു. അവർക്ക് മനസിലാകാതിരുന്നത് ഇത്ര മാത്രം പാപിയായ ഒരു സ്ത്രീ അനുതപിച്ച് തങ്ങളുടെ മുമ്പിൽവെച്ചുതന്നെ കരഞ്ഞു, യേശുവിന്റെ കാലുകളെ കഴുകി ആദരവോടു കൂടി അവളുടെ മുടികൊണ്ടു തുടക്കുന്നതാണ്. അത് അവൾക്ക് ഏറ്റവും പ്രിങ്കരമായ കാര്യമായിരുന്നതുമത്രേ.

അവൾ മദ്യപിച്ചിരുന്നതിനാലാണ് ഇങ്ങനെ ചെയ്തത് എന്നവർ ധരിച്ചിരിക്കാം. അവൾ വളരെ വിനയാന്വിത യായി ഇത് ചെയ്തുവെന്നും, അവളുടെ പാപങ്ങൾ മോചിക്കപ്പെട്ടതിനാൽ നന്ദികൊണ്ടാണ് ഇങ്ങനെ ചെയ്ത തെന്നും അവർക്ക് ഒട്ടും മനസ്സിലായില്ല. അനുതാപത്തി ലേക്കും രക്ഷയിലേക്കും വഴി നടത്തിയ യേശുവിന്റെ പാദങ്ങളെ അവൾ ചുംബിച്ചു.

പരീശനായ ശിമോന് മറ്റു ചുങ്കക്കാരെയും പാപിക ളെയും പൂർണ്ണമായി ഒഴിവാക്കാമായിരുന്നു അതുകൊ ണ്ടാണ് അങ്ങനെയുള്ള ഒരു സ്ത്രീ തന്റെ ഭവനത്തിൽ വന്നതിൽ അവൻ തികച്ചും അസന്തുഷ്ടനായത്.

അവൾ യേശുവിനോടു കാണിച്ച ആദരവിൽ അവനു വളരെ കോപമുണ്ടായി. യേശു ആ പ്രവൃത്തി അവളിൽ നിന്നും സ്വീകരിച്ചതിൽ അവൻ അതിശയി ച്ചിരിക്കാം. അവൾ എങ്ങനെയുള്ളവൾ എന്നവൻ അറിഞ്ഞിട്ടില്ലേ? അറിഞ്ഞിരുന്നുവെങ്കിൽ തന്നെ തൊടുവാൻ അനുവദിച്ചത് വലിയ തെറ്റാണ്. അറി ഞ്ഞിട്ടില്ലായിരുന്നെങ്കിൽ അവൻ പ്രവാചകൻ അല്ലായി രുന്നു. ഈ ചിന്തകൾ ശിമോന്റെ മനസ്സിൽ പൊന്തിവന്നു കൊണ്ടിരുന്നു. എന്നാൽ അവൻ ഒന്നും മിണ്ടിയില്ല. ശിമോൻ എന്താണു ചിന്തിക്കുന്നതെന്ന് യേശു അറിഞ്ഞ് അവനോട് ഒരു ഉപമ പറഞ്ഞു:

“ശിമോനെ നിന്നോട് ഒന്നു പറവാനുണ്ട് എന്നു യേശു പറഞ്ഞതിന്നു: ഗുരോ, പറഞ്ഞാലും എന്നവൻ പറഞ്ഞു. കടം കൊടുക്കുന്ന ഒരുത്തനു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മറ്റവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവർക്കു വകയില്ലായ്കയാൽ അവൻ ഇരുവർക്കും ഇളച്ചുകൊടുത്തു, എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിക്കും? അധികം ഇളച്ചു

കിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു എന്നു ശിമോൻ പറഞ്ഞു. അവൻ അവനോടു: നീ വിധിച്ചത് ശരി എന്നു പറഞ്ഞു.

സ്ത്രീയുടെ നേരെ തിരിഞ്ഞു ശിമോനോടു പറഞ്ഞത്: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നു, നീ എന്റെ കാലിനു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ട് എന്റെ കാൽ നനച്ചു തലമുടി കൊണ്ടു തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ പരിമളതൈലം കൊണ്ടു എന്റെ കാൽ പൂശി.

ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു; അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോട്: നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. അവനോടു കൂടെ പന്തിയിൽ ഇരുന്നവർ: പാപമോചനവും കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞു തുടങ്ങി. അവനോ സ്ത്രീയോട് : നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു: സമാധാനത്തോടെ പോവുക എന്നു പറഞ്ഞു" (ലൂക്കൊസ് 7 : 40–50)

കടം കൊടുത്തവനെക്കുറിച്ചുള്ള ഉപമയിൽ ഒരുവൻ അമ്പതു വെള്ളിക്കാശും മറ്റവൻ അഞ്ഞൂറു വെള്ളിക്കാശും കടപ്പെട്ടിരുന്നു. അവൻ രണ്ടുപേരുടെയും കടം ഇളച്ചു കൊടുത്തു. ഇവരിൽ ആര് അധികം സ്നേഹിക്കും? ശിമോൻ ഉത്തരം പറഞ്ഞു. "അധികം ഇളച്ചുകിട്ടിയവൻ''. യേശു അത് വ്യക്തമാക്കുകയായിരുന്നു; ശിമോൻ കുറച്ചും പാപിനിയായ ആ സ്ത്രീ അധികവും കടപ്പെട്ടിരുന്നു എന്ന്. ശിമോൻ നാട്ടുനടപ്പനുസരിച്ച് അവന്നു നൽകേണ്ടിയിരുന്ന കാൽ കഴുകലിനു

വിപരീതമായി അവൾ കണ്ണുനീർ കൊണ്ടു അവന്റെ കാൽ കഴുകി. ശിമോൻ യേശുവിനു കൊടുക്കേണ്ട ചുംബന ത്തിനു പകരം അവൾ അവന്റെ കാൽ ചുംബിച്ചു. മൂന്നാമതായി അവൻ യേശുവിന്റെ തലയിൽ പൂശേണ്ട തായിരുന്ന എണ്ണക്കു പകരമായി അവൾ വിലയേറിയ പരിമളതൈലം അവന്റെ തലയിൽ ഒഴിച്ചു. അവൾ ചെയ്ത ഈ പ്രവൃത്തികൾ അവളുടെ അനേകമായ പാപങ്ങൾ മോചിച്ചു കിട്ടുന്നതിനു കാരണമായി.

അവളുടെ പാപങ്ങൾ മോചിച്ചു കൊടുത്തവനു ഹൃദയം നിറഞ്ഞ നന്ദി അർപ്പിച്ചത് അവളുടെ ആഴമേറിയ പാപബോധത്താലായിരുന്നു. ശിമോനു തന്റെ പാപഭാരം യഥാർത്ഥത്തിൽ അനുഭവപ്പെട്ടില്ല. അതിനാൽ നന്ദി നിറഞ്ഞ സ്നേഹം അവനുണ്ടായില്ല. ശിമോന് അവളുടെ വികാരങ്ങൾ മനസിലാക്കാനും സാധിച്ചില്ല.

യേശുവിന്റെ പ്രസ്താവന, ''അവൾ വളരെ സ്നേഹിച്ചുവല്ലോ? അതിനാൽ അവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു'' എന്നീ ഉപമയിൽ കാണുന്നു. യേശു ശിമോനോടു പ്രഖ്യാപിക്കയായിരുന്നു; ഒരു പാപി അധികം സ്നേഹിക്കുന്നു, കാരണം അവന്റെ അധികം പാപങ്ങൾ മോചിച്ചു കിട്ടുന്നു. മോചനത്തിനു കാരണം പാപിയുടെ സ്നേഹമാണെന്നോ പാപം മോചിക്കപ്പെടുന്നതിനു മുൻപേ സ്നേഹിക്കണമെന്നോ ഇതിനർത്ഥമില്ല. ഒരു മനുഷ്യൻ സ്നേഹിക്കുന്നതിനാലല്ല അവന്റെ പാപം മോചിക്കപ്പെടുന്നത്, പ്രത്യുത അവന്റെ വലിയ പാപക്കടം വീട്ടിയതിനാൽ അവൻ അധികം സ്നേഹിക്കുന്നു.

"നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു യേശു ആ സ്ത്രീയോടു പറഞ്ഞു. തളർവാത രോഗിയുടെ പാപം മോചിച്ചുകൊടുത്തപ്പോൾ ഉണ്ടായതു പോലെ തന്നെ യേശുവിന്റെ കാഴ്ചക്കാർ അവനെ

വിമർശിച്ചു; അവൻ സ്ത്രീയോട് "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോക" എന്നു പറഞ്ഞപ്പോൾ. വളരെയധികം പാപങ്ങൾ ക്ഷമിച്ചു കിട്ടിയവർ അതിലേക്കു മടങ്ങിപോകാതിരിക്കുവാൻ അവർ വളരെ ശ്രദ്ധിക്കുന്നു.

ഇന്നു യേശു തന്നെയാണു പാപങ്ങളെ ക്ഷമിച്ചു പാപിയെ ശരിയായ പാതയിൽ നടത്തുന്ന രക്ഷകൻ. ഈ രക്ഷകനെ നിങ്ങൾ കണ്ടുമുട്ടിയിട്ടുണ്ടോ? അവൻ ഒരുവൻ മാത്രമാണ് യഥാർത്ഥത്തിൽ രക്ഷിക്കാൻ കഴിവുള്ളവൻ.

* * *

# III

# ക്രിസ്തുവിന്റെ യഥാർത്ഥ ചാർച്ചക്കാർ

## ഭൂതബാധിതനും അന്ധനും ഊമനുമായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നത്

"അനന്തരം ചിലർ കുരുടനും ഊമനുമായോരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ഊമൻ സംസാരിക്കയും കാൺകയും ചെയ്‌വാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി. പുരുഷാരം ഒക്കെയും വിസ്മയിച്ചു; ഇവൻ ദാവീദ് പുത്രൻ തന്നെയോ എന്നു പറഞ്ഞു. അതു കേട്ടിട്ടു പരീശന്മാർ: ഇവൻ ഭൂതങ്ങളുടെ തലവനായ ബെയൽസബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു.

യേശു അവരുടെ നിരൂപണം അറിഞ്ഞു അവരോടു പറഞ്ഞതു; ഒരു രാജ്യം തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും; ഒരു പട്ടണമോ ഗൃഹമോ

തന്നിൽ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ അവൻ തന്നിൽ തന്നേ ഛിദ്രിച്ചുപോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? ഞാൻ ബെയത്സബൂലിനെ കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ; നിങ്ങളുടെ മക്കൾ ആരെക്കൊണ്ടു പുറത്താക്കുന്നു? അതുകൊണ്ടു അവർ നിങ്ങൾക്കു ന്യായാധിപന്മാർ ആകും. ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം. ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു (വസ്തുക്കൾ) കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടുകവർച്ച ചെയ്യാം" (മത്തായി 12:22-29)

ആളുകൾ യേശുവിന്റെ അടുക്കൽ ഊമനും അന്ധനുമായ ഒരു ഭൂതഗ്രസ്തനെ കൊണ്ടുവന്നു. അവന്റെ ഈ മൂന്ന് അവസ്ഥകളിൽനിന്നും യേശു അവനെ പൂർണ്ണമായി സൗഖ്യമാക്കിയപ്പോൾ ആളുകൾ സന്തോഷിച്ച് ഈ അത്ഭുത നന്മ ചെയ്യുന്നവൻ ദാവീദിന്റെ സന്തതിയായ അവരുടെ വാഗ്ദത്ത മശീഹ ആയിരിക്കുമോ എന്നു ചോദിച്ചുതുടങ്ങി. യേശുവിനെ സൂക്ഷ്മമായി പരിശോധിക്കുവാൻ യെരൂശലേമിൽനിന്നു വന്ന പരീശന്മാർക്കും ശാസ്ത്രിമാർക്കും മിണ്ടാതിരിക്കുവാൻ കഴിഞ്ഞില്ല; പ്രത്യേകിച്ച് അവനോടു ജനങ്ങൾ ആദരവും സ്നേഹവും കാണിച്ചപ്പോൾ. അവർ അവരുടെ രാഷ്ട്രീയ സ്വാധീനം അവനിൽ നിന്നും ആളുകളെ അകറ്റി നിറുത്തുവാൻ ഉപയോഗിച്ചു. ബെയ്ത്സെബൂലിന്റെ കൈയിലെ ഒരു ആയുധം മാത്രമാണ് എന്ന് അവർ പറഞ്ഞു. ഭൂതങ്ങളുടെ തലവനായിരുന്നു ബെയെത്സെബൂൽ യേശുവിനെ വ്യക്തിപരമായി അറിയാത്തവരുടെ ഇടയിൽ ഇങ്ങനെ ഒരു അപശ്രുതി അവർ പരത്തി. മനുഷ്യരുടെ ഹൃദയ വിചാരങ്ങൾ യേശു അറിഞ്ഞിരിക്കുന്നു. യെഹൂദ നേതാക്കൾ തന്നെപ്പറ്റി എന്താണു പറഞ്ഞതെന്നു അവൻ

ഗ്രഹിച്ചിരുന്നു. അവരെ കാണാതെയും കേൾക്കാതെയും അവരുടെ ഹൃദയവിചിന്തനങ്ങളെ ഗ്രഹിക്കുവാനുള്ള ദൈവീക കഴിവ് വീണ്ടും യേശു വ്യക്തമാക്കി. അവൻ അവരെ വിളിച്ച് അവരുടെ തിന്മയായ വിധിയെഴുത്തിലെ ആരോപണങ്ങൾ മൂന്നു വിധത്തിൽ നിഷേധിച്ചു.

1. അവൻ പിശാചിനാൽ നടത്തപ്പെടുകയും സഹായിക്കപ്പെടുകയും ചെയ്യുന്നവനാണെന്നുള്ള അവരുടെ ആരോപണത്തെ യേശു വാദിച്ച് തെറ്റാണെന്ന് തെളിയിച്ചു. തന്നെ എപ്പോഴും എതിർത്തു, തന്റെ വശത്തുള്ളവരെ തട്ടിയെടുക്കുന്ന ഒരുവനെ പിശാചു സഹായിക്കുമെന്ന് ഊഹിക്കാൻ പോലും സാദ്ധ്യമല്ല. പിശാച് യേശുവിനെ സഹായിച്ചാൽ തന്റെ തന്നെ രാജ്യം ഛിദ്രിക്കപ്പെടുകയായിരിക്കും ഫലം.

2. സാത്താന്യ ശക്തികൊണ്ടാണ് യേശു ഭൂതങ്ങളെ പുറത്താക്കുന്നത് എന്നുള്ള യെഹൂദമൂപ്പന്മാരുടെ ആരോപണത്തിനെതിരായിരുന്നു അവന്റെ രണ്ടാമത്തെ വാദം. ഈ ആരോപണം ശരിയാണെങ്കിൽ ഭൂതങ്ങളെ പുറത്താക്കുന്ന മറ്റു യെഹൂദന്മാർക്കും ഇതുബാധകമാണല്ലോ? അങ്ങനെ ഇതര യെഹൂദന്മാർ അവരുടെ മൂപ്പന്മാർ കള്ളൻമാരാണെന്ന് വിധിക്കുന്ന ന്യായാധിപന്മാരായിത്തീർന്നെന്നും തെളിയിക്കുകയാണ്. മാത്രമല്ല ഈ യെഹുദന്മാർ അവർ ദൈവത്തിന്റെ ശക്തിയാലാണു ഭൂതങ്ങളെ പുറത്താക്കുന്നതെന്നു പ്രഖ്യാപിച്ചു മൂപ്പന്മാരെ മിണ്ടാതാക്കി.

3. ക്രിസ്തുവിന്റെ പുതിയ രാജ്യം ആസന്നമായി എന്നു വിളംബരം ചെയ്ത പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് താൻ ഭൂതങ്ങളെ പുറത്താക്കുന്നതെന്നതെന്നായിരുന്നു യേശുവിന്റെ മൂന്നാമത്തെ വാദം. യേശു പിശാചിനെ ശാസിച്ചു, പിടിച്ചുകെട്ടി, അവന്റെ പിടിയിൽ നിന്നും തന്റെ ഇരയെ

വിടുവിച്ചു. ഭൂതഗ്രസ്തനിൽ നിന്നും ഭൂതത്തെ പുറത്താക്കിയപ്പോൾ അവൻ പൂർണ്ണമായി രക്ഷിക്കാൻ കഴിവുള്ള രക്ഷകനാണെന്ന് യേശു തെളിയിക്കുകയായിരുന്നു. തന്റെ അധികാരച്ചങ്ങലയാൽ പിശാചിനെ ബന്ധിക്കുന്നവനായ യേശുവിനു പിശാചിന്റെ സഹകാരിയാകുവാൻ എങ്ങനെ സാധിക്കും?

പരീശന്മാർ യേശുവിന്റെ കരുണ കാണാതെ. അത്ഭുതപ്രവൃത്തികൾ മാത്രം കണ്ടതിൽ അതിശയിക്കാനില്ല. പിശാചിനും വലിയ ശക്തിയുണ്ട്, എന്നാൽ അവനു ദയയില്ല. യേശുവിന്റെ അത്ഭുത പ്രവൃത്തികളിൽ അനുകമ്പ ദർശിക്കുവാൻ യെഹൂദ മൂപ്പന്മാർക്കു കഴിഞ്ഞില്ല. പകൽപ്പോലെ വെളിച്ചമായതവർക്ക് കാണാൻ കഴിഞ്ഞില്ല. നന്മയ്ക്കും കരുണയ്ക്കും എതിരാണ് പിശാചിന്റെ എല്ലാപ്രവൃത്തനങ്ങളുടെയും സ്വഭാവം. എല്ലാ നല്ല കാര്യങ്ങളുടെയും (സൃഷ്ടാവിനല്ലാതെ മറ്റാർക്കും ചെയ്യാൻ കഴിയാത്ത സൽപ്രവർത്തികൾ പിശാചിന്നും ചെയ്യാനാകുമെന്ന് അവർ സമ്മതിച്ചപ്പോൾ അവരുടെ അന്ധത എത്ര വലുതായിരുന്നു.)

## മതത്തിൽ നിഷ്പക്ഷത സാധ്യമല്ല

“എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലമാകുന്നു എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു” (മത്തായി 12:30)

തന്റെ അത്ഭുതപ്രവൃത്തികൾ ദൈവത്തിൽനിന്നുള്ളതാണെന്നു വിവരിച്ചശേഷം തനിക്കുമതപരമായ കാര്യത്തിൽ നിഷ്പക്ഷത സ്വീകരിക്കാൻ കഴികയില്ലെന്നു തെളിയിച്ചു. ഓരോരുത്തനും ഒന്നുകിൽ യേശുവിന്റെ കൂടെയല്ലെങ്കിൽ അവന്ന് എതിരാണ്. ഒരുവൻ കൂടെയാണെന്നു നടിച്ചാലും യേശുവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ അവൻ തന്നോട് കൂടെയല്ല. യേശുവിന്റെ പ്രവൃത്തി ചെയ്യാ

ത്തവൻ അവന്റെ ശത്രുവായ സാത്താന്റെ പ്രവൃത്തി ചെയ്യാത്തവൻ അവന്റെ ശത്രുവായ സാത്താന്റെ പ്രവൃത്തിയാണ് ചെയ്യുന്നത്. അവർ തന്നോടു കൂടെ ചേർക്കാത്തവരായതിനാൽ ചിതറിക്കുന്നവരാണ്. ജന്മനാ ഒരുവൻ സാത്താന്റെ സേവയിലാണ്. മനഃപൂർവ്വം ക്രിസ്തുവിന്റെ സേവയിലേക്ക് മാറുന്നില്ലെങ്കിൽ അതവന്നു നിർത്താനും സാധ്യമല്ല.

ആത്മീകഗോളത്തിൽ രണ്ടു സാമ്രാജ്യങ്ങൾ മാത്രമേ ഉള്ളൂ. അവ തമ്മിൽ അവസാനിക്കാത്ത വിധത്തിൽ യുദ്ധം നടന്നുകൊണ്ടേയിരിക്കുന്നു. ഈ രണ്ട് എതിരാളികൾ തമ്മിൽ യാതൊരു നിരപ്പിനും, യോജിപ്പിനും സാധ്യമല്ല. ദൈവരാജ്യം വെളിച്ചത്തിന്റെയും, സത്യത്തിന്റെയും, നീതിയുടേതുമാണ്. പിശാചിന്റെ രാജ്യമാകട്ടെ അന്ധകാരത്തിന്റെയും, അസത്യത്തിന്റെയും അനീതിയുടെയുമാണ്. ഈ രണ്ടു സാമ്രാജ്യങ്ങളും തമ്മിലുള്ള രമ്യത അസാധ്യമാണ്.

യേശു തന്റെ അത്ഭുതപ്രവർത്തികളെല്ലാം പരിശുദ്ധാത്മ ശക്തിയിലാണു ചെയ്തത്. പരിശുദ്ധാത്മാവ് യേശുവിനെ ആദ്യന്തം നടത്തുകയും ശക്തീകരിക്കുകയും ചെയ്തു. ഭൂതങ്ങളുടെ തലവനായ ബെയെത്സബൂലിനെ കൊണ്ടാണ് യേശു ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന യിസ്രായേൽ മൂപ്പന്മാരുടെ ആരോപണം പരിശുദ്ധാത്മാവിനെതിരായിരുന്നു. അതുകൊണ്ടാണ് അവർ മനുഷ്യരെ വഴിതെറ്റിക്കുന്നവരാണെന്ന് യേശു പരസ്യമായി അവരെ വിമർശിച്ചത്. അവർ യേശുവിനെതിരെ അന്യായമായി വിധിയെഴുത്ത് നടത്തുന്നത് ആദ്യമായിട്ടായിരുന്നില്ല. അവൻ പക്ഷവാതക്കാരനോട്, “നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു” (മത്തായി 9:2) എന്ന പറഞ്ഞപ്പോൾ അവർ അങ്ങനെ ചെയ്തതാണ്. അവൻ ഭൂതങ്ങളെ പുറത്താക്കുന്നതിനെപ്പറ്റി അവർ വിചാരിച്ചതും പറഞ്ഞതും ദൈവദൂഷണമാണെന്ന് യേശു ന്യായമായി വിധിച്ചു.

യെഹൂദമൂപ്പന്മാരെ കഠിനമായി വിധിച്ചതോടൊപ്പം പാപികൾക്ക് അവൻ ഏറ്റവും വലിയ ആശ്വാസം വിളംബരം ചെയ്യുകയുമായിരുന്നു. ദൈവക്ഷമയിൽ എല്ലാ പാപവും ഉൾക്കൊള്ളുന്നു-അവ എത്ര കഠിനമായിരുന്നാലും-എന്ന് അവൻ പ്രഖ്യാപിച്ചു. യഥാർത്ഥ മാനസാന്തരവും (ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും) ക്രിസ്തുവിലുള്ള വിശ്വാസവും വേണമെന്നു മാത്രം. ഏതൊരധമ പാപിക്കും. പാപത്തേയും അതിന്റെ പരിണിതഫലങ്ങളേയും വിട്ടു ദൈവഭാഗത്തേക്കു വരുന്നതി (രക്ഷിക്കപ്പെടുന്നതിന്)നെതിരായി യാതൊരൊഴികഴിവും പറയാൻ സാധ്യമല്ല. ഏതൊരു പാപിയും അവന്റെ പാപം എത്ര വലുതായാലും മാനസാന്തരപ്പെട്ട് പാപക്ഷമ ചോദിക്കുമെങ്കിൽ നിരാശപ്പെടേണ്ട കാര്യമില്ല. യെശയ്യാവ് പ്രവചിച്ചതിനെ ക്രിസ്തു ഉറപ്പിച്ചു പറഞ്ഞത്:

“വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിചെയ്യുന്നു. നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും” (യെശയ്യാവ് 1:18)

## പരിശുദ്ധാത്മാവിന് എതിരായി ദൈവദൂഷണം പറയുന്നത്

“അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത്: സകലപാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും; ആത്മാവിന്നു നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല. ആരെങ്കിലും മനുഷ്യപുത്രന്നു നേരെ ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിന്നു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കയില്ല” (മത്തായി 12:31-32).

പരിശുദ്ധാത്മാവിനെതിരായുള്ള ദൈവദൂഷണം ക്ഷന്തവ്യമാണെന്ന് ആശ വേണ്ട എന്നാണ് യെഹൂദ മൂപ്പന്മാരോടും ലോകത്തോടും യേശു വ്യക്തമാക്കിയത്. മറ്റെല്ലാ പാപവും ദൈവദൂഷണവും ക്ഷമിക്കപ്പെട്ടാലും, പരിശുദ്ധാത്മാവിന് എതിരെ ദൈവദൂഷണം ആരു പറഞ്ഞാലും ക്ഷമിക്കപ്പെടുകയില്ല. അവൻ എന്നെന്നേക്കും ശിക്ഷാവിധിയിൽ അകപ്പെടും. യഥാർത്ഥ മാനസാന്തരം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. അതിനെ നിന്ദിക്കുന്നവൻ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി തന്നിൽ നടക്കുന്നതിനനുവദിക്കുന്നില്ല. മാനസാന്തരവും പാപക്ഷമയും തനിക്കു ലഭിക്കുന്നത്, അവൻ സ്വയം നിഷേധിക്കുകയാണ്. പരിശുദ്ധാത്മാവിനു വിരോധമായ ദൈവദൂഷണത്തിനു ധൈര്യപ്പെടുന്നവൻ എല്ലാ ആത്മികകാഴ്ചപ്പാടുകളും നഷ്ടപ്പെടുത്തുന്നു.

അവന്നു മാനസാന്തരപ്പെടാൻ യാതൊരു താല്പര്യവുമില്ല. ആത്മിക കാര്യങ്ങളോടുള്ള പൂർണ്ണമായ വിരക്തി അവന്റെ മനസ്സാക്ഷിയെ കൊല്ലുന്നു. അങ്ങനെ അവൻ മനഃപൂർവ്വമായി മാനസാന്തരപ്പെടാൻ വിസമ്മതിക്കുന്നു; ഹൃദയത്തെ കഠിനമാക്കുന്നു: അന്ധകാരം തെരഞ്ഞെടുക്കുന്നു – ദൈവത്തിന്റെ ആത്മാവ് അവനെ അവസാനം കൈവെടിയുന്നതുവരെ.

ദൈവദൂഷണം എന്തുമാത്രം തെറ്റാണെന്നുള്ള ക്രിസ്തുവിന്റെ വാക്കുകളിൽ നിന്നു, ഏക ദൈവത്തിലുള്ള ത്രിത്വത്തിലെ ഒരു വ്യക്തിയാണ് പരിശുദ്ധാത്മാവ് എന്നു വ്യക്തമായി തെളിയുന്നു.

## ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്ന് വായ് സംസാരിക്കുന്നു

“ഒന്നുകിൽ വൃക്ഷം നല്ലതു, ഫലവും നല്ലതു എന്നുവെപ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും

ചീത്ത എന്നു വെപ്പിൻ; ഫലം കൊണ്ടാണല്ലോ വൃക്ഷം അറിയുന്നതു. സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നതു. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു. ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു. എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്തായി 12:33–37).

വാക്കുകൾ ഒരുവന്റെ ചിന്തകളിൽനിന്നു ഉളവാകുന്ന ഫലമാണെന്ന സത്യത്തിലേക്കു യേശു തന്റെ കേൾവിക്കാരുടെ ശ്രദ്ധയെ ആകർഷിച്ചു. വിചാരങ്ങൾ ശരിയാക്കാതെ വാക്കുകൾ ശരിപ്പെടുത്തുവാൻ സാധ്യമല്ല. യെഹൂദനേതാക്കന്മാരുടെ തിന്മയായ വിചാരങ്ങൾ അസത്യം പറയുന്നതിനു മാത്രമാണ് അവർക്ക് ഇടനൽകിയത്. അവർക്ക് ഒരു നന്മയും പറയാൻ സാധിച്ചില്ല. അതുകൊണ്ടാണ് യോഹന്നാൻ സ്നാപകൻ അവർക്കു നൽകിയ യേശു ആവർത്തിച്ചതുമായ "സർപ്പസന്തതികൾ" എന്ന നാമത്തിന് അവർ അർഹരായത്. അവരുടെ വിഷബീജം ജന്മസിദ്ധമായതിനാൽ അവരുടെ അവസ്ഥ കൂടുതസൽ പരിതാപകരമായിരുന്നു. ഈ സന്ദർഭത്തിലാണു യേശു വിവേകത്തോടു കൂടി പറഞ്ഞത്, "ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതത്രേ വായ് സംസാരിക്കുന്നതു" എന്ന്. ന്യായതീർപ്പിൻ നാളിൽ ഒരു ചെറിയ വാക്കുപോലും വിധിക്കപ്പെടും, എന്തുകൊണ്ടെന്നാൽ ഹൃദയത്തിന്റെ വഷളായ അവസ്ഥയെയാണ് അത് കാണിക്കുന്നത്. നീതികരണത്തിനും ശിക്ഷാവിധിക്കും ഉള്ള അവസാനത്തെ പരിശോധന അതാണ്.

# മതനേതാക്കൾ അത്ഭുതം കാണിക്കുവാൻ ആവശ്യപ്പെടുന്നു

"അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോടു: ഗുരോ, നീ ഒരു അടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അരോടു ഉത്തരം പറഞ്ഞതു: "ദോഷവും വ്യഭിചാരവു മുള്ള തലമുറ അടയാളം തിരയുന്നു; യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. നിനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോടും ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും;

അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്ത രപ്പെട്ടുവല്ലോ; ഇതാ, ഇവിടെ യോനയിലും വലിയവൻ. തെക്കെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു ഉയിർത്തെഴുന്നേറ്റു അതിനെകുറ്റം വിധിക്കും; അവൾ ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറു തികളിൽനിന്നു വന്നുവല്ലോ; ഇവിടെ ഇതാ, ശലോമോ നിലും വലിയവൻ. "അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പു അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാ നും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങി ചെല്ലും എന്നു അവൻ പറയുന്നു; ഉടനെ വന്നു, അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ട തലമുറയ്ക്കും അങ്ങനെ ഭവിക്കും" (മത്തായി 12:38-45).

യെഹൂദമൂപ്പന്മാർ യേശുവിനോടു ഒരു അടയാളം കാണിക്കുവാൻ ആവശ്യപ്പെട്ടു. അവർ അതുകണ്ട് ആനന്ദിക്കുവാൻ ആഗ്രഹിച്ചു. അവരുടെ ആത്മികാന്ധത വളരെ അപലപിക്കപ്പെടേണ്ടതാണ്. യേശു പറഞ്ഞു, "ഈ ദൈവമില്ലാത്ത ദുഷ്ടത നിറഞ്ഞ ജനം അടയാളം അന്വേഷിക്കുന്നു, യോനയുടെ അടയാളമല്ലാതെ വേറെ അടയാളം അവർക്കു ലഭിക്കയില്ല" എന്ന്. ആ തലമുറയുടെ വഷളത്തത്തിനു കാരണം അവരുടെ ഹൃദയം ദൈവസ്നേഹത്തിൽ നിന്നു പിന്തിരിഞ്ഞു പോയതാണ്; അവർ മനുഷ്യരുടെ ഉപദേശങ്ങൾ തെരഞ്ഞെടുത്തതാണ്. യേശു അടയാളങ്ങളാൽ തങ്ങളെ തൃപ്തിപ്പെടുത്തിയാൽ ആ മൂപ്പന്മാർ യേശുവിനെ വിശ്വസിക്കാൻ തയ്യാറാണെന്നു നടിച്ചു. യേശു വാഗ്ദത്ത മശീഹായാണെന്നും അവനിൽ വിശ്വസിക്കേണ്ടതാണെന്നും അവർക്കു ബോദ്ധ്യം വരത്തക്ക വിധത്തിലും അതിലധികവുമായി അവർ അത്ഭുതങ്ങൾ കണ്ടവരാണ്: നിർഭാഗ്യവശാൽ എല്ലാ തലമുറയിലും ഈ യെഹൂദന്മാരെ പോലുള്ള ആളുകളെ നമുക്കു കാണാൻ കഴിയുന്നതാണ്. തെളിവില്ല എന്നു പറഞ്ഞുകൊണ്ടു ക്രിസ്തുവിനെ നിരസിക്കുവാൻ അവർ പഴുതുകണ്ടെത്തുന്നു. യഥാർത്ഥ സ്ഥിതി അവർക്കു വിശ്വസിക്കുവാൻ മനസ്സില്ല എന്നുള്ളതാണ്. തെളിവുകൾ ധാരാളമുണ്ടെങ്കിലും വിശ്വസിക്കുവാൻ അവർ തയ്യാറല്ല.

അവർക്ക് സുപരിചിതമായ യോനായുടെ അടയാളത്തിലേക്കു യേശു വിരൽ ചൂണ്ടി. അതിൽ യേശു മൂന്നു പകലും മൂന്നു രാവും കല്ലറയിൽ ഇരിക്കുമെന്നു പ്രവചനമുണ്ട്. യോനായുടെ ചാരിത്രികമായ ആധികാരികത യേശുവിന്റെ ഈ ഉദ്ധാരണത്തിൽ നിന്നു തെളിയുന്നു. മനുഷ്യരെ പാപവിമോചിതരാക്കാൻ കുരിശിൽ നിർവ്വഹിച്ച ആ വലിയ വേല തെളിയിക്കുവാൻ അവൻ ഒരിക്കലും കെട്ടുകഥകൾ ഉപയോഗിക്കുകയില്ലല്ലോ? യോനായുടെ ചരിത്രത്തിലെ ആ വലിയ മത്സ്യം സാങ്കല്പികമല്ല. ന്യായവി

ധിദിവസത്തിൽ നിനവേയിലെ ജാതികൾക്കും വിജാതീയ ശേബാ രാജ്ഞിക്കും – ദൈവത്തിന്റെ ജനമെന്നു അവകാശപ്പെടുന്ന യെഹൂദന്മാർ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവരെക്കാൾ – സഹിക്കാവതാകും എന്ന് യേശു പറഞ്ഞു. യോനാ പ്രസംഗിച്ചപ്പോൾ നിനവേയിലെ ജനങ്ങൾ അവരുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചു, മാനസ്സാന്തരപ്പെട്ടു, ദൈവത്തിങ്കലേക്കു തിരിഞ്ഞു. വിജാതീയ ശേബാരാജ്ഞി വളരെ ദൂരം സഞ്ചരിച്ചു വന്ന് ശലോമോൻ പറഞ്ഞതു കേട്ടു വിശ്വസിച്ചു. യോനായേക്കാളും ശലോമോനെക്കാളും വളരെ വലിയവനായ യേശു യെഹൂദന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരോടു സ്വർഗ്ഗരാജ്യത്തെ കുറിച്ചു ബുദ്ധിയുടെ വാക്കുകൾ സംസാരിച്ചു. എന്നാൽ അവർ അവനിൽ വിശ്വസിച്ചില്ല. വ്യഭിചാരവും കോട്ടവുമുള്ള ഈ തലമുറയെ ഒരു ഭൂതഗ്രസ്തനോടു യേശു ഉപമിച്ചു. ഭൂതം വിട്ടുമാറിയെങ്കിലും തന്നിലും ബലമേറിയ ഏഴ് ഭൂതങ്ങളുമായി തിരിച്ചു വന്നു. ഈ തെളിവിന്റെ പ്രായോഗികത ഇതാണ്. യോഹന്നാൻ സ്നാപകന്റെ കാലത്ത് ഈ യെഹൂദന്മാർ അവന്റെ അടുക്കൽ ചെന്ന് അവന്റെ ഉപദേശങ്ങളാൽ മാനസാന്തരപ്പെട്ടു; ബാപ്തിസ്മാ സ്വീകരിച്ചു എന്നാൽ അവർ യേശുവിനെ വിശ്വസിച്ചില്ല. പരിശുദ്ധാത്മാവ് അവരിൽ വസിക്കുവാൻ അനുവദിച്ചില്ല. അങ്ങനെ അവരുടെ ഹൃദയം ശൂന്യമായിത്തീരുകയും പഴയ തിന്മകളെല്ലാം ഇരട്ടി ശക്തിയോടെ അവരിൽ പ്രവേശിക്കുകയും ചെയ്തു. താൻ സംസാരിക്കുന്ന ഈ തലമുറയുടെ അവസാനം ആരംഭത്തെക്കാൾ കൂടുതൽ തിന്മ നിറഞ്ഞതായിരിക്കുമെന്നു യേശു ഉറപ്പിച്ചു പറഞ്ഞു. അവന്റെ പ്രവചനം സത്യമായിത്തീർന്നു. അവരുടെ തിന്മ വർദ്ധിച്ചു കവിഞ്ഞൊഴുകി. പിന്നെ വലിയ നാശവും ഭയാനകമായ കഷ്ടതയും വന്നു. അതിനെ ഇതുവരെ ഉണ്ടായിട്ടില്ലാത്തതും ഇനി ഉണ്ടാകാത്തതുമായ യകഷ്ടതയായി യേശു വിവരിച്ചിരിക്കുന്നു.

തിന്മപ്രവൃത്തികൾ ഉപേക്ഷിക്കുന്നതു കൊണ്ടു മാത്രം യാതൊരു പ്രയോജനവും ഇല്ല; അവയുടെ സ്ഥാനത്ത് അവയ്ക്കെതിരായുള്ള നന്മപ്രവൃത്തികൾ കൊണ്ടു നാം നിറയ്ക്കണമെന്നാണ് ഈ ഉപമയിൽനിന്നും നാം പഠിക്കുന്നത്. ഒരു ഭൂതത്താൽ നമുക്കനുഭവപ്പെട്ട (പുറത്താക്കുന്നതുകൊണ്ടുണ്ടായ) ആത്മിക ശൂന്യത അകറ്റി ആത്മാവിനാൽ നാം നിറക്കുന്നില്ലെങ്കിൽ ആ ഭൂതം വീണ്ടും തിരിച്ചു വരും, അനേക ദുരാത്മാക്കളുമായി. പിശാച് ഇരുന്ന ഇടത്തു ദൈവത്തിന്റെ ആത്മാവു വന്നു വാസം ചെയ്യുന്നില്ലെങ്കിൽ പിശാചു കൂടുതൽ ശക്തിയോടു വന്ന് ആ ഹൃദയത്തെ കൈവശമാക്കും. ആദ്യമായി പാപം ചെയ്യുന്നതിനെക്കാൾ പരിതാപകരമായ അവസ്ഥയാണ് അതേ പാപത്തിലേക്കു തിരിച്ച് വരുന്നത്.

## യേശുവിന്റെ കുടുംബക്കാർ അവനെ അന്വേഷിക്കുന്നു

“അവൻ പുരുഷാരത്തോടു സംസാരിച്ചുകൊണ്ടിരിക്കയിൽ അവന്റെ അമ്മയും സഹോദരന്മാരും അവനോടു സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തുനിന്നു. ഒരുത്തൻ അവനോടു: നിന്റെ അമ്മയും സഹോദരന്മാരും നിന്നോടു സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തു നിൽക്കുന്നു എന്നു പറഞ്ഞു. അതു പറഞ്ഞവനോടു അവൻ: എന്റെ അമ്മ ആർ എന്റെ സഹോദരന്മാർ ആർ എന്നു ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈ നീട്ടി: ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു” (മത്തായി 12:46-50).

യേശുവിന്റെ ബന്ധുക്കൾക്ക് അവന്റെ ശിഷ്യന്മാരെപ്പറ്റിയും അവനെ തിക്കി നടന്ന പുരുഷാരത്തെപ്പറ്റിയും അറിയാമായിരുന്നു. ആ തിക്കും തിരക്കും കാരണം

യേശുവിനു ഭക്ഷണം കഴിപ്പാൻ പോലും സമയം ലഭിച്ചിരുന്നില്ല. അവന്റെ ചാർച്ചക്കാർ അവനു ബുദ്ധിഭ്രമം ഉണ്ടെന്നുപറഞ്ഞ് അവനെ പിടിക്കാൻ ചെന്നു (മർക്കൊസ് 3:21). മതപരമായി തീഷ്ണതയുള്ള ഒരാൾക്കു ബുദ്ധിഭ്രമമില്ല, പ്രത്യുത സമർപ്പണമില്ലാത്ത മതഭക്തിക്കാർക്കാണ് ഇതെന്നും അവർ അറിയണമായിരുന്നു.

ക്രിസ്തുവിന്റെ അമ്മയും സഹോദരങ്ങളും അവനെ കൂട്ടിക്കൊണ്ടുപോകുവാൻ വന്നപ്പോൾ അവനുണ്ടായ ദുഃഖം എത്രമാത്രമെന്നു അളക്കാൻ നമുക്കു സാധ്യമല്ല. അവർക്ക് അവന്റെ അടുത്തു വരാൻ സാധിച്ചില്ല; ജനക്കൂട്ടത്തിന്റെ തിക്കുമൂലം സാധിച്ചില്ല. മനുഷ്യർ പണസമ്പാദനത്തിനായി യത്നിക്കുന്നവനെയും, ശത്രുക്കളോടു യുദ്ധം ചെയ്യുന്നവനെയും, കഠിനമായി പഠിക്കുന്നവനേയും ബഹുമാനിച്ച് യഥാർത്ഥ ദൈവഭക്തിയെ ഭ്രാന്തായി കരുതുന്നത് കഷ്ടമല്ലേ? ക്രിസ്തുവിന്റെ കുടുംബക്കാർക്ക് അവന്റെ അടുക്കൽ വരാൻ കഴിയാഞ്ഞതിനാൽ അവർ ആരെയോ അവന്റെ അടുക്കൽ പറഞ്ഞയച്ച് അവന്റെ അമ്മയും സഹോദരന്മാരും അവനെ കാണാനായി പുറഞ്ഞു നിൽക്കുന്നെന്ന് അറിയിച്ചു. അവൻ സൗഖ്യമാക്കുന്നതിനുവേണ്ടി അവരോടൊന്നിച്ചു വരുവാൻ അവർ ആഗ്രഹിച്ചു. അവൻ മാനസ്സികാരോഗിയാണെന്നും ചികിത്സ ആവശ്യമുണ്ടെന്നും പറഞ്ഞ് വേണ്ടി വന്നാൽ അവനെ ബലമായി പിടിച്ച് കൊണ്ട് പോകാനും മടിക്കില്ലായിരുന്നു.

യേശു അവരെ - അവന്റെ ബന്ധുക്കളെയും, ശിഷ്യന്മാരെയും, കേൾവിക്കാരെയും - ചില സാരോപദേശങ്ങൾ പഠിപ്പിക്കുവാൻ ആ സമയം ഉപയോഗിച്ചു; അത് അവരിൽ രൂഢമൂലമാകുമല്ലോ എന്നു കരുതി. താൻ ഈ ലോകത്തിൽനിന്നുള്ളവനല്ലെന്നു യേശു അവരെ പഠിപ്പിച്ചു. തന്റെ ഇഹത്തിലെ അമ്മയും സഹോദരന്മാരും മറ്റുള്ളവരിൽനിന്നു തനിക്കു വ്യത്യസ്തരല്ലായിരുന്നു.

തനിക്കു ഭൂമിയിൽ ചാർച്ചക്കാരുമായുള്ള താൽക്കാലിക ബന്ധം അപ്രത്യക്ഷമായി, അതിന്റെ സ്ഥാനത്ത് സ്ഥിര മായ ഒരു ആത്മീയ ബന്ധം ഉടലെടുത്തു. ഈ ബന്ധം ഭൂമിയിലെ ബന്ധങ്ങലെ ആശ്രയിച്ചിരിക്കുന്നില്ല. ആത് ആത്മികമായി അവനോടു ഐക്യപ്പെടുന്ന ആരുമായും ബന്ധിച്ചിരിക്കുന്നു. അവനോടു ചോദിച്ചവർക്കു മറു പടിയായിട്ടാണ് അവൻ ഇതു പറഞ്ഞത്. അവൻ ചോദി ച്ചു, "ആരാണു എന്റെ അമ്മ? ആരാണ് എന്റെ സഹോദര ന്മാർ?" പിന്നെ അവൻ ശിഷ്യന്മാരെ ചൂണ്ടി-പുരുഷന്മാ രെയും സ്ത്രീകളെയും - "ഇതാ എന്റെ അമ്മയും സഹോ ദരങ്ങളും. എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരത്രേ എന്റെ സഹോദരനും, സഹോദരിയും, അമ്മയും."

യേശുവിനു തന്റെ അമ്മ മറിയയോടും മാനുഷിക സഹോദരങ്ങളോടും ഉണ്ടായിരുന്ന സ്നേഹം മറ്റുള്ള സഹജീവികളോടുള്ളതിനെക്കാൾ നിർമ്മലവും ശക്തിമ ത്തുമായിരുന്നു. മറ്റെല്ലാക്കാര്യത്തിലുമെന്നപോലെ ഈ കാര്യത്തിലും യേശു പരിപൂർണ്ണനായിരുന്നു. തന്നെ ഭൂമി യിലേക്കയച്ച പിതാവിനോടുള്ള സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടിസ്ഥാനത്തിലായിരുന്നു തന്റെ ചാർച്ചക്കാരോടുണ്ടായിരുന്ന സ്നേഹവും കടപ്പാടും. തന്റെ സ്വർഗ്ഗീയപിതാവിന്റെ മക്കളാകുന്ന യഥാർത്ഥ കുടും ബത്തെ ബന്ധിക്കുന്ന "ആത്മീക ബന്ധ" മാണതിനെ ഭരി ച്ചിരുന്നത്. യേശുവിന്റെ മറുപടിയിൽനിന്ന് ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണ് അവനേറ്റവും പ്രിയരും അവനോ ടേറ്റവും അടുത്തിരിക്കുന്നവരുമെന്നു നാം പഠിക്കുന്നു.

ശത്രുക്കളുടെ കൈയാൽ കഠിന പീഡകൾ ഭാവി യിൽ അനുഭവിക്കാൻ പോകുന്ന അവന്റെ സന്ദേശവാഹ കർക്ക് ഈ വാക്കുകൾ എത്ര ആശ്വാസപ്രദമാണ്. അവർക്കു നന്മ ചെയ്തവർക്കെല്ലാം യേശു പ്രതിഫലം നൽകി തിന്മ ചെയ്തവർക്കെല്ലാം ശിക്ഷയും കൊടുക്കു ന്നു. അവർക്ക് നന്മ ചെയ്യാൻ അവഗണിച്ചവർക്കുംകൂടെ.

സെഖര്യാവ് വിവരിച്ചത് അവരുടെ അനുഭവമായിരുന്നു. ''നിങ്ങളെ തൊടുന്നവർ അവന്റെ കൺമണിയെ തൊടുന്നു" എന്ന് (സെഖര്യാവ് 2:8)

സ്വാഭാവികമായി ബന്ധുക്കളോടുണ്ടാകുന്ന മാനുഷിക സ്നേഹം ഒരിക്കലും തന്നെ ഭരിക്കുവാൻ യേശു അനുവദിച്ചില്ല. ഇപ്രാരമുള്ള സ്നേഹം ആത്മീകമായുള്ള ഒരു ഹ്രസ്വകാഴ്ചപ്പാടുണ്ടാക്കുന്നു. അനന്തരം യേശു ആ ഭവനം വിട്ടു കടൽ തീരത്തേക്കു പോയി സ്വർഗ്ഗരാജ്യം എങ്ങനെയുള്ളതെന്ന് അനേകം ദൃഷ്ടാന്തങ്ങളും ഉപമകളും കൊണ്ടു തെളിയിച്ചു.

* * *

# IV

# യേശു ഉപമകളിലൂടെ പഠിപ്പിക്കുന്നു

യേശു മിക്കപ്പോഴും ഉപമകളിൽക്കൂടിയാണു പഠിപ്പിച്ചത്. എന്നാൽ അവകളൊന്നും നിഗൂഢതയോ, നർമ്മരസങ്ങളോ ആയിരുന്നില്ല. എന്തുകൊണ്ടെന്നാൽ തന്റെ ശ്രോതാക്കൾക്കു സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ വെളിപ്പെടുത്തുന്നവയായിരുന്നു അതെല്ലാം.

## വിത്ത് വിതയ്ക്കുന്നവന്റെ ഉപമ

"അവൻ അവരോടു പലതും ഉപമകളായി പ്രസ്താവിച്ചതെന്തെന്നാൽ: വിതയ്ക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു; പറവകൾ വന്നു അതു തിന്നു കളഞ്ഞു. ചിലതു പാറസ്ഥലത്തു ഏറെ മണ്ണില്ലാത്ത ഇടത്തു വീണു; മണ്ണിന്നു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചുവന്നു. സൂര്യൻ ഉദി

ച്ചാറെ ചൂടുതട്ടി, വേർ ഇല്ലായ്കയാൽ അതു ഉണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിനടിയിൽ വീണു; മുള്ളു മുളച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ" (മത്തായി 13: 3-9).

ഈ ഉപമയിൽ യേശു തന്റെ ശ്രോതാക്കളെ നാലു വകുപ്പുകളായി തിരിച്ചിരിക്കുന്നു. ആദ്യത്തെ വകുപ്പിലുള്ളവർ ചെവികൊണ്ടു വചനം കേൾക്കുന്നു. എന്നാൽ അവർക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ അവർ മറ്റു കാര്യങ്ങളിൽ വ്യാപൃതരായിരിക്കാം; അല്ലെങ്കിൽ മുൻ പാപങ്ങളാൽ അവരുടെ ഹൃദയം കഠിനപ്പെട്ടിരിക്കാം. ഈ ആളുകൾ വചനം കേൾക്കാത്തവർക്ക് തുല്യരാണ്. അതിന്റെ നിഷ്ഫലത ഉടനെ വെളിപ്പെട്ടു വരുന്നു. ഈ ആത്മികാഹാരം അവർക്കു രുചിക്കുന്നില്ല. ക്രിസ്തു ഈ കൂട്ടരെ വഴിയരികെ വീണ വിത്തിനോട് ഉപമിച്ചിരിക്കുന്നു. അത് മനുഷ്യരാൽ ചവിട്ടി മെതിക്കുകയും പക്ഷികൾ കൊത്തികൊണ്ട് പോകുകയും ചെയ്യുന്നു. അവർ ഫലം പുറപ്പെടുവിക്കുന്നില്ല.

രണ്ടാമത്തെ കൂട്ടർ വചനം സന്തോഷത്തോടെ കൈക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യുന്നു. അവരുടെ സന്തോഷം താത്ക്കാലികവും ഉപരിപ്ളവുമാണ്. എന്നിരുന്നാലും അതിനെ എന്തു വിലകൊടുക്കേണ്ടി വരുമെന്ന് അവർ ചിന്തിക്കുന്നില്ല. ആന്തരികവും ബാഹ്യവുമായ എതിർപ്പുകളെ അഭിമുഖീകരിക്കുന്നതിന് അവർ തയ്യാറാകുന്നില്ല; ദൈവവചനത്തെ സ്നേഹിക്കുന്നവനെല്ലാം ഈ എതിർപ്പുകളുണ്ടാകുമല്ലോ! അതിനാൽ പ്രയാസങ്ങൾ വരുമ്പോൾ അവർ സന്തോഷിച്ചതും ഏറ്റുപറഞ്ഞതുമായ കാര്യങ്ങളിൽ നിന്നും പിന്മാറിപ്പോകുന്നു. ഈ കൂട്ടരെ യേശു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണ വിത്തുകളോടുപമിച്ചിരിക്കുന്നു. അവ എളുപ്പം മുളച്ചു വരുന്നെങ്കിലും പെട്ടെന്നുണങ്ങിപ്പോവുകയും ഫലം

കൊടുക്കാതിരിക്കയും ചെയ്യുന്നു; മണ്ണിന് ആഴമില്ലാത്തതിനാൽ സൂര്യന്റെ ചൂടുതട്ടുമ്പോൾ വാടുന്നു.

മൂന്നാമത്തെ കൂട്ടർ വചനം മനസ്സിലാക്കുകയും സന്തോഷത്തോടുകൂടി അംഗീകരിക്കുകയും ചെയ്യുന്നു. എതിർപ്പുകളുടെ മദ്ധ്യത്തിൽ അവർ കുലുങ്ങാതെ ഉറച്ചു നിൽക്കുന്നു. എന്തു നഷ്ടം വന്നാലും അവർ പീഡനങ്ങളെ അതിജീവിക്കുന്നു. എന്നാൽ ഈ ഉറപ്പ് അവരുടെ സ്വാഭാവിക മത്സര ബുദ്ധിയിൽനിന്നുണ്ടായതാകയാൽ അവർ തങ്ങളെത്തന്നെ മതത്തിന്റെ രക്തസാക്ഷികളായി കരുതുന്നു. അവരും ദൈവത്തെ മഹത്വപ്പെടുത്താത്തതിനാൽ ഫലം പുറപ്പെടുവിക്കുന്നില്ല, മനുഷ്യരാശിക്കു ഒരു പ്രയോജനവും ചെയ്യുന്നില്ല. അവർ ലോക കാര്യങ്ങളിൽ മുഴുകിയിരിക്കുന്നു. അവർ ദരിദ്രരാണെങ്കിൽ അവരുടെ ശാരീരികാവശ്യങ്ങൾക്കുവേണ്ടി ഓടി നടക്കുന്നു. അവർ ധനികരാണെങ്കിൽ, അവരുടെ ധനവും മറ്റു പ്രവർത്തനങ്ങളും അവരെ പിൻതിരിപ്പിക്കുന്നു. ഈ കൂട്ടരെ യേശു നല്ല വണ്ണം വളരുന്ന വിത്തുകളുമായി ഉപമിച്ചിരിക്കുന്നു. മറ്റുള്ളവർ അവരിൽ ഫലങ്ങൾ ദർശിച്ചിരിക്കാം. എന്നാൽ കൊയ്ത്ത് സമയത്ത് മാത്രമേ അവരുടെ ഫലശൂന്യത മനസ്സിലാകയുള്ളൂ. ജീവിതഭാരമാകുന്ന മുള്ളുകൾ അവരെ ഞെരുക്കിയതിനാലാണ് അവർ ഫലം പുറപ്പെടുവിക്കാതിരുന്നത്.

നാലാമത്തെക്കൂട്ടർ, മുകളിൽ പറഞ്ഞ കുറവുകളിൽ നിന്നു വിമുക്തരാണ്. അവർ ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നു. ലോകത്തിന്റെ കാര്യങ്ങൾ അവരെ ശല്യപ്പെടുത്തുന്നില്ല, അവർ ധനികരായാലും ദരിദ്രരായാലും. അതിനാൽ പീഡനങ്ങൾ അവർക്ക് ഏതുമല്ല. സഹിഷ്ണുത വളർത്താനുള്ള അവസരങ്ങളായി പീഢനങ്ങൾ തീരുന്നു (റോമർ 5:3). അവർ കേൾക്കുന്നതു ശരിക്കു മനസ്സിലാക്കുന്നു. മറ്റുള്ളവരുടെ നന്മയ്ക്കും ദൈവ മഹത്വത്തിനുമായി അവർ ഫലം പുറപ്പെടുവിക്കു

ന്നു. എന്നാൽ അവർക്ക് ലഭിച്ച വരങ്ങൾക്കും, അവസര ങ്ങൾക്കും, സാഹചര്യങ്ങൾക്കും അനുസരിച്ചു ഫലങ്ങൾ വ്യത്യസ്ഥതപ്പെട്ടതായിരിക്കും. യേശു ഈ കൂട്ടരെ നല്ല നിലത്ത് വീണ വിത്തുകളോടുപമിച്ചിരിക്കുന്നു. അവർ മുപ്പതും അറുപതും നൂറും മേനിയായി വിളയുന്നു.

അവൻ വ്യാഖ്യാനിക്കാത്ത മറ്റുപമകൾ മനസ്സിലാ ക്കുന്നതിനു യേശു പറഞ്ഞ ഈ ഉപമയുടെ വ്യാഖ്യാനം സഹായിക്കുന്നു. ഈ ഉപമ അവൻ പ്രസ്താവിച്ചപ്പോൾ അവൻ ശ്രോതാക്കളെ ജാഗരൂകരാക്കുകയായിരുന്നു. അവൻ ഇങ്ങനെ പറഞ്ഞു, "നോക്കൂ - കേൾപ്പാൻ ചെവി യുള്ളവൻ കേൾക്കട്ടെ."

## വയലിലെ കളകളുടെ ഉപമ

''അവൻ മറ്റൊരു ഉപമ അവർക്കു പറഞ്ഞു കൊടുത്തു: സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു നല്ല വിത്തുവിതെച്ചതിനോടു സാദൃശ്യമാകുന്നു. മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു; ഗോതമ്പിന്റെ ഇട യിൽ കള വിതച്ചു പൊയ്ക്കളഞ്ഞു. ഞാറു വളർന്നു കതി രായപ്പോൾ കളയും കാണായ് വന്നു. അപ്പോൾ വീട്ടുടയ വന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്നു യജമാനനേ, വയലിൽ നല്ല വിത്തല്ലയോ വിതച്ചതു? പിന്നെ കളകളെ വിടെനിന്നു വന്നു എന്നു ചോദിച്ചു. ഇതു ശത്രു ചെയ്ത താകുന്നു എന്നു അവൻ അവരോടു പറഞ്ഞു. ഞങ്ങൾ പോയി അതു പറിച്ചു കൂട്ടുവാൻ സമ്മതമുണ്ടോ എന്നു ദാസന്മാർ അവനോടു ചോദിച്ചു. അതിന്നു അവൻ: ഇല്ല, പക്ഷേ, കള പറിക്കുമ്പോൾ ഗോതമ്പും കൂടെ പിഴുതു പോകും. രണ്ടും കൂടെ കൊയ്ത്തോളം വളരട്ടെ; കൊയ് ത്തു കാലത്തു ഞാൻ കൊയ്യുന്നവരോടു മുമ്പേ കളപറി ച്ചു കൂട്ടി ചുട്ടു കളയേണ്ടതിന്നു കെട്ടുകളായി കെട്ടുവാനും ഗോതമ്പു എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാനും കൽപ്പിക്കും എന്നു പറഞ്ഞു" (മത്തായി 13:24-30).

ശത്രു ആയ സാത്താൻ ക്രിസ്തുവിന്റെ ബാഹ്യ സാമ്രാജ്യമായ സഭയിലേക്കു ദൈവമക്കളല്ലാത്തവരെ തള്ളികയറ്റുന്നു എന്ന വസ്തുതയെ ആധാരമാക്കിയാണ് ഈ രണ്ടാമത്തെ ഉപമ.

ഇത് ആദ്യം തിരിച്ചറിയാൻ സാധ്യമല്ല. സത്യം ക്രമേണ പുറത്തുവരാൻ തുടങ്ങുമ്പോൾ ദൈവമക്കൾ അവരെ വേർതിരിച്ചു സഭാ കൂട്ടായ്മയിൽനിന്നു മാറ്റി നിറുത്തുവാൻ ആഗ്രഹിക്കും. ഈ മാറ്റിനിറുത്തൽ അപകടകരമാണ്, കാരണം സഭാനേതാക്കന്മാർക്കു മനുഷ്യരുടെ ഹൃദയത്തിന്റെ അവസ്ഥയെ അറിയുവാൻ കഴിയുകയില്ല. അവർ മാനസാന്തരപ്പെട്ട ഒരു ശിഷ്യനെ മാറ്റി നിറുത്തുവാനും ക്രിസ്തീയ ഗുണവിശേഷങ്ങൾ യഥാർത്ഥത്തിൽ ഇല്ലാത്തവനും സൂത്രശാലിയുമായ ഒരു ചതിയനെ എടുക്കുവാനും സാധ്യതയുണ്ട്. തന്റെ ജനത്തിന്റെ നേതാക്കന്മാരോട് ബലഹീനനും, വീണുപോയവനുമായ ഒരു വിശ്വാസിയെ മാറ്റി നിറുത്തുന്നതിനുമുമ്പായി സകല ശ്രദ്ധയും പരിശോധനയും എടുക്കണമെന്നാവശ്യപ്പെടുന്നു. അവർ അന്യായമായി വിധിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാൻ പാടില്ല.

ഈ ഉപമയിൽ യേശു തന്നെ തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരുവനോടുപമിച്ചിരിക്കുന്നു. അതേ വയലിൽ കള വിതച്ചവനായി സാത്താനെ ഉപമിച്ചിരിക്കുന്നു. യേശു തന്റെ ദൂതന്മാരെ കൊയ്ത്തുകാരോടുപമിച്ചു. യേശു ഉപമ അവസാനിപ്പിച്ച് ഇപ്രകാരം പറഞ്ഞു, "മനുഷ്യപുത്രൻ തന്റെ ദൂതന്മാരോടു, തിന്മ പ്രവർത്തിക്കുന്നവരേയും പാപത്തിനു കാരണക്കാരായവരേയും കളയെ വെട്ടിമാറ്റുന്നതു പോലെ തന്റെ രാജ്യത്തുനിന്നും നീക്കം ചെയ്യാൻ കല്പിക്കും. കരച്ചിലും പല്ലുകടിയുമുള്ള തീപ്പൊയ്കയിലേക്കു അവരെ തള്ളിയിടും. അവരുടെ പിതാവിന്റെ രാജ്യത്തിൽ നീതിമാന്മാർ സൂര്യനെപ്പോലെ അപ്പോൾ പ്രകാശിക്കും."

## വിത്തുകളുടെ രഹസ്യവളർച്ചയുടെ ഉപമ

"പിന്നെ അവൻ പറഞ്ഞതു: ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞ ശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തുമുളച്ചു വളരുന്നതുപോലെ ആകുന്നു. ഭൂമി സ്വയമായി മുമ്പേ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ടു അവൻ ഉടനെ അരിവാൾ വെക്കുന്നു" (മർക്കൊസ് 4:26-29).

ഈ മൂന്നാമത്തെ ഉപമ യാതൊരു വ്യാഖ്യാന വുമില്ലാതെ ആണ് യേശു പ്രസ്താവിച്ചത്. ഭൂമിയിലെ തന്റെ ആത്മികസാമ്രാജ്യത്തിന്റെ വളർച്ച സ്വാഭാവിക മായും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണെന്ന് അവൻ വിവരിച്ചു പറഞ്ഞു. അതു പെട്ടെന്നല്ല, കാലക്രമേണയാണ് വരുന്നത്. അതിന് ഒരു നിഗൂഢമായ ആരംഭമുണ്ട്. ഒരു മനുഷ്യനും അത് മനസ്സിലാക്കുവാനോ, വിവരിക്കാനോ സാധ്യമല്ല.

## കടുകുമണിയുടെ ഉപമ

"മറ്റൊരു ഉപമ അവൻ അവർക്കു പറഞ്ഞു കൊടുത്തു: സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശ്യം; അതു ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. അതു എല്ലാ വിധത്തിലും ചെറിയതെങ്കിലും വളർന്നു സസ്യ ങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായിത്തീരുന്നു (മത്തായി 13:31,32).

യേശു ഈ ഉപമ പറഞ്ഞപ്പോൾ ശീതകാലത്തിന്റെ ആരംഭമായിരുന്നു; ചുറ്റുപാടും കൃഷിപ്പണികൾ കാണാമാ

യിരുന്നു. ക്രിസ്തു കൃഷിയോടനുബന്ധിച്ച് അത്ഭുതകരമായ ഒരുപമ തന്റെ ശ്രോതാക്കളോടു പറഞ്ഞതു തന്റെ രാജ്യം ഈ ലോകത്തിൽ ചെറിയതായിട്ടാണു ആരംഭിക്കുന്നതെന്നു കാണിക്കാനാണ്. എങ്കിലും അവസാനം അത് വളരെ വലുതായിരിക്കും. ബാഹ്യവളർച്ചയിൽ അതു വളരെ വളർന്നു ജനങ്ങളെ സേവിക്കുവാൻ കഴിവുള്ളതായിത്തീരുന്നു. യേശു തന്റെ രാജ്യത്തെ ഒരു കടുകുമണിയോടു സാദൃശ്യപ്പെടുത്തി. അത് എല്ലാ വിത്തുകളിലും ചെറുതെങ്കിലും വളർന്ന് ഒരു മരമായിത്തീരുന്നു; പക്ഷികൾ കൂടുകൾ അതിൽ പണിയുന്നു. യേശുക്രിസ്തു കൊണ്ടുവന്ന ദൈവരാജ്യത്തിന്റെ (പുതിയ രാജ്യത്തിന്റെ) ഏറ്റവും നല്ല ഉദാഹരണമാണ്, (നാമിഷ്ടപ്പെടാത്ത) തീക്ഷ്ണവും രൂക്ഷവുമായ ഗുണ ഗണങ്ങളുള്ളതെങ്കിലും ഔഷധ മൂല്യമുള്ള കടുകുമണി ചതച്ചാൽ അതിനു സൗഖ്യമാക്കുന്ന ഗുണവിശേഷമുണ്ട്. രക്ഷിതാവിന്റെ കാര്യത്തിലും ഇതുപോലെ ആണ്. കുരിശിലുള്ള തന്റെ രക്ഷണ്യപ്രവൃത്തി താൻ തകർക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്.

## മാവ് പുളിച്ചു വീർക്കുന്നതിന്റെ ഉപമ

“അവൻ മറ്റൊരു ഉപമ അവരോടു പറഞ്ഞു: സ്വർഗ്ഗരാജ്യം പുളിച്ച മാവിനോടു സദൃശം; അതു ഒരു സ്ത്രീ എടുത്തു മൂന്നുപറ മാവിൽ എല്ലാം പുളിച്ചു വരുവോളം അടക്കിവെച്ചു.” (മത്തായി 13:33).

ഇത് യേശു പറഞ്ഞ അഞ്ചാമത്തെ ഉപമയാണ്. ജീവനുള്ള വസ്തുക്കളെപ്പോലെ സ്വർഗ്ഗരാജ്യത്തിന്റെ വളർച്ച ബാഹ്യമല്ല ആന്തരീകമാണെന്നു അവൻ വിവരിച്ചു. ക്രിസ്തീയ സഭയുടെ വിജയം ബാഹ്യമായ കാരണങ്ങളേയല്ല ആന്തരികമായതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. അങ്ങനെ രാഷ്ട്രീയ ശക്തിയോ, ഭൗതികധനമോ,

ക്രിസ്തുവിന്റെ സഭയുടെ അഭിവൃദ്ധിക്കു കാരണമല്ലെന്നു തന്നെ പറയാം. മിക്കപ്പോഴും ആവക കാര്യങ്ങൾ സഭയുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നു. എന്നാൽ പുറമേയുള്ള ധാടിമോടികളും ബാഹ്യദൃശ്യങ്ങളും ക്രിസ്തുവിന്റെ സഭയെന്നു വ്യാജമായി പറയുന്ന കൂട്ടങ്ങളെ ഊട്ടി വളർത്തിയേക്കാമെങ്കിലും, യഥാർത്ഥ സഭയുടെ വളർച്ച പരിശുദ്ധാത്മാവ് വസിക്കുന്ന അതിലെ ആളുകളുടെ ശക്തിയാലാണ്.

യഥാർത്ഥ മതം സ്വാഭാവികമായി ഒരു വിശ്വാസിയുടെ എല്ലാ മേഖലകളിലും കടന്നുചെല്ലുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്നു യേശു പറഞ്ഞു. ഹൃദയംഗമമായ വിശ്വാസം അവന്റെ ജീവിതത്തേയും, ശരീരത്തേയും, മനസ്സിനേയും, ആത്മാവിനേയും സ്വാധിനിക്കുന്നു. ഒരു സ്ത്രീ അല്പം എടുത്തു ധാരാളം മാവു പുളിപ്പിച്ച കഥയിൽ കൂടി ഈ സത്യം യേശു തെളിയിക്കുകയായിരുന്നു. തന്റെ രാജ്യത്തിൽ തനിക്കുള്ള സ്വാധീനത പുളിച്ച മാവിനോടു സാദൃശ്യപ്പെടുത്തിയത് വളരെ അനുയോജ്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അത് അദൃശ്യമാണെങ്കിലും എപ്പോഴും വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. പുളിച്ചമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നതുപോലെ, അവസാനം രണ്ടും ഒന്നാകുന്നതുപോലെ യേശുവും മനുഷ്യരാശിയോടു ഏകീഭവിച്ചു. മനുഷ്യനെ രക്ഷിക്കുവാൻ അവൻ മനുഷ്യനായി. അത്മാക്കളെ രക്ഷിക്കുന്നതിനായി അവൻ മനുഷ്യരാശിയിൽ പ്രവർത്തിക്കുന്നു. അതുപോലെ മറ്റുള്ളവരെ രക്ഷിക്കുവാൻ നാമും കഷ്ടപ്പെടുന്നു. മനുഷ്യന്റെ ആവശ്യങ്ങളുമായി ഇണങ്ങിച്ചേരണം. മനുഷ്യരാശിയുടെ രക്ഷ ദൈവദൂതന്മാരെകൊണ്ടല്ല മനുഷ്യരേ കൊണ്ടാണ് സാധിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ ഈ ഉപമകളിൽ ചിലതാണ് നമ്മുടെ നന്മയ്ക്കുവേണ്ടി സംരക്ഷിക്കപ്പെട്ടിരിക്കുന്നത്.

മർക്കൊാസ് എഴുതിയ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''അവൻ ഇങ്ങനെ പല ഉപമകളാൽ അവർക്കു കേൾപ്പാൻ കഴിയുംപോലെ അവരോടു വചനം പറഞ്ഞുപോന്നു. ഉപമകൂടാതെ അവരോടു ഒന്നും പറഞ്ഞില്ല" (മർക്കൊാസ് 4:33–34). അവൻ ഇത് ചെയ്തത് – "ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; പുരാതന കടങ്കഥകളെ ഞാൻ പറയും'' (സങ്കീർത്തനങ്ങൾ 78:2) എന്ന് സങ്കീർത്തനക്കാരൻ പ്രവചിച്ചത് നിവൃത്തിയാകേണ്ടതിനാണ്.

## യേശു എന്തിനാണ് ഉപമകളിൽക്കൂടെ പഠിപ്പിച്ചത്?

തടാകത്തിന്റെ കരയ്ക്കുവച്ച് ജനക്കൂട്ടത്തോട് സംസാരിച്ചതിന് ശേഷം യേശു തന്റെ ശിഷ്യന്മാരുമായി ഭാവനത്തിലേക്കുപോയി. വ്യാഖ്യാനങ്ങൾ ആവശ്യമുള്ള ഉപമകളാൽ യേശു എന്തിനാണ് ഉപദേശിച്ചതെന്ന് ശിഷ്യന്മാർ ചോദിച്ചു. തങ്ങൾക്കു ലഭിച്ച സത്യത്തെ നിരസിച്ചവർക്കെതിരെ സത്യം മറഞ്ഞിരിക്കേണ്ടതിനാണു താൻ ഉപമകളാൽ സംസാരിച്ചതെന്നു യേശു പറഞ്ഞു. അവർക്കു ഇനി ഒട്ടും വെളിച്ചം കിട്ടുന്നതിനു അർഹതയില്ല. പിന്നെ ശിഷ്യന്മാർ വിത്തുവിതയ്ക്കുന്നവന്റെ ഉപമ വ്യാഖ്യാനിച്ചു കൊടുക്കുവാൻ യേശുവിനോടു ആവശ്യപ്പെട്ടു. അവൻ അവരെ ശാസിച്ചു പറഞ്ഞത് "നിങ്ങൾക്ക് ഈ ഉപമ മനസിലാകുന്നില്ലയോ? പിന്നെ നിങ്ങൾക്കു മറ്റെല്ലാ ഉപമകളും എങ്ങനെ മനസ്സിലാകും? (മർക്കൊാസ് 4:13). ഏറിയ പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നതും കാണാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല; നിങ്ങൾ കേൾക്കുന്നത് കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 13:17).

ശിഷ്യന്മാരുടെ ഗ്രഹണശേഷി കുറവായിരുന്നെങ്കിലും യേശു സഹന ശക്തിയുള്ളവനായതുകൊണ്ട് അവൻ അവർക്ക് ഈ ഉപമകൾ വ്യാഖ്യാനിച്ചു കൊടുത്തു. ഈ വ്യാഖ്യാനം അവർക്കു മറ്റു ഉപമകൾ മനസ്സിലാക്കാൻ സഹായിച്ചു. യേശു പറഞ്ഞ മറ്റുപമകളിൽ നിന്നും ദൈവരാജ്യം ഒരു വിജയമായിരിക്കുകയില്ല എന്നു നമ്മൾ ചിന്തിച്ചേക്കാം. എന്നാൽ കടുകുമണിയുടെയും പുളിച്ച മാവിന്റെയും ഉപമകളിൽനിന്നു ദൈവരാജ്യം ഒരു വിജയമാണെന്നുള്ള ഉറപ്പു നമുക്കു ലഭിക്കുന്നു; അതു വളരെ ചെറുതായി ആരംഭിച്ചാൽ തന്നെയും.

## ഒളിച്ചുവെക്കപ്പെട്ട നിധിയുടെ ഉപമ

"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടുമറെച്ചിട്ടു; തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി" (മത്തായി 13:44)

ഭവനത്തിൽ യേശു ശിഷ്യന്മാരെ മൂന്നുപമകളും കൂടെ പഠിപ്പിച്ചു. ഈ ലോകത്തിലുള്ള ഏതിനെക്കാളും വിലയുള്ളതാണ് തന്റെ രാജ്യമെന്ന് അവരെ കാണിക്കാൻ അവൻ ആഗ്രഹിച്ചു. അതിനുവേണ്ടി ഒരുവൻ എല്ലാം ത്യജിക്കുന്നുവെങ്കിൽ അവൻ ബുദ്ധിമാനാണ്. ചിലർ മറ്റുചില കാര്യങ്ങൾ ചെയ്യുമ്പോൾ യഥാർത്ഥ നിധിയെ അവർ തേടാതിരിക്കുമ്പോൾത്തന്നെ യാദൃച്ഛികമായി കണ്ടുമുട്ടുന്നു എന്നു കൂടി യേശു അവരെ കാണിക്കാൻ ആഗ്രഹിച്ചു. ഇതാണ് തർസോസുകാരനായ ശൗലിനു ഡമാസ്ക്കസിലേക്കുള്ള യാത്രാമദ്ധ്യേ സംഭവിച്ചത് (അപ്പോ. പ്ര. 9:1-22). വേറൊരാളുടെ വയലിൽ മറഞ്ഞിരുന്ന നിധി കണ്ടു കിട്ടിയവനെപ്പോലെയായിരുന്നു അവൻ. അവൻ പോയി തനിക്കുള്ളതൊക്കെയും വിറ്റു നിധി നേടുന്നതിന് ആ നിലം വാങ്ങി.

## വിലയേറിയ മുത്തിന്റെ ഉപമ

''പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയപ്പോൾ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി" (മത്തായി 13:45-46).

നാം നേരത്തെ വായിച്ച യാദൃച്ഛികമായുള്ള നിധി കണ്ടെത്താൻ എപ്പോഴും സാധ്യമല്ല; എന്നാൽ അതിനുവേണ്ടിയുള്ള ആത്മാർത്ഥമായ അന്വേഷണം എപ്പോഴും സാധ്യമാണ്. ഇവിടെ ഒരു മനുഷ്യൻ ഭൂമിയിലുള്ള എല്ലാ മതങ്ങളിലും അന്വേഷിച്ച് ഒടുവിൽ ക്രിസ്തുവിന്റെ ആത്മിക സാമ്രാജ്യത്തിലേക്കു വരുന്നു. അവൻ ബാക്കിയുള്ളതെല്ലാം മറന്ന് അവനു പ്രിയമായതും തനിക്കുള്ളതുമായതൊക്കെയും ചെലവാക്കി ഈ നിധി വാങ്ങുന്നു. ഈ ഉപമ തെളിയിക്കുനനതിനായി ക്രിസ്തു ഒരു മനുഷ്യൻ വിലയേറിയ ഒരു മുത്ത് അന്വേഷിക്കുന്ന തിനെപ്പറ്റി പറയുന്നു. അവൻ വലിയതും വിലയേറിയതുമായ ആ മുത്തു കണ്ടിട്ട് അവനുള്ളതെല്ലാം വിറ്റിട്ട് അത് വാങ്ങി.

## വലയുടെ ഉപമ

"പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടന്നതും എല്ലാ വക മീനും പിടിക്കുന്നതുമായോരു വലയോടു സദൃശം. നിറഞ്ഞപ്പോൾ അവർ അതു വലിച്ചുകരെക്കു കയറ്റി, ഇരുന്നുകൊണ്ടു നല്ലതു പാത്രങ്ങളിൽ കൂട്ടിവച്ചു. ചീത്ത എറിഞ്ഞുകളഞ്ഞു. അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്തായി 13:47-50).


ഉപമകളുടെ പ്രസ്താവന പരമ്പര അന്നു യേശു അവസാനിപ്പിച്ചത് ലോകാവസാനത്തിൽ ദൈവിക ന്യായാധിപന്റെ ദൂതന്മാർ ദുഷ്ടന്മാരെ നീതിമാന്മാരിൽ നിന്നും വേർതിരിക്കും എന്നുപറഞ്ഞുകൊണ്ടാണ്. ദുഷ്ടന്മാർ കരച്ചിലും പല്ലുകടിയും ഉള്ള എരിയുന്ന തീച്ചൂളയിൽ എറിയപ്പെടും. ഇത് പഠിപ്പിക്കുന്നത് ഒരു പാപയോടു ദൈവം എന്നേക്കും കരുണ കാണിക്കും എന്നുള്ളതിൽ ആശ്വസിക്കരുതെന്നും ഇപ്പോൾ തന്നെ ശ്രദ്ധിക്കണമെന്നുമാണ്. എല്ലാവിധ മീനുകളും അകപ്പെടുവാനായി കടലിൽ എറിഞ്ഞ വലയുടെ ഉപമയിൽകൂടി പാപിയെ യേശു ഉണർത്തുകയായിരുന്നു. അത് നിറഞ്ഞപ്പോൾ കരയ്ക്കു വലിച്ചു കയറ്റി മീനിനെ വേർതിരിച്ച് നല്ലത് പാത്രങ്ങളിൽ ശേഖരിക്കുകയും കൊള്ളരുതാത്തവയെ എറിഞ്ഞി കളയുകയും ചെയ്തു.

‘‘ഇതെല്ലാം ഗ്രഹിച്ചുവോ’’ എന്നു യേശു ചോദിച്ചതിന് അവർ ഉവ്വ് എന്നു പറഞ്ഞു. അവൻ അവരോടു: അതുകൊണ്ടു സ്വർഗ്ഗരാജ്യത്തിനു ശിഷ്യനായിത്തീർന്ന ഏതുശാസ്ത്രിയും തന്റെ നിക്ഷേപത്തിൽ നിന്നു പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശ്യനാകുന്നു എന്നു പറഞ്ഞു’’ (മത്തായി 13: 15-52)

യേശു തന്റെ ശിഷ്യന്മാരോടെല്ലാം ‘ഗ്രഹിച്ചുവോ എന്നു ചോദിച്ചു. അവർ ഗ്രഹിച്ചു എന്നു മറുപടി പറഞ്ഞു. ഏതു ശാസ്ത്രിയും (അറിവുള്ളവനും) തന്റെ നിക്ഷേപത്തിൽ നിന്നും ദൈവികരാജ്യകാര്യങ്ങളിൽ പുതിയതും പഴയതും എടുക്കേണ്ടതുണ്ടെന്ന് അവൻ പറഞ്ഞു. പഴയ കാര്യങ്ങൾ തിരുവെഴുത്തുകൾ ആകുന്നു. പുതിയ കാര്യങ്ങൾ പരിഗണനാർഹവും അതതിന്റെ അർത്ഥം ഗ്രഹിക്കുവാൻ ഉപയുക്തമായവയിൽ നിന്നുണ്ടാകുന്ന (തിരുവെഴുത്തിൽനിന്ന്)വയുമാണ്.

കുഞ്ഞുങ്ങളായിരിക്കുമ്പോൾ നമ്മൾ കേട്ടിട്ടുള്ളതു പഴയതാണ്. എന്നാൽ അവയിൽ നിന്നും നാം പഠിക്കുന്ന പാഠങ്ങൾ ഓരോ ദിവസവും നമുക്ക് ആവശ്യമായ പുതിയ കാര്യങ്ങളാണ്. ബൈബിളിലെ എല്ലാ വസ്തുതകളും സത്യവും വില തീരാത്ത പഴയ നിക്ഷേപങ്ങളുമാണ്. അതിൽ നിന്ന് നാം പുതിയവ എടുക്കുന്നു. അത് വിശ്വാസത്തിൽ ക്ഷീണിച്ച ഒരുവനെ ബലപ്പെടുത്തുന്നു; അജ്ഞനു വഴി കാണിച്ചുകൊടുക്കുന്നു; ദുഃഖിതരെ ആശ്വസിപ്പിക്കുന്നു; വഴിതെറ്റിപ്പോകുന്നവർക്ക് നേരായ പാത കാണിച്ചുകൊടുക്കുന്നു.

* * *



# V

# ക്രിസ്തു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു

"അന്നു സന്ധ്യയായപ്പോൾ: നാം അക്കരെക്കു പോക എന്നു അവൻ അവരോടു പറഞ്ഞു. അവർ പുരുഷാരത്തെ വിട്ടു, താൻ പടകിൽ ഇരുന്നപാടെ അവനെ കൊണ്ടു പോയി; മറ്റുചെറുപടവുകളും കൂടെയുണ്ടായിരുന്നു; അപ്പോൾ വലിയ ചുഴലിക്കാറ്റു ഉണ്ടായി; പടകിൽ തിര തള്ളിക്കയറുകകൊണ്ട് അതു മുങ്ങുമാറായി. അവൻ അമരത്തു തലയണവച്ചു ഉറങ്ങുകയായിരുന്നു. അവർ അവനെ ഉണർത്തി: ഗുരോ ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ എന്നു പറഞ്ഞു.

അവൻ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു കടലിനോടു: "അനങ്ങാതിരിക്കുക, അടങ്ങുക" എന്നു പറഞ്ഞു; കാറ്റു അമർന്നു വലിയ ശാന്തത ഉണ്ടായി. പിന്നെ അവൻ അവരോടു: നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ലയോ എന്നു പറഞ്ഞു. അവർ വളരെ ഭയപ്പെട്ടു: കാറ്റുംകടലും കൂടെ ഇവനെ അനുസരിയ്ക്കുന്നുവല്ലോ; ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞു" (മർക്കൊാസ് 4:35–41).

പകൽ അവസാനിച്ചു രാത്രിയാകാറായി. ശിഷ്യന്മാർ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു യേശുവിനേയും കൊണ്ടു തടാകത്തിന്റെ മറുകരയിലേക്കു പടകിൽ യാത്ര ചെയ്തു. മറ്റു പടകുകൾ അവരെ അനുഗമിച്ചു. അവർ ഇരുട്ടിൽ യാത്ര ചെയ്തപ്പോൾ പടകിന്റെ അമരത്ത് ഒരു തലയിണവെച്ചു യേശു ഉറങ്ങുകയായിരുന്നു. തിരുവെഴു

ത്തുകൾ യേശു വിശന്നും, ദാഹിച്ചും, ക്ഷീണിച്ചും, കരഞ്ഞും, സന്തോഷിച്ചും ഇരുന്നിട്ടുണ്ടെന്നു പല ഭാഗങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉറങ്ങി പ്പോയിയെന്ന് ഈ ഭാഗത്തല്ലാതെ മറ്റൊരിടത്തും കാണുന്നില്ല. മനുഷ്യപുത്രൻ എന്ന നിലയിൽ അവൻ ഉറങ്ങി. അവന്റെ യഥാർത്ഥ മനുഷ്യത്വത്തിന് ഇതു തെളിവാണ്. അവന്റെ ദൈവിക സ്വഭാവത്തിനു ദാവീദിന്റെ വാക്കുകൾ ഇപ്പോഴും അന്വർത്ഥമാണ്. "യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീർത്തനങ്ങൾ 121:4). അങ്ങനെ ഈ ഭൗതിക നിദ്രയിലും ആ പടകിലുണ്ടായിരുന്ന തന്റെ സ്നേഹിതരെ, ചുറ്റുപാടുമുള്ള കുന്നുകളിൽനിന്നും വന്ന കാറ്റുകൾ ക്കെതിരായി അവർ തുഴഞ്ഞുകൊണ്ടിരുന്നപ്പോഴും സൂക്ഷിക്കയായിരുന്നു. ശിഷ്യന്മാർ തങ്ങളുടെ ജീവിത ത്തിന്റെ ഭൂരിഭാഗവും ആ തടാകത്തിൽ കഴിച്ചു കൂട്ടിയവ രാണ്, ആഞ്ഞടിച്ച പല കാറ്റുകളേയും ആ വെള്ളത്തിൽ നേരിട്ടിട്ടുള്ളവരാണ്. അതിനാലാണ് അവർ തുഴകളും പായ്കളും കൊണ്ടു കൊടുങ്കാറ്റിനാൽ ഉണ്ടാകാവുന്ന പ്രതിസന്ധിയെ നേരിടാൻ തയ്യാറായത്.

ഓളങ്ങൾ പടകിനെ അടിച്ചു വെള്ളം കയറുവാൻ അധികം സമയം വേണ്ടിവന്നില്ല. അപകടകരമായ അവസ്ഥ ആയി. പണ്ടു നീതിമാനായ നോഹയുടെ കുടും ബത്തെ വഹിച്ചുകൊണ്ട് ഒരു പെട്ടകം ഒരു വലിയ ജലപ്ര ളയത്തെ അതിജീവിച്ചു. യേശുവും തന്റെ ശിഷ്യന്മാരും അടങ്ങുന്ന ഈ ചെറിയകൂട്ടം, ലോകത്തിലെ ഏറ്റവും ചെറിയ ക്രിസ്ത്യാനികളുടെ സമൂഹം ഈ കൊടുങ്കാറ്റിനെ അതിജീവിക്കുമോ? നോഹയും അവന്റെ പുത്രന്മാരായ ശേം, ഹാം, യാഫേത്ത് എന്നിവരെപ്പോലെ ഇവരുടെ സുര ക്ഷിതത്വവും പ്രധാനപ്പെട്ടതല്ലേ?

ഈ കൊടുങ്കാറ്റിൽ ക്രിസ്തുവിന്റെ ഉറക്കത്തെ മുത ലെടുത്തുകൊണ്ട് അവനേയും അവന്റെ ശിഷ്യന്മാരേയും

നശിപ്പിക്കുവാൻ, സാത്താന്യ ശക്തികൾ ശ്രമിക്കുന്നത് നമുക്കു കാണാം. കൊടുങ്കാറ്റിനെ അതിജീവിക്കുന്നതിനുള്ള ആ മുക്കുവരുടെ ധൈര്യപൂർണ്ണമായ സാഹസം നമുക്കു സങ്കല്പിക്കാവുന്നതാണ്. ആ അലറുന്ന തിരമാലകളുടെയും കൊടുങ്കാറ്റിന്റെയും മദ്ധ്യത്തിൽ അങ്ങോട്ടും ഇങ്ങോട്ടും അവൻ കൊടുക്കുന്ന നിർദ്ദേശങ്ങളുടെ ഒച്ച നമുക്കു കേൾക്കാം. രാത്രിയുടെ അന്ധകാരത്തിൽ ആർത്തിരമ്പുന്ന തിരമാലകളുടെ നടുവിൽ അവർ പെടുന്ന പാടുകൾ നമുക്കു ദർശിക്കാവുന്നതാണ്. പടകു കാലിയാക്കുവാൻ അവർ കഴിവതു ശ്രദ്ധിച്ചു. ഇളകി മറിയുന്ന കടലിൽ ഒരു കപ്പൽ നിലനിന്നേക്കാം. എന്നാൽ അതിൽ വെള്ളം കയറിയാൽ അതു നിലനിൽക്കയില്ല. അതുപോലെ ഈ ലോകത്തിൽ തിന്മയുടെ കൊടുങ്കാറ്റ് ഉയരുമ്പോൾ ഒരു മനുഷ്യനു നിലനിൽക്കാൻ സാധ്യമല്ല. കടലിലെ കൊടുങ്കാറ്റുകൾ ഒരു മനുഷ്യനെ മുക്കിക്കളയുകയില്ല. എന്നാൽ അവനെ നശിപ്പിക്കുന്നത് അവന്റെ ആത്മാവിലുള്ള കൊടുങ്കാറ്റാണ്. ഒരു സഭയെ സംബന്ധിച്ചിടത്തോളം ഇതു സത്യമാണ്, ഓരോ അംഗത്തിനും ഇതു ബാധകമാണ്. ചുറ്റുപാടുമുള്ള ദുഷ്ടന്മാർക്ക് അതിനെ നശിപ്പിക്കാൻ സാധ്യമല്ല. എന്നാൽ അതിനുള്ളിലുള്ള ദുഷ്ടശക്തികൾക്ക് അത് സാധ്യമാണ്.

യേശു ഉറങ്ങുകയായിരുന്നെങ്കിലും ആ പടകിനേയും അതിലുള്ള എല്ലാവരേയും സുരക്ഷിതരായി സൂക്ഷിക്കാൻ അവന്നു കഴിയുമെന്ന് ശിഷ്യന്മാർക്ക് അറിയാമായിരുന്നോ? നമുക്ക് അങ്ങനെ ചിന്തിപ്പാൻ സാധ്യമല്ല. വലിയ ഭയം മനുഷ്യ മനസ്സിനെ അസ്വസ്ഥമാക്കുകയും ബലഹീനമായ വിശ്വാസത്തെ തകർത്തുകളയുകയും ചെയ്യുന്നു. ക്രിസ്തു ഉറങ്ങിയിരുന്നപ്പോൾ ശിഷ്യന്മാർക്ക് അവനിലുള്ള വിശ്വാസം വളരെ കുറവായിരുന്നു, നമുക്ക് അവനെ കാണാൻ സാധിക്കാത്തതിനാൽ വിശ്വാസം കുറവായിരിക്കുന്നതുപോലെയത്രേ. അവർ കടലിൽ ഇറങ്ങു

ന്നതിനുമുമ്പേ കൊടുങ്കാറ്റിന്റെ വരവ് മുൻകൂട്ടി കണ്ടിരിക്കാം. കരയിൽ തന്നെ ഇരിക്കാൻ അവർ ആഗ്രഹിച്ചതിനുശേഷവും അവരെ കടലിലേക്ക് ഇറങ്ങി അക്കരക്കുപോകുവാൻ നിർബന്ധിച്ച ക്രിസ്തുവിനെ അവർ കുറ്റപ്പെടുത്തിയെന്ന് ചിന്തിക്കാൻ ന്യായമില്ല. എന്നാൽ അവന്നു എങ്ങനെ ഉറങ്ങാൻ കഴിഞ്ഞുവെന്ന് അവർ സംശയിച്ചിരിക്കാം, അവരുടെ നിലവിളികളുടെയും, കൊടുങ്കാറ്റിന്റെ അലർച്ചയുടെയും മദ്ധ്യത്തിൽ. അവരെ നേരിടുന്ന ആ വലിയ അപകടത്തെ അവന് എങ്ങനെ അവഗണിക്കാൻ കഴിയും?

കൊടുങ്കാറ്റു ശക്തമായപ്പോൾ യേശു അവരുടെ വിശ്വാസത്തെ പരിശോധിച്ചിരിക്കാം. ആദ്യ അവനോടുള്ള സ്നേഹബഹുമാനങ്ങൾ മൂലം അവർ അവനെ ഉണർത്തിയില്ലെന്നു വരാം. പടക് ഓടിക്കുന്നതിൽ അവന്റെ സഹായം പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അവരുടെ എല്ലാ പ്രയത്നവും വൃഥാവിലായപ്പോൾ അവനെ ഉണർത്താതെ അവർക്കു നിവൃത്തിയില്ലാതെ വന്നു. ഈ ഭയങ്കരമായ വിപത്തിൽ നിന്നു തങ്ങളെ രക്ഷിക്കുവാൻ അവർക്ക് അവനോടാവശ്യപ്പെട്ടു കൂടായിരുന്നുവോ? അവർ നിലവിളിച്ചു? “ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ,” എന്ന്. അവന്റെ ദൈവികത്വത്തെപ്പറ്റിയും അവന്റെ അത്യന്തശക്തിയെപ്പറ്റിയും അവർ മനസ്സിലാക്കാതിരുന്നത്, പെട്ടെന്നു മറന്നു പോയതുപോലെ തോന്നുന്നു: അവരുടെ അജ്ഞതയിൽ, അവർ കർത്താവാണെന്നറിഞ്ഞ് ഒരു മനുഷ്യനെ വഹിച്ചുകൊണ്ടുപോകുന്ന പടകിനു നാശം സംഭവിക്കുമെന്ന് വിചാരിച്ചു. അവസാനം അവനെ ഉണർത്തുവാൻ തക്ക ശക്തി അവർ ആർജ്ജിച്ചു. “അവൻ സമുദ്രത്തിലെ വെള്ളത്തെ കൂമ്പാരമായി കൂട്ടുന്നവനാണ്. അവൻ ആഴികളെ ഭണ്ഡാര ഗൃഹങ്ങളിൽ സംഗ്രഹിക്കുന്നവനാണ്” (സങ്കീർത്തനങ്ങൾ 33:7). അവനാണ് പറഞ്ഞത്, “നിങ്ങൾ എന്നെ ഭയപ്പെടുകയി

ല്ലയോ? എന്റെ സന്നിധിയിൽ വിറയ്ക്കയില്ലയോ? ഞാൻ കടലിനു കവിഞ്ഞു കൂടാതെ വണ്ണം നിത്യപ്രമാണമായി മണൽ അതിരാക്കിവെച്ചിരിക്കുന്നു. തിരകൾ അലച്ചാലും സാധിക്കയില്ല, എത്ര തന്നെ ഇരച്ചാലും അതിർ കടക്കയില്ല" എന്ന് (യിരമ്യാവ് 5:22).

യേശു ഉണർന്നപ്പോൾ രണ്ടു കൊടുങ്കാറ്റുകൾ കണ്ടു: ഒന്ന് ആ കടലിൽ, മറ്റൊന്ന് ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ. ആദ്യത്തേതിനെക്കാൾ രണ്ടാമത്തേതിനെ ശകാരിക്കാൻ അവനു താത്പര്യമുണ്ടായിരുന്നിട്ടും, അവൻ തന്റെ ദയമൂലം കടലിലെ കൊടുങ്കാറ്റിനെ ശാസിക്കാൻ തുടങ്ങി. കൊടുങ്കാറ്റിനെ ശാന്തമാക്കാതെ ശിഷ്യന്മാരെ ശാന്തമാക്കുന്നതു പ്രയോജനമുള്ളതല്ലെന്ന് അവൻ അറിഞ്ഞു. അതിനാൽ അവൻ അതു തന്നെ ചെയ്തു. കടലിനെ നിർമ്മിച്ചവൻ ആജ്ഞാപിച്ചു, "ശാന്തമാകുക, അടങ്ങുക" എന്ന്.

ഈ അത്ഭുതം ദൈവത്തിന്റെ നിർദ്ദേശാനുസരണം മോശെ തന്റെ വടി കടലിന്മീതെ കാണിച്ചപ്പോളുണ്ടായ അത്ഭുതത്തിൽ നിന്നു വ്യത്യസ്ഥമായിരിക്കുന്നു. ആർത്തിരമ്പുന്ന തിരമാലകളെ അടിച്ചമർത്താൻ യേശുവിന്റെ വാക്കു മാത്രം മതിയായിരുന്നു. അവനെപ്പറ്റിയാണ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. "അവൻ സമുദ്രങ്ങളുടെ മുഴക്കവും തിരമാലകളുടെ കോപവും ജാതികളുടെ കലഹവും ശമിപ്പിക്കുന്നു" എന്ന് (സങ്കീർത്തനങ്ങൾ 65:7). അതിനു സാക്ഷികളായി സങ്കീർത്തനക്കാരനോടു ചേർന്നു നമുക്കും പറയാം, "നീ സമുദ്രത്തിന്റെ ഗർവ്വത്തെ അടക്കിവാഴുന്നു. അതിലെ തിരകൾ പൊങ്ങുമ്പോൾ നീ അവയെ അമർത്തുന്നു" (സങ്കീർത്തനങ്ങൾ 89:9). പണ്ട് ചെങ്കടലിനെ വിഭാഗിച്ചവൻ തന്നെയാണു ഗലീലക്കടലിനെ ശകാരിച്ചത്. യിസ്രായേല്യർ അപ്പോൾ ഉണങ്ങിയ സ്ഥലത്തു കൂടി നടന്നു. അവനെ ഭയപ്പെട്ടിരുന്ന മനുഷ്യരെ സേവിക്കുവാൻ അവൻ ചെങ്കടലിനെ വിഭാഗി

ച്ചു. അവൻ തന്റെ ശിഷ്യന്മാർക്ക് യാത്രചെയ്യുവാനായി ഗലീലക്കടലിന്റെ അലർച്ചയെ നിശബ്ദമാക്കി. ആടുകൾ അവയുടെ ആട്ടിടയന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവനെ അനുസരിക്കുന്നതുപോലെ കാറ്റും തിരമാലകളും അവയുടെ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞ് അവനെ അനുസരിച്ചു. അവന്റെ ആജ്ഞപ്രകാരം കാറ്റു ശാന്തമായി. പെട്ടെന്നുള്ള ഈ ശാന്തത അസാധാരണമാണ്. എന്തുകൊണ്ടെന്നാൽ കൊടുങ്കാറ്റിനു ശേഷം ക്രമേണയാണ് കടൽ സാധാരണ ശാന്തമാകുന്നത്. ഈ അത്ഭുതം ഇങ്ങനെ രണ്ടുവിധത്തിൽ ഫലപ്രദമായിരുന്നു.

കൊടുങ്കാറ്റിനാൽ ഉലഞ്ഞ പടകിന്റെ കാര്യത്തിൽ നിത്യജീവിതത്തിലെ അനുഭവത്തെ നമുക്കു കാണാം. ജീവിതത്തിലെ കൊടുങ്കാറ്റുകളിൽ സഭയുടെയും ക്രിസ്ത്യാനികളുടെയും സുരക്ഷിതത്വം ക്രിസ്തുവിൽ ആണ് സ്ഥിതി ചെയ്യുന്നത്. തിന്മയുടെ ശക്തികളെ ശകാരിച്ചു വിജയവും മാനസിക സന്തുലനവും തരുവാൻ അവനു മാത്രമേ സാധ്യമാകയുള്ളൂ.

ഈ അത്ഭുതപ്രവൃത്തിയിൽ പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ പരമാധികാരം അവന്നു തിരികെക്കൊടുക്കുന്നതിനുള്ള ദൈവോദ്ദേശ്യത്തിന്റെ ലാഞ്ഛന കാണാവുന്നതാണ്. മനുഷ്യന്റെ വീഴ്ചയുടെ ഫലമായിട്ടാണല്ലോ ആ പരമാധികാരം നഷ്ടപ്പെട്ടത്. ദൈവം അത് വീണ്ടെടുത്തത് ക്രിസ്തുവിന്റെ ക്രൂശിലെ രക്ഷണ്യ പ്രവൃത്തിയിലൂടെയാണ്. അതിന്റെ ദൃശ്യഫലങ്ങൾ രണ്ട് വിധത്തിലുണ്ട്. ഒന്നാമതായി ഒരു വിശ്വാസിക്കു പ്രകൃതിയിലെ എല്ലാ അപകടങ്ങളേയും ദോഷമായ ഫലങ്ങളേയും ധൈര്യത്തോടെ അഭിമുഖീകരിക്കുവാൻ സാധിക്കുന്നു. രണ്ടാമതായി ഓരോ വിശ്വാസിയിലുമുള്ള ക്രിസ്തുവിന്റെ ശക്തിയാൽ അപകടങ്ങളെ അതിജീവിക്കാനും അതിനെ പ്രയോജനപ്പെടുത്താനും സാധിക്കുന്നു. എപ്രകാരം കാറ്റിന്റെ ശക്തിയിൽ നിന്നും വൈദ്യുതി ഉണ്ടാ

ക്കുന്നുവോ അതുപോലെ ഒരു വിശ്വാസിക്ക് അനേകം ശക്തികളെ നേരിടാൻ സാധിക്കുന്നു, അവയുടെ തിക്ത ഫലങ്ങളെ അവന്റെ പ്രയോജനത്തിനുവേണ്ടി മാറ്റാൻ സാധിക്കുന്നു.

പ്രകൃതി ശക്തികൾ മനുഷ്യന്റെ ജഡത്തെ നശിപ്പിക്കുന്നതുപോലെ മനുഷ്യനെ കീഴ്പ്പെടുത്തുന്നതായ പുറമേയുള്ള ഒരു നിർഭാഗ്യ കാരണമാണ് കാറ്റ് പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യന്റെ ആത്മാവിലുള്ള ആന്തരിക പോരാട്ടങ്ങളാണ് തിരമാലകൾ കാണിക്കുന്നത്. അവയെല്ലാം മനുഷ്യന്റെ വ്യക്തിത്വത്തെ നശിപ്പിക്കുന്ന സാത്താന്യശക്തികളാണ്. ഈ രണ്ടത്ഭുതത്തിൽ കൊടുങ്കാറ്റിനാൽ വലയുന്ന ജീവിതത്തിൽ ഇരട്ട പ്രവൃത്തി ചെയ്യുവാനുള്ള യേശുവിന്റെ ഉദ്ദേശ്യത്തെ പ്രഖ്യാപിച്ചു. രണ്ട് ദുരിതങ്ങളിൽ നിന്നും രക്ഷ നൽകുന്നതും ജയ ജീവിതം അരുളുന്നതും അവനാണ്.

ഒരു സ്വർണ്ണപണിക്കാരന്റെ സ്വർണ്ണം ഉരുക്കുന്ന പാത്രം പോലെയാണ് പരിശോധനകളും നിർഭാഗ്യാവസ്ഥകളും. ആ പാത്രം സ്വർണ്ണത്തെ ചെമ്പോ, ചെമ്പിനെ സ്വർണ്ണമോ ആക്കുന്നില്ലെങ്കിലും അതത് വസ്തുക്കളുടെ സ്വഭാവത്തെ വെളിപ്പെടുത്തുകയും അഴുക്കുകളെ അകറ്റുകയും ചെയ്യുന്നു. അത് സ്വർണ്ണത്തെ ചെമ്പിനേക്കാൾ കൂടുതൽ ശോഭായമാനമാക്കുന്നു. അതുപോലെ പരിശോധനകൾ നല്ലവരെ നല്ലവരാക്കുകയോ, ദുഷ്ടരെ ദുഷ്ടരാക്കുകയോ ചെയ്യുന്നില്ല. എന്നാൽ അവ സത്യത്തെ വെളിപ്പെടുത്തുകയും ദുഷ്ടന്മാരുടെ തിന്മ പുറത്തുകൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നീതിമാന്മാരുടെ നീതി വെളിപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കടലിലെ കൊടുങ്കാറ്റിനെ ശാന്തമാക്കിയതിനുശേഷം യേശു തന്റെ ശിഷ്യന്മാരുടെ ഹൃദയത്തിലെ കൊടുങ്കാറ്റിലേക്കു തിരിഞ്ഞു. ശകാരരൂപേണ അത് ശാന്തമാ

ക്കി, എന്തിനാണ് അവർ ഭയപ്പെട്ടതെന്ന് ചോദിച്ചുകൊണ്ട്. ഇപ്പോഴും അവർ വിശ്വസിക്കുന്നില്ലേ? കൂടുതൽ അപകടകരമായ ആന്തരിക പരിശോധനകളെയും ബാഹ്യമായ നിർഭാഗ്യത്തെയും നിയന്ത്രിക്കാൻ അവന്നു കഴിവുണ്ടെന്നു കാണിച്ചുകൊടുത്തു. അവന്റെ വാക്കിനാൽ രണ്ടു കൊടുങ്കാറ്റുകളും അടങ്ങി. ഈ അനുഭവത്തിൽ നിന്നും ശിഷ്യന്മാർ ഒരു വിലയേറിയ പാഠം പഠിച്ചു. ദൈവം നമ്മുടെ നന്മയ്ക്കാണ് പരിശോധനകളും ദുരിതങ്ങളും നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നതെന്ന്. അപ്പൊസ്തലനായ പൗലോസ് പറഞ്ഞത് നാം ഓർക്കുന്നു, "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല, ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരിന്ത്യർ 10:13)

* * *



# VI

## യേശു ഭൂതഗ്രസ്തനെ സൗഖ്യമാക്കുന്നു

"അവർ കടലിന്റെ അക്കരെ ഗദരദേശത്തു എത്തി. പടകിൽ നിന്നു ഇറങ്ങിയ ഉടനെ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽ നിന്നു വന്നു അവനെ എതിരേറ്റു. അവന്റെ പാർപ്പു കല്ലറകളിൽ ആയിരുന്നു; ആർക്കും അവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചു കൂടാഞ്ഞു. പലപ്പോഴും അവനെ വിലങ്ങും ചങ്ങലയും കൊണ്ടു ബന്ധിച്ചിട്ടും അവൻ ചങ്ങല വലിച്ചു പൊട്ടിച്ചും വിലങ്ങു ഉരുമ്മി ഒടിച്ചും കളഞ്ഞു. ആർക്കും അവനെ അടക്കുവാൻ കഴിഞ്ഞില്ല. അവൻ രാവും പകലും കല്ലറകളിലും മലകളിലും ഇടവിടാതെ നിലവിളിച്ചും തന്നെത്താൻ കല്ലുകൊണ്ടു ചതച്ചും പോന്നു.

അവൻ യേശുവിനെ ദൂരത്തുനിന്നു കണ്ടിട്ടു ഓടിച്ചെന്നു അവനെ നമസ്ക്കരിച്ചു. അവൻ ഉറക്കെ നിലവിളിച്ചു; യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്തു? ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ എന്നു അപേക്ഷിക്കുന്നു എന്നു പറഞ്ഞു. അശുദ്ധാത്മാവേ - ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടുപോക എന്നു യേശു കല്പിച്ചിരുന്നു. നിന്റെ പേരെന്തു എന്നു അവനോടു ചോദിച്ചതിന്നു എന്റെ പേർ ലഗ്യോൻ, ഞങ്ങൾ പലരാകുന്നു എന്നു അവൻ ഉത്തരം പറഞ്ഞു; നാട്ടിൽ നിന്നു തങ്ങളെ അയച്ചു കളയാതിരിപ്പാൻ ഏറിയോന്നു അപേക്ഷിച്ചു.

അവിടെ മലയരികെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. ആ പന്നികളിൽ കടക്കേണ്ടതിന്നു ഞങ്ങളെ അയയ്ക്കേണം എന്നു അവർ അവനോടു അപേക്ഷിച്ചു; അവൻ അനുവാദം കൊടുത്തു; അശുദ്ധാത്മാക്കൾ

പുറപ്പെട്ടു പന്നികളിൽ കടന്നിട്ടു കൂട്ടം കടുന്തൂക്കത്തോടെ കടലിലേക്കു പാഞ്ഞു വീർപ്പുമുട്ടി ചത്തു. അവ ഏകദേശം രണ്ടായിരം ആയിരുന്നു. പന്നികളെ മേയ്ക്കുന്നവർ ഓടി ച്ചെന്നു പട്ടണത്തിലും നാട്ടിലും അറിയിച്ചു; സംഭവിച്ചതു കാണ്മാൻ പലരും പുറപ്പെട്ടു.

യേശുവിന്റെ അടുക്കൽ വന്നു ലെഗ്യോൻ ഉണ്ടാ യിരുന്ന ഭൂതഗ്രസ്തൻ വസ്ത്രം ധരിച്ചും സുബോധം പൂണ്ടും ഇരിക്കുന്നതുകണ്ടു ഭയപ്പെട്ടു. കണ്ടവർ ഭൂതഗ്ര സ്തനു സംഭവിച്ചതും പന്നികളുടെ കാര്യവും അവരോടു അറിയിച്ചു. അപ്പോൾ അവർ അവനോടു തങ്ങളുടെ അതിർ വിട്ടുപോകുവാൻ അപേക്ഷിച്ചുതുടങ്ങി. അവൻ പടകു ഏറു മ്പോൾ ഭൂതഗ്രസ്തനായിരുന്നവൻ താനും കൂടെ പോര ട്ടെയെന്ന് അവനോട് അപേക്ഷിച്ചു. യേശു അവനെ അനു വദിക്കാതെ നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു, കർത്താവ് നിനക്കു ചെയ്തത് ഒക്കെയും നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക എന്നു അവ നോടു പറഞ്ഞു. അവൻ പോയി യേശു തനിക്കു ചെയ്തതു ഒക്കെയും ദെക്കപ്പൊലി നാട്ടിൽ ഘോഷിച്ചു തുടങ്ങി; എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു" (മർക്കൊസ് 5:1–20).

കൊടുങ്കാറ്റിനെ ശാന്തമാക്കിയശേഷം, യേശു ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ കാലത്തെല്ലാം, ഒരി ക്കലും മൗനമായിരിക്കാതിരുന്ന പിശാചും എതിരാളിയു മായവനിലേക്കു നമ്മുടെ ശ്രദ്ധ തിരിയുന്ന ചില കാര്യ ങ്ങൾ സംഭവിച്ചു. മരുഭൂമിയിൽ യേശുവിനെ തോല്പി ക്കാൻ കഴിയാത്തതിനു പകരമായി ചില ആളുകളുടെ മേൽ അവന്റെ നിയന്ത്രണം ഇരട്ടിക്കുകയും അവന്റെ വലിയ ശത്രുവായ ക്രിസ്തുവിനെതിരെ അവരെ ഉപയോഗിക്കു വാനും പിശാചു ശ്രമിച്ചു.

പിശാചിന്റെ ഉപകരണമായി മരുഭൂമിയിൽ ഈ ഭൂത ഗ്രസ്തൻ ഉഴന്നു നടന്നു. അവിടെയാണു യേശു പടകിൽ

നിന്നും ഇറങ്ങുവാൻ തീരുമാനിച്ചത്. യേശുവിന്റെ പടകു വരുന്നതു കണ്ടിട്ടു പാറകളിലെ കല്ലറകളെ വിട്ട് ഈ മനുഷ്യൻ യേശുവിന്റെ അടുത്തേക്കു ചെന്നു. ഇതിനുമുൻപേ അവൻ ആ സ്ഥലത്തേക്കുള്ള എല്ലാ റോഡുകളും മുറിച്ചു കളഞ്ഞിരുന്നു. മിക്കവാറും ആ വഴിക്കു വരുന്ന ആരെയും ആക്രമിക്കാനായിരുന്നിരിക്കാം, പ്രത്യേകിച്ചും യേശുവിനെ അവനറിയാമായിരുന്നു. അവൻ കല്ലുകൊണ്ടു തനിയെ ചതച്ചു മുറിച്ചു രക്തം ഒഴുക്കിയും അലറികൊണ്ടുമാണ് വന്നത്. യേശു അവനിലുള്ള ഭൂതത്തോടു പുറത്തുവരാൻ ആജ്ഞാപിച്ചു. ഉടൻതന്നെ ആ മനുഷ്യ മുറവിളിച്ചുകൊണ്ടു, "മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും തമ്മിൽ എന്ത്? ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ" എന്ന് അപേക്ഷിച്ചു പറഞ്ഞു. ക്രിസ്തുവിന്റെ ആജ്ഞയുടെ ആദ്യത്തെ ഫലം ആ ഭൂതഗ്രസ്തന്റെ പീഡനമായിരുന്നു. ഒരു മനുഷ്യനെ പീഡിപ്പിച്ചു മറിച്ചു താഴെ ഇടാതെ ഭൂതം വിട്ടുമാറുന്നില്ല. മനുഷ്യനെ പീഡിപ്പിക്കുന്നതിലും നശിപ്പിക്കുന്നതിലും പിശാചു ആനന്ദം കണ്ടെത്തുന്നു. അതിനാലാണ് ആ ഭൂതഗ്രസ്ഥൻ ഭയവിഹ്വലനായതും, അവന്റെ വേദനയിൽ നിന്നും അവനെ വിട്ടയയ്ക്കുന്നതിന് അപേക്ഷിച്ചതും. പിശാചിന്റെ കൈയിൽ നിന്നും തന്റെ ഇരയെ പിടിച്ചു പറിക്കുമ്പോൾ അവൻ കോപിഷ്ടനാകുന്നു. അങ്ങനെയാണ് ആ പിശാചു ഭൂതഗ്രസ്തനും ഒരുമിച്ച്, "എന്നെ ദണ്ഡിപ്പിക്കരുതേ" എന്ന് നിലവിളിച്ചത്.

ആ തടാകത്തിന്റെ കരയിലെ എത്ര ഹൃദയഭേദകമായ ഒരു ദൃശ്യമായിരുന്നു അത്. യേശു പരിശുദ്ധിയും അധികാരവും കരുണയും ഉള്ളവനായി ഒരു വശത്ത് നിൽക്കുന്നു. അവന്റെ പുറകിൽ അവന്റെ ശിഷ്യന്മാർ തലേ രാത്രിയിലെ അദ്ധ്വാനത്താൽ ക്ഷീണിതരായി, ഇതികർത്തവ്യതാ മൂഢരായി നിൽക്കുന്നു. അവരും ആ ഭൂതഗ്രസ്തനെ ഭയന്ന് തങ്ങളുടെ നില എന്താകുമെന്നു പരിഭ്ര

മിക്കുന്നു. അവർക്കിപ്രകാരം ഭയം ഉണ്ടെങ്കിലും ദുരാത്മാക്കളാൽ പീഡിപ്പിക്കപ്പെടുന്ന ഈ മനുഷ്യനോടുള്ള അനുകമ്പ അവരുടെ മുഖത്ത് കാണാം. ഇതാ, നഗ്നനും രക്തം ഒഴുകുന്നവനുമായ ഈ ഭീകര മനുഷ്യൻ അവരുടെ ഗുരുവിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. അവന്റെ മുഖത്ത് ആശയുടെ കിരണങ്ങൾ കാണാം. തന്റെ പരിതാപകരമായ അവസ്ഥയിൽ തന്നെ രക്ഷിക്കുവാൻ കഴിവുള്ള ഒരുവനോടു സഹായം അഭ്യർത്ഥിക്കുന്നു.

"നിന്റെ പേരു എന്താണെ"ന്ന് യേശു ചോദിച്ചു. തങ്ങൾ അനേകരായതുകൊണ്ട് പേര് "ലെഗ്യോൻ" എന്നാണ് എന്ന് അവൻ ഉത്തരം പറഞ്ഞു. നരകക്കുഴിയിൽ ഇടുന്നതിനുപകരം ഇപ്പോൾ അവരെ ഒരു പന്നിക്കൂട്ടത്തിലേക്ക് പ്രവേശിക്കുവാൻ അനുവാദം തരേണമെന്ന് അവർ യേശുവിനോട് അപേക്ഷിച്ചു. അവരുടെ ആഗ്രഹം യേശു സാധിച്ചുകൊടുത്തു. അവരിൽ നിന്നും അല്പം അകലെ പർവ്വതങ്ങൾക്കടുത്ത് രണ്ടായിരത്തോളം വരുന്ന ഒരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. പന്നികളെ വളർത്തുന്നത് യെഹൂദന്മാർക്ക് നിഷിദ്ധമായിരുന്നു. ചില യെഹൂദന്മാർ പന്നികളെ വളർത്തിയിരുന്നതിൽ നിന്നും അവരുടെ മതത്തെക്കാൾ കൂടുതൽ ധനസമ്പാദനത്തെ അവർ വിലമതിച്ചിരുന്നു എന്നു കാണാവുന്നതാണ്. അവർക്ക് നിഷിദ്ധമായിരുന്ന പന്നിവളർത്തലിനെ യേശു ശിക്ഷ നല്കിയത് ആ പന്നികളെ നശിപ്പിച്ചുകൊണ്ടായിരുന്നു. ഇതും സാത്താന്യ ബന്ധനം യാഥാർത്ഥ്യമാണെന്നും അതിൽ നിന്നുള്ള വിടുതൽ എന്നെന്നേക്കുമായി ലഭിക്കാമെന്നുള്ളതിനും ഒരു തെളിവാണ്. സാത്താന്യബന്ധനം എങ്ങനെ മോചിക്കപ്പെടുമെന്ന് എല്ലാവർക്കും കാണാൻ കഴിഞ്ഞു. എല്ലാ ഭൗതിക വസ്തുക്കളുടെയും മേലുള്ള അധികാരം ക്രിസ്തുവിനു തന്നെ ആണെന്നും അത് ഏതുവിധത്തിലും കൈകാര്യം ചെയ്യാൻ അവന് അവകാശമുണ്ടെന്നും ഇത് തെളിയിക്കുന്നു. ആ പന്നിക


ളുടെ ഉടമസ്ഥന്മാർക്ക് അത്രമാത്രം നഷ്ടം വരുത്തിയവൻ തന്നെയാണ് അവയുടെ യഥാർത്ഥ ഉടമസ്ഥൻ. അവന്റെ അനുയായികളിൽ പോലും ഇങ്ങനെ ലോകത്തിൽ ദിനം പ്രതി സംഭവിക്കുവാൻ അവൻ അനുവദിക്കുന്നില്ലേ? “എല്ലാം അവിടുന്നു തന്നു, ഞാൻ അതു നന്ദിയോടുകൂടി സ്വീകരിക്കുന്നു. എല്ലാം നീ എടുത്തുകളയുന്നു, ഞാൻ സന്തോഷത്തോടു കൂടി വിട്ടുതരുന്നു; യാതൊരു മുറുമുറുപ്പും ഇല്ലാതെ ഞാൻ ആഗ്രഹിച്ചതൊന്നും കിട്ടാതിരിക്കുമ്പോൾ വേണ്ട എന്നു വെക്കുന്നു” എന്ന് ഓരോ ഭക്തനും പറയണം. “യഹോവ തന്നു: യഹോവ എടുത്തു; യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടെ” (ഇയ്യോബ് 1:21).

അശുദ്ധാത്മാക്കളോടു പുറപ്പെട്ടുപോകാൻ യേശു ആജ്ഞാപിച്ചപ്പോൾ അവർ പന്നികളിലേക്കു പ്രവേശിച്ചു. ആ പന്നിക്കൂട്ടം മുഴുവനും കടുന്തൂക്കത്തോടെ കടലിലേക്കു പാഞ്ഞു വീർപ്പുമുട്ടി ചത്തു. ഈ സംഭവിച്ചതു കണ്ടിട്ടു പന്നികളെ മേയിച്ചവർ അതിശയിച്ചു. ഗ്രാമത്തിലും ടൗണിലും അവർ ഓടിപ്പോയി ഈ കാര്യം അറിയിച്ചു. കേട്ടവർ ഈ സംഭവ സ്ഥലത്തേക്ക് ഓടിവന്നു. പന്നികൾക്കു സംഭവിച്ചതും ഭൂതഗ്രസ്തൻ വസ്ത്രം ധരിച്ചും സുബോധം പൂണ്ടു ദൈവരാജ്യത്തെപ്പറ്റിയുള്ള യേശുവിന്റെ ഉപദേശം ശ്രദ്ധിച്ചുകൊണ്ട് അവന്റെ പാദപീഠത്തിൽ സ്വസ്ഥനായിരിക്കുന്നതും കണ്ടു. സാത്താന്റെ ബന്ധനത്തിൽ നിന്നും ഇരയെ വിടുവിച്ചതിൽ ജനങ്ങൾ സന്തോഷിച്ചിരിക്കുമെന്നും നമുക്കു പ്രതീക്ഷിക്കാം. അവർ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തിക്കു നന്ദി കരേറ്റിയിരിക്കുമെന്നു നമുക്കു കരുതാം. പൈശാചിക ശക്തിയെ ജയിച്ചതിലുപരിയായി പന്നികൾ നഷ്ടപ്പെട്ടത് അവർ കൂടുതൽ വിലമതിച്ചതിനാൽ ക്രിസ്തുവിനെ അവരുടെ ഗ്രാമത്തിൽ നിന്നും നിഷ്ക്കാസനം ചെയ്തത് വിചിത്രമായിരിക്കുന്നു.

ഈ സൗഖ്യം പ്രാപിച്ച മനുഷ്യൻ എന്തു ചെയ്യും? തന്റെ വീട്ടിലേക്കു തിരിച്ചുപോയി ജോലി ചെയ്തു നഷ്ട പ്പെട്ട വർഷങ്ങളെ വീണ്ടെടുക്കാൻ തക്കവണ്ണം ആവശ്യ പ്പെട്ടിരിക്കുമോ? അവന്റെ സൗഖ്യം കേവലം ശാരീരിക മായിരുന്നുവെങ്കിൽ അവൻ അതു ചെയ്യുമായിരുന്നു. ശരീ രത്തെക്കാൾ അത്യധികം പ്രാധാന്യമുള്ള ആത്മാവിനെ സൗഖ്യമാക്കാതെ യേശു ഒരു ശരീരത്തെപ്പോലും സൗഖ്യ മാക്കിയില്ല. ഈ മനുഷ്യൻ ക്രിസ്തുവിനോടുകൂടി ഇരി ക്കുന്നതിന് അപേക്ഷിച്ചതിൽ നിന്നും അവന്നു ആത്മീക സൗഖ്യം ലഭിച്ചിരുന്നു എന്നു വ്യക്തമാണ്.

ഈ ഭൂതഗ്രസ്തനിൽ നമുക്ക് ഒരു പാപിയുടെ ചിത്രം കാണാവുന്നതാണ്. യഥാർത്ഥത്തിൽ ആത്മാവിലെ ഭ്രാന്താണ് പാപം. മനസിലെ ഭ്രാന്ത് പാപമാകുന്ന യഥാർത്ഥ ഭ്രാന്തിന്റെ ലക്ഷണം മാത്രമാണ്. ഭൂതഗ്രസ്തനു തന്റെ വൃത്തിയുള്ള വീടിനെക്കാൾ ഇഷ്ടപ്പെട്ടതു വൃത്തി ഹീനമായ കല്ലറകളായിരുന്നു. ആ വഴിക്കു വരുന്നവരേയും തന്നെത്തന്നെയും ഉപദ്രവിക്കുക എന്നതായിരുന്നു അവന്റെ തൊഴിൽ. അവൻ ആരോഗ്യമുള്ളവരുമായി സമ്പർക്കം ആഗ്രഹിക്കാതെ തന്നെപ്പോലുള്ളവരോടും വന്യജന്തുക്കളോടും കൂട്ടുകൂടാൻ ഇഷ്ടപ്പെട്ടു. അവൻ യേശുവിനോടു പറഞ്ഞു, "എനിക്കും നിനക്കും തമ്മിൽ എന്ത്?" എന്നാൽ ക്രിസ്തു തന്റെ അത്യന്ത ദയയാൽ ഈ മനുഷ്യനെ അവന്റെ ബന്ധനത്തിൽ നിന്നു വിടുവിച്ചു. ഇതു പോലൊരു രക്ഷകൻ വേറെ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാക യുമില്ല. എന്തെന്നാൽ ഗദരദേശത്തെ ഈ ഭൂതഗ്രസ്തനെ രക്ഷിച്ചതുപോലെ പാപഭ്രാന്തിൽ നിന്നും അതിന്റെ ഫല ത്തിൽ നിന്നും രക്ഷിക്കുവാൻ ക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളൂ.

* * *



## VII

# യേശു യായീറൊസിന്റെ മകളെ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിക്കുന്നു

"യേശു വീണ്ടും പടകിൽ കയറി ഇക്കരെ കടന്നു കടലരികെയിരിക്കുമ്പോൾ വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടി. പള്ളിപ്രമാണികളിൽ യായീറൊസ് എന്നുപേരുള്ള ഒരുത്തൻ വന്നു, അവനെ കണ്ടു കാൽക്കൽ വീണു: എന്റെ കുഞ്ഞുമകൾ അത്യാസന്നനിലയിൽ ഇരിക്കുന്നു; അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്നു നീ വന്നു അവളുടെ മേൽ കൈവെക്കേണമെ എന്നു വളരെ അപേക്ഷിച്ചു. അവൻ അവനോടു കൂടെപോയി വലിയ പുരുഷാരവും പിൻചെന്നു അവനെ തിരക്കിക്കൊണ്ടിരുന്നു.

പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രാവമുള്ളവളായി പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചിലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ഏറ്റവും പരവശയായിത്തീർന്നിരുന്ന ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു: അവന്റെ വസ്ത്രം എങ്കിലും തൊട്ടാൻ ഞാൻ രക്ഷപ്പെടും എന്നു പറഞ്ഞു; പുരുഷാരത്തിൽ കൂടി പുറകിൽ വന്നു അവന്റെ വസ്ത്രം തൊട്ടു. ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു, ബാധമാറി താൻ സ്വസ്ഥയായി എന്നു അവൾ ശരീരത്തിൽ അറിഞ്ഞു.

ഉടനെ യേശു തങ്കൽനിന്നു ശക്തി പുറപ്പെട്ടു എന്നു ഉള്ളിൽ അറിഞ്ഞിട്ടു പുരുഷാരത്തിൽ തിരിഞ്ഞു "എന്റെ വസ്ത്രം തൊട്ടതു ആർ എന്നു ചോദിച്ചു. ശിഷ്യന്മാർ അവനോടു പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും

എന്നെ തൊട്ടതു ആർ എന്നു ചോദിക്കുന്നുവോ എന്നു പറഞ്ഞു. അവനോ അതു ചെയ്തവളെ കാണ്മാൻ ചുറ്റും നോക്കി. സ്ത്രീ തനിക്കു സംഭവിച്ചതറിഞ്ഞിട്ടു ഭയപ്പെട്ടും വിറെച്ചും കൊണ്ടുവന്നു അവന്റെ മുമ്പിൽ വീണുവസ്തുത ഒക്കെയും അവനോടു പറഞ്ഞു. അവൻ അവളോടു മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥയായിരിക്ക എന്നു പറഞ്ഞു.

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ പള്ളിപ്രമാണിയുടെ വീട്ടിൽ നിന്നു ആൾ വന്നു: നിന്റെ മകൾ മരിച്ചുപോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു എന്തിന്നു എന്നു പറഞ്ഞു. യേശു ആ വാക്കു കാര്യമാക്കാതെ പള്ളിപ്രമാണിയോടു: ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക എന്നു പറഞ്ഞു. പത്രൊസും യാക്കോബു യാക്കോബിന്റെ സഹോദരനായ യോഹന്നാനും അല്ലാതെ മറ്റാരും തന്നോടു കൂടെ ചെല്ലുവാൻ സമ്മതിച്ചില്ല. പള്ളിപ്രമാണിയുടെ വീട്ടിൽ വന്നപ്പോൾ ആരവാരത്തേയും വളരെ കരഞ്ഞു വിലപിക്കുന്നവരേയും കണ്ടു; അകത്തു കടന്നു: നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്നു? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ എന്നു അവരോടു പറഞ്ഞു. അവരോ അവനെ പരിഹസിച്ചു. അവൻ എല്ലാവരേയും പുറത്താക്കി കുട്ടിയുടെ അപ്പനേയും അമ്മയേയും തന്നോടു കൂടിയുള്ളവരേയും കൂട്ടിക്കൊണ്ടു കുട്ടികിടക്കുന്ന ഇടത്തുചെന്നു കുട്ടിയുടെ കൈക്കുപിടിച്ചു: ബാലേ, എഴുന്നേല്ക്ക എന്നു നിന്നോടു കല്പിക്കുന്നു എന്ന അർത്ഥത്തോടെ 'തലീഥാ കൂമി' എന്നു അവളോടു പറഞ്ഞു. ബാല ഉടനെ എഴുന്നേറ്റു നടന്നു; അവൾക്കു പന്ത്രണ്ടു വയസ്സായിരുന്നു; അവർ അത്യന്തം വിസ്മയിച്ചു; ഇതു ആരും അറിയരുതു എന്നു അവൻ അവരോടു ഏറിയോന്നു കല്പിച്ചു. അവൾക്കു ഭക്ഷിപ്പാൻ കൊടുക്കേണം എന്നു പറഞ്ഞു" (മർക്കൊസ് 5:21-43).

ഭൂതഗ്രസ്തനെ സൗഖ്യമാക്കുകയും പന്നികളെ നശിപ്പിക്കുകയും ചെയ്ത ഗദരദേശത്ത് നിന്നും യേശു വിനെ പുറന്തള്ളിയപ്പോൾ അവൻ കഫർന്നഹൂമിൽ പോയി. അവിടെ പള്ളി പ്രമാണിയായ യായീറൊസ് എന്നൊരുവൻ ഉണ്ടായിരുന്നു. മരിപ്പാറായി കിടന്ന ഒരു പുത്രി അവനുണ്ടായിരുന്നു. വിശ്രുതനായ നസറായനെ സമീപിക്കയല്ലാതെ വേറെ പോംവഴിയില്ലായിരുന്നു.

യേശുവിന്റെ അടുത്തു പോകണമെന്നും അവനെ തന്റെ വീട്ടിലോട്ടു ക്ഷണിക്കണമെന്നും യായീറൊസ് തീരു മാനിച്ചിരിക്കും. എന്നാൽ ഈ അവസ്ഥയിൽ തന്റെ വീട്ടിൽ വരുമെന്നു അവൻ പ്രതീക്ഷിച്ചില്ല. തന്റെ മകളെ ആ സമ യത്ത് വിട്ടിട്ടു പോകുന്നതിനു പ്രയാസമായിരുന്നു. ആരെ യെങ്കിലും പറഞ്ഞയച്ചാലോ യേശു വരുമോ? ഇത്രമാത്രം രോഗബാധിത ആയിരിക്കുമ്പോൾ ആ മകളെ എടുത്തു കൊണ്ടു യേശുവിന്റെ അടുക്കൽ പോകുന്നതിനും സാധ്യ മായിരുന്നില്ല. അതിനാൽ യായീറൊസ് കടൽക്കരയിലേക്ക് ഓടിച്ചെന്നു യേശുവിന്റെ കാൽക്കൽ വീണ് അവനെ ആരാ ധിച്ചു. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിത നായ നസറെത്തുകാരനായ ഈ പാവപ്പെട്ട തച്ചന്റെ കാൽക്കൽ തങ്ങളുടെ പള്ളിപ്രമാണിയായവൻ സാഷ്ടാം ഗംപ്രണാമം ചെയ്തുകൊണ്ട് ഓരോരുത്തരും എന്തു മാത്രം അതിശയിച്ചു കാണും. എന്നിരുന്നാലും യേശുവി നെപ്പറ്റി യായീറൊസും ജനങ്ങളും കേട്ടിരുന്നതു തന്നെ യാണ് വാസ്തവത്തിൽ യായീറൊസിന്റെ ഈ ആദരവിൽ കൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. കരുണയുടെ വാതി ലായ യേശുവിന്റെ അടുത്തേക്കു യായിറൊസിനെ താഴ്മ യോടെ നടത്തിയത് വലിയ നിർഭാഗ്യമാണ്; അവന്റെ നിർഭാഗ്യം വലിയ അനുഗ്രഹമായി പരിണമിച്ചു.

ആത്മാർത്ഥമായി തന്റെ സഹായത്തിന് യാചിച്ചു കൊണ്ടു യായീറൊസു തന്റെ മകളുടെ അവസ്ഥ വിവരി ക്കുമ്പോൾ യേശു ക്ഷമയോടു കൂടി കേൾക്കുകയായിരു

ന്നു. യേശുവിലുള്ള പൂർണ്ണവിശ്വാസം യായീറൊസ് കാണിച്ചു. "എന്റെ കുഞ്ഞുമകൾ അത്യാസന്ന നിലയിൽ ഇരിക്കുന്നു. അവൾ രക്ഷപ്പെട്ട് ജീവിക്കേണ്ടതിന്നു നീ വന്ന് അവളുടെ മേൽ കൈവെക്കേണമേ" എന്ന് അവൻ വളരെ അപേക്ഷിച്ചു. വിശ്വാസത്തോട് കൂടിയ ഇത്തരം ഒരു അപേക്ഷ തള്ളിക്കളവാൻ യേശുവിന്നു ഒരിക്കലും സാധ്യമല്ല. എന്തെന്നാൽ രക്ഷയാകുന്ന കിണറ്റിൽനിന്നും ജീവൻ തരുന്ന വെള്ളം കോരുവാൻ വിശ്വാസമാകുന്ന തൊട്ടി ആവശ്യമാണ്. സ്വർഗ്ഗത്തിലേക്കുള്ള വഴി കാണുന്നതിന്നും അതിൽ കൂടി നടക്കുന്നതിന്നും ഉള്ള നേത്രവും വിശ്വാസവുമാണ്. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായി കൊണ്ടും വെളിപ്പെടുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ (റോമർ 1:17).

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. ഭവനത്തിലേക്കു പോകാതെ തന്നെ ആ ബാലികയ്ക്കു യേശു എന്തുകൊണ്ടു സൗഖ്യം കല്പിച്ചില്ല? അവൻ ഇതിനു മുമ്പു രണ്ടു പ്രാവശ്യം അങ്ങനെ ചെയ്തിട്ടുണ്ട്. ആ ജനക്കൂട്ടവും ഗ്രാമത്തിലെ ആൾക്കാരും തന്നിൽ വിശ്വസിക്കുന്നതിന് അതിൽ കൂടുതൽ ശക്തിയുള്ള കാരണവും വലിയ അത്ഭുതവുമായിരിക്കുകയില്ലേ? യായീറൊസും മറ്റുള്ളവരും അവൻ വീട്ടിൽ നിന്നും പുറപ്പെട്ടപ്പോഴേ ആ ബാലിക മരിച്ചു എന്ന് അറിയാത്തതിനാലായിരിക്കാം ചിലപ്പോൾ യേശു ഇപ്രകാരം പ്രവർത്തിച്ചത്. യായീറൊസ് ഒരു പക്ഷേ സിനഗോഗിലെ ഒരു പ്രമാണിയായിരുന്നിരിക്കാം. അങ്ങനെയായാൽ യേശുവുമായി നല്ല ലോഹ്യത്തിലാകുവാനിടയില്ല. ഈ പ്രത്യേക പരിതഃസ്ഥിതിയിൽ യേശു യായീറൊസിനോടൊപ്പം പോയതിൽ നിന്നും ശത്രുക്കളെ സ്നേഹിക്കുന്ന സ്നേഹം നമുക്ക് കാണാവുന്നതാണ്. രക്ഷകന്റെ അനുഗ്രഹം ലഭിക്കുന്നതിനുള്ള നാലു വ്യവസ്ഥകൾ യായീറൊസ് നിറവേറ്റിയതിനാൽ അവന്നാവശ്യമുള്ളത് ലഭിച്ചു. യേശു അവനോട് കൂടി അവന്റെ വീട്ടിൽ

പോയി. താളെ പറയുന്നവയായിരുന്നു ആ നാലു നിബന്ധനകൾ:

a. യേശുവിന്റെ അടുക്കൽ വരിക.

b. അവന്റെ മുമ്പിൽ താഴുക.

c. ആത്മാർത്ഥതയോടും ആവശ്യബോധത്തോടും കൂടി ഒരുവൻ അപേക്ഷിക്കുക.

d. അവനിൽ (ക്രിസ്തുവിൽ) ജീവനുള്ള വിശ്വാസം ഉണ്ടായിരിക്കുക.

യേശു യായീറൊസിന്റെ വീട്ടിലേക്കു പോകുമ്പോൾ പുരുഷാരം തിക്കി തിരക്കിയതിനാൽ അവനു എളുപ്പത്തിൽ നടക്കാൻ സാധിച്ചില്ല. ഇത് യായീറൊസിനെ അസ്വസ്ഥനാക്കിയിരിക്കാം. ഒരു സാധുവായ സ്ത്രീക്ക് അവന്റെ ആവശ്യം നേരിട്ടതിനാൽ ഈ താമസം അവനെ കൂടുതൽ കോപിപ്പിച്ചിരിക്കാം. അതീവ രക്തസ്രാവത്താൽ അവൾ കഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ ഈ കാലവിളംബം യായീറൊസിന് കൂടുതൽ അനുഗ്രഹകാരണമായി എന്നു നമുക്കു കരുതാവുന്നതാണ്. അത് അവന്റെ വിശ്വാസത്തെ ബലപ്പെടുത്തുകയും പുനർജീവിപ്പിക്കയും ചെയ്തു.

പന്ത്രണ്ട് വർഷങ്ങളായി രക്തസ്രാവത്താൽ വലഞ്ഞിരുന്ന ഈ സ്ത്രീ യേശുവിനെ സമീപിച്ചു. അവളുടെ രോഗം അവളുടെ ബലം ക്ഷയിപ്പിച്ചിരുന്നു. അവളുടെ പണമെല്ലാം മരുന്നിന് ചെലവാക്കിയിട്ടും ഒരു പ്രയോജനവും ലഭിച്ചിരുന്നില്ല. മോശെയുടെ ന്യായപ്രമാണം പ്രകാരം അവളുടെ രോഗസ്വഭാവത്താൽ അവളെ അശുദ്ധയായി കണക്കാക്കിയിരുന്നു. അതിനാലാണ് അവൾക്കൊറ്റയ്ക്ക് യേശുവിനെ കണ്ടുമുട്ടി അവനോടു തന്റെ രോഗങ്ങളെപ്പറ്റി പരസ്യമായി പ്രസ്താവിക്കാൻ കഴിയാഞ്ഞത്.

അവൾക്ക് യേശുവിൽ ശക്തമായ വിശ്വാസവും അവനെക്കുറിച്ച് ആവശ്യബോധവും ഉണ്ടായിരുന്നു.

അവന്റെ വസ്ത്രം തൊട്ടാൽ തനിക്കു സൗഖ്യം വരുമെന്നും, ഗുരുവിനെ അസഹ്യപ്പെടുത്തുകയോ പുരുഷാരത്തെ അഭിമുഖീകരിക്കുകയോ വേണ്ടിവരില്ലെന്നു അവൾ തന്നോടുതന്നെ പറഞ്ഞിരിക്കാം. അത്യാവശ്യമുള്ളതു താൻ ചിന്തിച്ചതുപോലെ ചെയ്യുന്നതിൽ നിന്നും അവളെ വിലക്കുവാൻ യാതൊന്നിനേയും അവൾ അനുവദിച്ചില്ല. പുരുഷാരം അവളെ തടസ്സപ്പെടുത്തിയില്ല. ഈ സൗഖ്യദായകന്റെ പുറകിൽ വന്നിട്ടവൾ അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. അപ്പോൾ തന്നെ അവൾക്കു സൗഖ്യം ലഭിച്ചു. അവളുടെ സൗഖ്യം ക്ഷിപ്രവും അപ്രതീക്ഷിതവുമായിരുന്നു.

ആ സ്ത്രീ യേശുവിന്റെ പുറകിൽ വന്നു. അവൾ അവന്റെ ശരീരത്തെ തൊട്ടില്ല, അവൾ ചെയ്തതെന്തെന്ന് യേശു അറിയുകയോ അവളെ താൻ കാണുകയോ ചെയ്കയില്ലെന്നു അവൾ വിചാരിച്ചു. മനുഷ്യനു കാണാൻ കഴിയാത്തത് അവൻ കാണുന്നതിനാൽ അവൻ ഉടനെ നിന്നു, “എന്റെ വസ്ത്രം തൊട്ടത് ആർ” എന്നു ചോദിച്ചു. “പുരുഷാരം നിന്നെ തിക്കിതിരക്കുന്നതിനിടയിൽ നിന്നെ തൊട്ടതു ആരെന്നു ചോദിക്കുന്നുവോ?” എന്ന് പത്രോസ് മറുപടി പറഞ്ഞു. എന്നാൽ അവൻ, കൂടുതൽ താത്പര്യമുള്ള വിശ്വാസ സ്പർശത്തെപ്പറ്റിയാണ് ചോദിച്ചത്, സാധാരണ തൊടലിനെപ്പറ്റിയല്ല, - സൗഖ്യം പ്രാപിപ്പാനാവശ്യമുള്ള അനേകരിൽനിന്നും വ്യത്യസ്തമായിരുന്നു ഈ സ്ത്രീയുടെ വിശ്വാസം. വിശ്വാസത്തോടുകൂടി യേശുവിന്റെ വസ്ത്രത്തെ തൊട്ടത് അവളുടെ രക്ഷയ്ക്കു കാരണമായിത്തീർന്നു. ഒറ്റുകാരനായ യൂദാ ഇസ്ക്കെരിയാത്താവെപ്പോലെ മൂന്നു വർഷങ്ങൾ കൂടെത്താമസിക്കുകയും സഖിത്വം പങ്കിടുകയും ചെയ്താലും വിശ്വാസമില്ലെങ്കിൽ ഒരു പ്രയോജനവും ഇല്ല. യേശുവിനോടുകൂടി ആയിരിപ്പാൻ യൂദാസിനു ഭാഗ്യം ലഭിച്ചെങ്കിലും അവനു വിശ്വാസം ഇല്ലാതിരുന്നതിനാൽ തന്റെ ശിക്ഷ ഇരട്ടിച്ചു.

ഈ അത്ഭുതത്താൽ യേശു ഭൗതികവും ആത്മികവുമായ സൗഖ്യം പ്രദാനം ചെയ്യുന്നതിന് മനസ്സായി. തന്റെ ശിഷ്യന്മാരുടെയും യായീറൊസിന്റെയും വിശ്വാസത്തെ ബലപ്പെടുത്തുവാൻ അവൻ വിചാരിച്ചു. തിരുവെഴുത്തു ഇപ്രകാരം പറയുന്നു, "ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കുകയും രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യുന്നു" (റോമർ 10:10).

യേശു പുറകോട്ടു തിരിഞ്ഞ് ആ സ്ത്രീയെ കണ്ടു, അവളെ മനസ്സിലാക്കി എന്നു സൂചിപ്പിച്ചു. മനുഷ്യരോടവൻ എത്രമാത്രം ദയവും സ്നേഹവും ഉള്ളവനാണ് എന്നറിയായ്കയാൽ അവൾ ഭയപ്പെട്ടു. അവൾക്കവകാശമില്ലാത്തത് എടുത്തതിനവളെ ശിക്ഷിക്കുമെന്ന് അവൾ ഭയപ്പെട്ടു. അഥവാ പുരുഷാരത്തിന്റെ മുമ്പിൽവെച്ചു തന്നെ ശകാരിക്കുമെന്നു പേടിച്ചു. അവൾക്കു പരസ്യമായി ഏറ്റുപറയാനേ കഴിഞ്ഞുള്ളൂ. അവൾ അവന്റെ അടുക്കൽ വന്നു വണങ്ങി അവളുടെ രോഗത്തെപ്പറ്റിയെല്ലാം അവനോടു പറഞ്ഞു. അവൾ രഹസ്യമായി ചെയ്തതും എങ്ങനെ അത്ഭുതസൗഖ്യം പ്രാപിച്ചു എന്നതും ഏറ്റു പറഞ്ഞു. അവൻ അവളോടു ഏറ്റവും അനുകമ്പയോടും ദയയോടുംകൂടി പറഞ്ഞത്, "മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടു പോയി ബാധ ഒഴിഞ്ഞവളായിരിക്ക" എന്നു പറഞ്ഞു.

യേശു യായീറൊസിന്റെ ഭവനത്തിലേക്കുള്ള തന്റെ യാത്ര തുടർന്നു. അവന്റെ ഭവനത്തിൽനിന്നും ഒരു ഭൃത്യൻ വന്ന്, "നിന്റെ മകൾ മരിച്ചുപോയി, ഇനിയും ഗുരുവിനെ അസഹ്യപ്പെടുത്തുന്നതു എന്തിന്" എന്നു പറഞ്ഞു. യേശുവിന്റെ മുമ്പിൽ വിനയപ്പെട്ടതിൽ യായീറൊസ് ദുഃഖിച്ചിരിക്കുമോ? തന്റെ മകളുടെ മരണസമയത്ത് വീടുവിട്ടു വന്നതിൽ അവൻ വ്യാകുലപ്പെട്ടോ? യായീറൊസിന്റെ സഹപ്രവർത്തകരും പരീശന്മാരും അവരുടെ ശത്രുവായിരുന്ന ഒരു മനുഷ്യന്റെ - യേശുവിന്റെ - അടുക്കൽ പോയ

തിൽ ക്ഷുഭിതരായിരിക്കുമോ? യേശു യായീറൊസിന്റെ ഹൃദയസ്ഥിതിയേയും എല്ലാ വിചാരങ്ങളേയും അറിഞ്ഞ് അവനെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞത്, "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക" എന്നാണ്.

യേശു യായീറൊസിന്റെ ഭവനത്തിൽ എത്തിച്ചേർന്നപ്പോൾ മറ്റു ശിഷ്യന്മാരെക്കാൾ കൂടുതൽ കരുണ ലഭിച്ച പത്രൊസിനെയും, യോഹന്നാനെയും, യാക്കോബിനെയും മാത്രം കൂട്ടി ബാക്കിയുള്ളവരെ പുരുഷാരത്തോടുകൂടി വെളിയിൽ നിറുത്തി. യേശു തന്റെ ഈ വലിയ അത്ഭുതപ്രവൃത്തിക്കു സാക്ഷികളാകുവാൻ അവരെക്കൂടെ കൊണ്ടുപോയി. അവൻ ഭവനത്തിലേക്കു പ്രവേശിച്ചപ്പോൾ ആരവാരത്തേയും മുറവിളിക്കൂട്ടുന്നവരേയും ശകാരിച്ചു. ഭൗതികമരണത്തെപ്പറ്റിയുള്ള അവരുടെ തെറ്റിദ്ധാരണകൾ നീക്കുവാനായി വിട്ടുപോയ ശരീരത്തിലേക്ക് ആത്മാവിനെ തിരികെ കൊണ്ടുവന്നു. അവൻ ഭൗതിക മരണത്തെ ജീവിതവുമായി ബന്ധപ്പെടുത്തി ഒരു നിദ്രയോടു താരതമ്യപ്പെടുത്തി. ഒരു മനുഷ്യർ ഉറക്കത്തിനുശേഷം ഉന്മേഷമുള്ളവനായി ഉണരുന്നു. അവൻ അവിടെ തടിച്ചുകൂടിയവരോടു "നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ." എന്നു പറഞ്ഞു.

അവർ പ്രത്യേകിച്ചു കൂലിക്കു കരയുന്നവർ, യേശു നിദ്രയേയും മരണത്തേയും തമ്മിൽ തിരിച്ചറിയാഞ്ഞതിനാൽ അവർ അവനെ കളിയാക്കി. അവൻ അവരെ മുറിയിൽ നിന്നും പുറത്താക്കി. മരണത്തോട് പോരാടി യേശു ജയിക്കുന്നതിന് സാക്ഷികളാകുവാൻ യേശു ബാലയുടെ മാതാപിതാക്കളെയും ആ മൂന്നു ശിഷ്യന്മാരെയും മാത്രം അനുവദിച്ചു. പ്രവാചകന്മാർ അവനെപ്പറ്റി പറഞ്ഞു. "അവൻ മരണത്തെ സദാകാലത്തേക്കും നീക്കികളയും." (അവൻ – ദൈവം) പാതാളത്തിന്റെ അധീനത്തിൽ നിന്നും വീണ്ടെടുക്കും. (അവൻ – ദൈവം) അവരെ മരണത്തിൽ നിന്നും വിടുവിക്കും.

മരണമേ, നിന്റെ ബാധകൾ എവിടെ? പാതാളമേ, നിന്റെ സംഹാരം എവിടെ? ഇപ്പോൾ മരണം നീങ്ങി. സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തി (യെശയ്യാവ് 25:8, ഹോശയ 13:14, തിമോത്തി 1:10).

തന്റെ ജീവനെ എടുക്കുവാൻ ആർക്കും കഴിയുകയില്ലെന്നും താൻതന്നെ അതിനെ കൊടുക്കുന്നു എന്നും അതിനെ കൊടുപ്പാനും വീണ്ടും പ്രാപിപ്പാനും തനിക്കു അധികാരമുണ്ടെന്നും യേശു പറഞ്ഞു (യോഹന്നാൻ 10:18). അവൻ തന്റെ അധികാരത്തോടും ആ അഞ്ചുപേരോടും കൂടി മരണമുറിയിൽ പ്രവേശിച്ചു. ബാലയുടെ കൈയ്ക്കു പിടിച്ച് അവളുടെ ശരീരത്തെ വിട്ടുപോയ ആത്മാവിനോട് ആജ്ഞാപിച്ചു പറഞ്ഞത്, “ബാലെ എഴുന്നേൽക്കുക എന്നു ഞാൻ നിന്നോടു കല്പിക്കുന്നു” എന്നാണ്. ഉടനെ ആ ശരീരത്തിലേക്കു ജീവൻ തിരിച്ചുവന്നു, പെൺകുട്ടി എഴുന്നേറ്റു ചുറ്റും നടക്കുവാൻ ആരംഭിച്ചു. അവൾക്ക് എന്തെങ്കിലും ആഹാരം കൊടുക്കാൻ യേശു അവളുടെ മാതാപിതാക്കളോടു പറഞ്ഞു. ഈ അത്ഭുതസംഭവം മഹാവിസ്മയത്തിന് കാരണമായി.

## രണ്ടു കുരുടന്മാരെ സൗഖ്യമാക്കുന്നു

“യേശു അവിടെനിന്നു പോകുമ്പോൾ രണ്ടു കുരുടന്മാർ ദാവീദ്പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചുംകൊണ്ടു പിന്തുടർന്നു. അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്നു. ഇതുചെയ്‌വാൻ എനിക്കു കഴിയുമെന്നു വിശ്വസിക്കുന്നുവോ എന്നു യേശു ചോദിച്ചതിന്നു ഉവ്വു, കർത്താവേ എന്നവർ പറഞ്ഞു. അവൻ അവരുടെ കണ്ണുതൊട്ടു: “നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ” എന്നു പറഞ്ഞു: ഉടനെ അവരുടെ കണ്ണു തുറന്നു. പിന്നെ യേശു നോക്കുവിൻ ഇത് ആരും അറിയരുതു എന്നു അമർച്ച

യായി കല്പിച്ചു. അവരോ പുറപ്പെട്ടു ആ ദേശത്തിലൊക്കെയും അവന്റെ ശ്രുതിയെ പരത്തി" (മത്തായി 9:27-31).

യായീറൊസിന്റെ മകളെ മരണത്തിൽനിന്ന് ഉയർപ്പിച്ച ശേഷം യേശു ഭവനത്തിലേക്കു തിരിച്ചുവന്നു. വഴിയിൽവെച്ച് രണ്ടു കുരുടർ അവന്റെ പിന്നാലെ വന്നു തങ്ങളോടു കരുണ തോന്നണമെന്ന് ഉറക്കെ അപേക്ഷിച്ചുകൊണ്ടിരുന്നു. 'ദാവീദ് പുത്രാ' എന്ന് സംബോധന ചെയ്തുകൊണ്ടാണ് അവരുടെ വിശ്വാസം പ്രദർശിപ്പിച്ചത്. ദാവീദിന്റെ പുത്രനായിരിക്കും യേശുമശീഹ എന്നു പഴയ നിയമ പ്രവാചകന്മാർ ഊന്നിപ്പറഞ്ഞിരുന്നു. ആ രണ്ടു കുരുടന്മാരും തങ്ങളുടെ ബാഹ്യനേത്രങ്ങൾ കൊണ്ടു കാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവരുടെ ആത്മീക നേത്രങ്ങൾ കൊണ്ടു യേശുക്രിസ്തുവിനെ ക്രിസ്തുവായി മനസ്സിലാക്കി. ആ കുരുടന്മാർ കണ്ടതു കാഴ്ചയുള്ള പല മനുഷ്യർക്കും കാണാൻ സാധിച്ചില്ല. ദാവീദ് ആരെപ്പറ്റി പറഞ്ഞിരുന്നോ അവനെ അവർ കണ്ടെത്തി. "എളിയവനേയും ദരിദ്രനേയും അവൻ ആദരിക്കക്കും" (സങ്കീർത്തനം 72:13).

"അവൻ കുരുടന്മാർക്കു കാഴ്ച കൊടുക്കും" എന്ന് യെശയ്യാവ് യേശുവിനെപ്പറ്റി പറഞ്ഞിരുന്നത് അവർ മനസ്സിലാക്കി. ആദ്യം യേശു അവരുടെ അപേക്ഷ കൈകൊള്ളുകയോ അവരെ ശ്രദ്ധിക്കുകയോ ചെയ്തില്ല. എന്നാൽ അവന്റെ ഈ അശ്രദ്ധ അവരെ തളർത്തിയില്ല. പിന്നെയോ അവർ അവനെ അനുഗമിച്ച് അവരുടെ അപേക്ഷ ആവർത്തിച്ചുകൊണ്ടേയിരുന്നു.

എന്തുകൊണ്ടാണു യേശു ആദ്യം അവരെ ഗണ്യമാക്കാതിരുന്നത്? അവരുടെ വിശ്വാസത്തെ പരിശോധിക്കുന്നതിന് അവൻ ആഗ്രഹിച്ചു. ദൈവത്തിന് അവരെ സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നോ എന്നല്ല, മറിച്ച് "ഞാൻ ഇതു ചെയ്‌വാൻ കഴിവുള്ളവനാ

ണെന്ന് നിങ്ങൾ വിശ്വസിക്കുന്നോ" എന്നാണ് അവൻ ചോദിച്ചത്. കാരണം അവർ കുരുടരായിരുന്നതിനാൽ അവന്റെ ശക്തിയോടുക്കൂടിയ സ്നേഹം ക്രിസ്തുവിന്റെ മുഖത്തു ദർശിപ്പാൻ അവർ അശക്തരായിരുന്നുവല്ലോ. അതിനാൽ അവന്റെ കൈകളിലൂടെ അവരോടുള്ള സ്നേഹം വെളിപ്പെടുത്തി. അവൻ അവരുടെ കണ്ണുകൾ സ്പർശിച്ചു. ഉടൻ തന്നെ അവർക്കു കാഴ്ച ലഭിക്കുകയും ചെയ്തു. അവരുടെ കണ്ണുതുറന്നതിലൂടെ രക്ഷയുടെ വഴിയും അവർക്കു തുറന്നു കാണിച്ചു പറഞ്ഞത്, "നിങ്ങ ളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ" എന്നാ ണ്. അവരുടെ വിജയത്തിന്റെ കാരണം അവരുടെ അറി വോ, സാമൂഹിക സ്ഥാനമോ, നന്മയോ ആയിരുന്നില്ല, പിന്നെയോ അവരുടെ വിശ്വാസമായിരുന്നു.

*"കൊയ്ത്തു വളരെയുണ്ടു*
*സത്യം,*
*വേലക്കാരോ*
*ചുരുക്കം;*
*ആകയാൽ കൊയ്ത്തിന്റെ യജമാനനോടു*
*കൊയ്ത്തിലേക്കു*
*വേലക്കാരെ അയക്കേണ്ടതിന്നു*
*യാചിപ്പിൻ".*

*(മത്തായി 9:37-38).*

* * *

# VIII

# യേശു ആ പന്ത്രണ്ട് ശിഷ്യന്മാരെ സുവിശേഷഘോഷണത്തിനു അയയ്ക്കുന്നു

"യേശു പട്ടണം തോറും ഗ്രാമം തോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു. അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ചു മനസ്സലിഞ്ഞു, തൻരെ ശിഷ്യന്മാരോട്: കൊയ്ത്തു വളരെയുണ്ടു സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ എന്നു പറഞ്ഞു." (മത്തായി 9:35-38).

യേശു നസ്രേത്തു വിട്ടു ജനങ്ങളെ ശുശ്രൂഷിച്ചും, സുവിശേഷം ഘോഷിച്ചും, പള്ളികളിൽ ഉപദേശിച്ചും, രോഗികളെ സൗഖ്യമാക്കിയും കൊണ്ടും പട്ടണങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ചു. ആളുകളുടെ അവസ്ഥ കണ്ട് അവനു വളരെ സങ്കടമുണ്ടായി. ഇടയനില്ലാത്ത ഒരു ആട്ടിൻ കൂട്ടത്തോട് അവൻ അവരെ ഉപമിച്ചു. അതേ, അവർക്ക് ഇടയന്മാർ ഉണ്ടായിരുന്നു. എന്നാൽ പേരിന്നു മാത്രം ആ ഇടയന്മാർ കൂലിക്കാരായിരുന്നതുകൊണ്ട് ആളുകളെപ്പറ്റി കരുതൽ ഇല്ലാത്തവരായിരുന്നു. അവർ അവയെ പച്ചയായ പുൽപ്പുറങ്ങളിലേക്കു നടത്തുകയോ. ദാഹശമനാർത്ഥം വെള്ളത്തിന്നരികത്തേക്കു കൊണ്ടുപോകുകയോ ചെയ്തില്ല. അങ്ങനെ പരിതാപവും അരിഷ്ടതയുമുള്ള ആളുകളുടെ ഇടയിലേക്ക് അവർക്കു വേണ്ടി

തന്റെ ജീവൻ കൊടുക്കുന്ന നല്ല ഇടയൻ കടന്നുവന്നു. "അവൻ പുരുഷാരത്തെ കണ്ടു മനസ്സലിഞ്ഞു............"

ആത്മാക്കളുടെ കൊയ്ത്തിനും വേണ്ടി യേശു ശിഷ്യന്മാരെ പരിശീലിപ്പിക്കാൻ തുടങ്ങി. അവൻ തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ വിളിച്ച് അവരെ ഈരണ്ടായി അയച്ചു. അവൻ വളരെ നാളുകളായി അവരെ പഠിപ്പിച്ചിരുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനു അവരെ അയയ്ക്കേണ്ട സമയം ഇപ്പോൾ വന്നു. "കൊയ്ത്തു വളരെ ഉണ്ടു വേലക്കാരോ ചുരുക്ക" മെന്ന് അവൻ പറഞ്ഞു. കൊയ്ത്തിന്റെ യജമാനനാണ് കൊയ്ത്തുകാരെ അയക്കുന്നതെന്ന് അവൻ അവരെ പഠിപ്പിച്ചു. പ്രാർത്ഥനയുടെ മറുപടിയായി അവർ പോകുന്നു എന്നുമാത്രം.

ആത്മീയ ഇടയന്മാർ അവരുടെ പ്രവർത്തനത്തിനുവേണ്ടി എപ്പോഴും ഒരുങ്ങിയിരിക്കേണ്ട ആവശ്യമുണ്ട്. ആദ്യം അതിനു വേണ്ടി അവർ സ്വമനസാ മുന്നോട്ടു വരണം. പിന്നെ അവരെ ചുമതലപ്പെട്ടവർ തെരഞ്ഞെടുക്കണം. ദൈവത്തിന്റെ ആത്മാവ് അവരെ അയക്കാതെ ഒരിക്കലും അവരുടെ പ്രവർത്തനം വിജയികരമായിരിക്കുകയില്ല. വിജയകരമായ ആത്മികപ്രവർത്തനങ്ങൾ വിശ്വാസികൾ പഠിക്കുന്ന ദൈവശാസ്ത്ര സ്ക്കൂളുകളേയോ അവർക്കു ലഭിക്കുന്ന ശമ്പളത്തെയോ ആശ്രയിച്ചല്ല, പ്രത്യുത കൊയ്ത്തിന്റെ യജമാനൻ അവരെ അയയ്ക്കുന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

"ഈ പന്ത്രണ്ടുപേരെയും യേശു അയയ്ക്കുമ്പോൾ അവരോടു ആജ്ഞാപിച്ചതെന്തെന്നാൽ : ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ. നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ. രോഗികളെ സൗഖ്യമാക്കു

വിൻ; മരിച്ചവരെ ഉയർപ്പിക്കുവിൻ; കുഷ്ഠരോഗികളെ ശുദ്ധ മാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യമായി കൊടുപ്പിൻ മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ടു ഉടുപ്പും ചെരിപ്പും വടിയും കരുതരുതു വേലക്കാരൻ തന്റെ ആഹാ രത്തിനു യോഗ്യനല്ലോ" (മത്തായി 10:5-10).

യേശു ശിഷ്യന്മാരെ ഈരണ്ടു പേരായി അയച്ച പ്പോൾ അവർക്ക് ആവശ്യമായ കഴിവുകളും കൊടുത്താണ് അയച്ചത്. സൗഖ്യപ്പെടുത്തുവാനും ഭൂതങ്ങളെ പുറത്താ ക്കുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനുമുള്ള അത്ഭുത ശക്തി അവൻ അവർക്കു കൊടുത്തു. അതിശയങ്ങളിൽ കൂടെ അവരുടെ പ്രഖ്യാപനങ്ങളെ ഉറപ്പിച്ചിരുന്നു. എന്താണ് പ്രസംഗിക്കേണ്ടതെന്നുള്ള വ്യക്തമായ നിർദ്ദേ ശങ്ങൾ അവൻ അവർക്കും നൽകിയിരുന്നു എന്നുള്ളതാ യിരുന്നു വളരെ പ്രധാനപ്പെട്ട കാര്യം. മതത്തെ ഒരു ധനാ ഗമ മാർഗ്ഗമായി സ്വീകരിച്ചിരുന്ന യഹൂദമൂപ്പന്മാരും, ശിഷ്യ ന്മാരും തന്നിലുള്ള വ്യത്യാസം യേശു വ്യക്തമായി അവരെ മനസ്സിലാക്കിയിരുന്നു.

ഒരുവൻ ആർക്കെങ്കിലും നന്മ ചെയ്താൽ അതി നുടനെ പ്രതിഫലം ലഭിച്ചില്ലെങ്കിൽ അവൻ ഇരട്ടി പ്രതി ഫലത്തിന് അർഹനാണ്. അതുകൊണ്ടാണ് യേശു തന്റെ ശിഷ്യന്മാർക്ക് ഇപ്രകാരം നിയമം വെച്ചത് "ദാനമായി നിങ്ങൾക്കു ലഭിച്ചു ദാനമായി കൊടുപ്പിൻ". ഈ നിയമം അനുസരിക്കുന്നതുമൂലം അവരുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്ന് അവൻ അവർക്കുറപ്പ് നൽകി. അവർ ഒരു ക്രമീകരണവും ചെയ്യാതെ തന്നെ ഈ കാര്യങ്ങ ളെല്ലാം അവർക്കു സാധിച്ചു കിട്ടുമെന്നും ഉറപ്പിച്ചു പറ ഞ്ഞു. അവന്റെ ആത്മീയ താത്പര്യങ്ങളിൽ അവർ തല്പ രരായിരിക്കുന്നിടത്തോളം കാലം അവരുടെ ഭൗതിക ആവ ശ്യങ്ങൾ അവൻ കരുതി കൊള്ളുക തന്നെ ചെയ്യും. "മുമ്പേ

അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്ക് ഇതൊക്കെയും കിട്ടു." (മത്തായി 6:33).

ഏതു പട്ടണത്തിലോ ഗ്രാമത്തിലോ കടക്കുമ്പോൾ അവിടെ യോഗ്യൻ ആരെന്ന് അന്വേഷിപ്പിൻ; പുറപ്പെടുവോളം അവിടെത്തന്നെ പാർപ്പിൻ. ആ വീട്ടിൽ ചെല്ലുമ്പോൾ അതിനു വന്ദനം പറവിൻ. വീട്ടിന്നു യോഗ്യതയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അതിന്മേൽ വരട്ടെ; യോഗ്യതയില്ലായെന്നു വരികിൽ സമാധാനം നിങ്ങളിലേക്കു മടങ്ങിപ്പോരട്ടെ. ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ ആ വീടോ പട്ടണമോ വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവിൻ. ന്യായവിധി ദിവസത്തിൽ ആ പട്ടണത്തെക്കാൾ സൊദോമ്യരുടേയും ഗമോര്യരുടേയും ദേശത്തിനു സഹിക്കാവതാകും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു" (മത്തായി 10:11–15).

ഒരേ ഗ്രാമത്തിൽ ഒരു വീടു വിട്ടു മറ്റൊരു വീട്ടിലേക്കു അലഞ്ഞു തിരിയരുതെന്നു യേശു അവരെ ഓർമിപ്പിച്ചു. ഒന്നിൽ കൂടുതൽ വീടുകളിൽ പാർത്താൽ ആഗ്രഹിക്കുന്ന ഫലം ലഭിക്കുവാൻ സമയം കിട്ടുകയില്ല. ഓരോ പട്ടണത്തിലും ഒരു വീട്ടിൽ സുവിശേഷത്തിന്റെ തീനാളം കത്തിച്ചാൽ അവർ ആ പട്ടണം വിട്ടുപോകുമ്പോൾ ആ വീടു മറ്റുള്ളവരെ സ്വാധീനിക്കും. അവർ രാജാവിന്റെ പ്രതിപുരുഷന്മാരാകയാൽ ആരെങ്കിലും അവരെയോ അവരുടെ ഉപദേശങ്ങളെയോ തള്ളിക്കളഞ്ഞാൽ അതിനെതിരായി ശക്തിയായ മുന്നറിയിപ്പും നൽകണമെന്ന് അവൻ അവരെ ഓർമിപ്പിച്ചു. ആരെങ്കിലും അവരെ അപലപിച്ചാൽ അവരെ അയച്ച് രാജാവിനെയായിരിക്കും അപലപിക്കുന്നത്. അവരെ ഉപദ്രവിക്കുന്നവരെ യേശു ശിക്ഷിക്കും. സ്വർഗ്ഗീയ സിംഹാസനത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു ദൂതനെ നിരസിച്ചാൽ അവർക്കും രക്ഷപ്പെടാൻ സാധ്യമല്ല. അവർ ഭയങ്കരമായ ശിക്ഷ അനുഭവിക്കും.

“ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ. മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ; അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കുകയും തങ്ങളുടെ പള്ളികളിൽ വെച്ചു ചമ്മട്ടി കൊണ്ടു അടിക്കയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകയും ചെയ്യും; അതു അവർക്കും ജാതികൾക്കും ഒരു സാക്ഷ്യമായിരിക്കും. എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ട; പറയാനുള്ളതു ആ നാഴികയിൽ തന്നെ നിങ്ങൾക്കു ലഭിക്കും. പറയുന്നതു നിങ്ങൾ അല്ല, നിങ്ങളിൽ വസിക്കുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ” (മത്തായി 10:16-20, 28).

അവർ ആരെ ശുശ്രൂഷിക്കുന്നോ അവരിൽനിന്നും കഠിനപീഡനങ്ങൾ അനുഭവിക്കേണ്ടിവരുമെന്ന് യേശു തന്റെ ശിഷ്യന്മാരോട് പ്രസ്താവിച്ചു. അവർ ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ആയിരിക്കും. സുവിശേഷഘോഷണമെന്ന അവരുടെ പ്രവൃത്തികൊണ്ട് അവർ രാജാക്കന്മാരുടെയും നാടുവാഴികളുടെയും വെറുപ്പിനും പീഡനങ്ങൾക്കും ഇരയാകും. അതിനാൽ അവർ ആടിനെപ്പോലെ പ്രതികാരേച്ഛ കൂടാതെ നിഷ്ക്കളങ്കരായിരിക്കും. ദൈവത്തിന്റെ ആത്മാവ് അവരെ വിട്ടുമാറാതെ അവരെ സഹായിക്കാനുള്ളതുകൊണ്ട് അവർ പൂർണ്ണമായി അവനെ ആശ്രയിക്കുകയും അവന്റെ സാന്നിദ്ധ്യം അറിയുകയും വേണം. അവരെപ്പോലെ തന്നെ യേശുവിനോടും അവർ അങ്ങനെ തന്നെ പെരുമാറും. അവന്റെ നാമം നിമിത്തം അവർ വെറുക്കപ്പെടുമ്പോൾ ഇത് അവർക്ക്

ആശ്വാസമായിരിക്കും. ശാരീരിക പീഡനങ്ങളോ മരണമോ മൂലം അവർ അതീവ ശ്രദ്ധാലുക്കളോ ഭയപ്പെട്ടവരോ ആകേണ്ട കാര്യമില്ല. ആത്മീക പീഡനവും നാശവും ആണല്ലോ ഗണ്യമായിട്ടുള്ളത്. അവരുടെ തലയിലെ മുടികൾ എണ്ണപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തിന്റെ അവരോടുള്ള കരുതലിൽ എല്ലാം അടങ്ങിയിട്ടുണ്ട്. (മത്തായി 10:30). ഈ രക്ഷകനെ ഭയമില്ലാതെ ആരേറ്റു പറയുന്നോ അവർക്ക് അവസാനം സ്വർഗ്ഗത്തിൽ ഈ രക്ഷകന്റെ തന്നെ അംഗീകാരവും ലഭിക്കും.

"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്. സമാധാനമല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്, മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമക്കളെ അമ്മാവിയമ്മയോടും ഭേദിപ്പാനത്രേ ഞാൻ വന്നത്. ഒരു മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും.

എന്നെക്കാൾ അധികം അപ്പനെയോ, അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കും യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.

പ്രവാചകൻ എന്നുവെച്ചു പ്രവാചകനെ കൈക്കൊള്ളുന്നവന്നു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ചു നീതിമാനെ കൈക്കൊള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും, ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുത്തനു ഒരു പാനപാത്രം തണ്ണീർ

മാത്രം കുടിപ്പാൻ കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 10:34-42).

യേശു സമാധാനത്തിന്റെ പ്രഭുവാണ്. അവന്റേത് സമാധാനത്തിന്റെ സാമ്രാജ്യമാണ്. എന്നാൽ സമാധാനം നിലനിർത്തുന്നതിനു ചിലപ്പോൾ ആത്മീയ സംഘട്ടനങ്ങൾ ആവശ്യമായി വരുന്നു. സത്യം വെളിപ്പെടുത്തപ്പെടുമ്പോൾ, തെറ്റിനു കാരണക്കാരായവർ, അതിനെതിരായി യുദ്ധം ചെയ്യും. എന്തുകൊണ്ടെന്നാൽ യേശു സമാധാനമല്ല, വാളത്രെ വരുത്തുവാൻ വന്നത്. പല അവസരങ്ങളിലും ഏറ്റവും അടുത്ത ബന്ധുക്കളെപ്പോലും മാറ്റിനിർത്തുന്നത് അവന്റെ വേലയ്ക്കു ആവശ്യമായി വരുന്നു. ദൈവത്തെക്കാൾ കൂടുതൽ കുടുംബത്തെ പ്രസാദിപ്പിക്കുന്നവർ ആരെന്നും സ്വർഗ്ഗീയ രാജാവിനെ ബന്ധുക്കൾക്കുവേണ്ടി ഉപേക്ഷിക്കുന്നവർ ആരെന്നും ഇത്തരം അവസരങ്ങൾ വ്യക്തമാക്കുന്നു. തന്റെ ജീവനെ രക്ഷിക്കാൻ ദൈവത്തെ തള്ളി തന്റെ വിശ്വാസത്തെ ത്യജിക്കുന്നവൻ ഒടുവിൽ നഷ്ടപ്പെട്ടവനാകും. വിശ്വസ്തനായിരിക്കുന്നവന്നു തന്റെ നന്മപ്രവൃത്തികൾക്ക് പ്രതിഫലം ലഭിക്കും; അത് എത്ര മാത്രം ചെറിയ നന്മ പ്രവൃത്തിയായാലും. സ്നേഹത്താൽ യേശുവിന്റെ ശിഷ്യന്നു ഒരു കപ്പു പച്ചവെള്ളം കൊടുക്കുന്നവനു പോലും പ്രതിഫലം ലഭിക്കും. യേശു പ്രസംഗിച്ചു കഴിഞ്ഞപ്പോൾ തന്റെ ഭൃത്യന്മാർ തങ്ങളെ ഏല്പിച്ച അതി ഗൗരവമായ പ്രവൃത്തികൾക്കായി എല്ലായിടത്തും പോയി.

"പിന്നെ അപ്പൊസ്തലന്മാർ യേശുവിന്റെ അടുക്കൽ വന്നുകൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അറിയിച്ചു. വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്കും ഭക്ഷിപ്പാൻ പോലും സമയം ഇല്ലായ്കകൊണ്ടു അവൻ അവരോടു: നിങ്ങൾ ഒരു ഏകാന്ത സ്ഥലത്തു വേറിട്ടുവെന്നു അല്പം ആശ്വസിച്ചു കൊൾവിൻ എന്നു പറഞ്ഞു. അങ്ങനെ അവർ പട

കിൽ കയറി; ഒരു ഏകാന്തത സ്ഥലത്തു വേറിട്ടുപോയി. അവർ പോകുന്നതു പലരും കണ്ടു അറിഞ്ഞു. എല്ലാ പട്ട ണങ്ങളിൽനിന്നും കാൽനടയായി അവിടേക്കു ഓടി, അവർക്കു മുമ്പെ എത്തി. അവൻ പടകിൽനിന്നും ഇറങ്ങി യാരെ വലിയ പുരുഷാരത്തെ കണ്ടു; അവർ ഇടയനി ല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ടു അവരിൽ മനസ്സലിഞ്ഞു പലതും ഉപദേശിച്ചു തുടങ്ങി' (മർക്കൊസ് 6:30–34).

യേശു തന്റെ ശിഷ്യന്മാരെ പ്രസംഗിപ്പാൻ അയച്ച തിനു ശേഷം ഹെരോദാ രാജാവ് യോഹന്നാൻ സ്നാപ കനെ ശിരച്ഛേദനം ചെയ്തു. ഹെരോദാവിന്റെ സഹോദ രന്റെ ഭാര്യയുടെ അപേക്ഷപ്രകാരമാണ് അങ്ങനെ ചെയ്ത ത്, എന്തെന്നാൽ ഹെരോദാവ് അവളെ വിവാഹം ചെയ്തി രുന്നു. ആ പന്ത്രണ്ടു ശിഷ്യന്മാർ തങ്ങളുടെ ശുശ്രൂഷ നിവർത്തിച്ചു തിരിച്ചു വന്നപ്പോൾ യോഹന്നാന്റെ മരണ വാർത്ത കേട്ട് അമ്പരന്നുപോയി. അവർക്ക് അത് വളരെ ദുഃഖമുളവാക്കി, പ്രത്യേകിച്ചു സത്യത്തിന്റെ വഴി ആദ്യം അവന്റെ പ്രസംഗത്താൽ കേട്ടവരാണവർ, ആ രാജ്യം ഒട്ടാ കെയുള്ള തങ്ങളുടെ ഉപദേശത്തിന്റെയും അദ്ധ്യാപനത്തി ന്റെയും അനുഭവ സാക്ഷ്യങ്ങൾ ശിഷ്യന്മാർ യേശുവിനോടു വിവരിച്ചപ്പോൾ പുരുഷാരം അവർക്കു ഭക്ഷിപ്പാനും കൂടെ സമയം കൊടുക്കാതെ വണ്ണം അവരുടെ ശുശ്രൂഷ ആവ ശ്യപ്പെട്ടുകൊണ്ട് തടിച്ചുകൂടി. വിശ്രമത്തിനായി തന്നോടു കൂടി ആ ശിഷ്യന്മാരെ ഒരു സ്വസ്ഥമായ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്നതു യുക്തമെന്ന് യേശു കരുതി. യോഹന്നാൻ അടുത്ത കാലത്ത് ശിരച്ഛേദനം ചെയ്യപ്പെട്ട തിനാൽ യേശു തന്റെ ശിഷ്യന്മാരുമായി ഒരു ഒഴിഞ്ഞ സ്ഥലത്തേക്കു കുറെ നേരത്തേക്ക് പോകുവാനായി ഇച്ഛി ച്ചു. യേശുവിനു ചുറ്റും കൂടിയിരുന്ന പുരുഷാരത്തെ കണ്ടു ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക്, യേശു അവർക്കെതിരായി ഒരു വലിയ ജനത്തെ (യോഹന്നാനെ ശിരച്ഛേദം ചെയ്ത

തിനു വിരോധമായി) സംഘടിപ്പിക്കുന്നതായി തോന്നാവുന്നതും ആയിരുന്നു. അതിനാൽ യേശു അവരെ പറഞ്ഞയച്ചു. ആ വലിയ ജനക്കൂട്ടത്തെ പിരിച്ചു വിടാനായി അവൻ ആഗ്രഹിച്ചു, അല്ലെങ്കിൽ ആ കാരണം പറഞ്ഞു യേശുവിനെ അറസ്റ്റ് ചെയ്യുവാൻ (ബന്ധിക്കാൻ) സാധ്യതയുണ്ടായിരുന്നു.

അവന്റെ ശുശ്രൂഷക്കുവേണ്ടി തെരഞ്ഞെടുത്ത സൈന്യത്തെ കാത്ത് കിടക്കുകയായിരുന്നു. അവരുടെ ക്ഷീണത്തിനു വിശ്രമം ആവശ്യമായിരുന്നു. വേലയുടെ സമ്മർദ്ദത്തിൽ നിന്നും പുരുഷാരത്തിൽ നിന്നും പിറകോട്ട് മാറുന്നതിന്നു യേശുവിനും തന്റെ ശിഷ്യന്മാർക്കും പറ്റിയ ഇടം കടലായിരുന്നു. കൂടാതെ യോഹന്നാന്റെ ഘാതകനായ ഹെരോദാവിന്റെ സ്ഥലത്തു നിന്നും ഒഴിഞ്ഞു മാറുന്നത് ബുദ്ധിയുള്ള തീരുമാനവും ആയിരുന്നു. ഹെരോദാവിനെക്കാൾ നന്നായി ഭരിച്ചിരുന്ന അവന്റെ സഹോദരനായ ഫിലിപ്പോസിന്റെ സ്ഥലത്തേക്കു അവർ പോയി. പട്ടണത്തിൽ വെച്ചു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാൻ സാധിക്കാത്ത ചില കാര്യങ്ങൾ പഠിപ്പിക്കാൻ പറ്റിയ സ്ഥലവുമായിരുന്നു അത്. അവൻ അവരുമായി പടകിൽ കയറി കടലിലേക്കു യാത്ര ആരംഭിച്ചു. കാറ്റ് അനുകൂലമല്ലാത്തതിനാൽ കപ്പൽ വളരെ സാവധാനത്തിൽ പോയിരുന്നതു കൊണ്ട് അവർക്കു വിശ്രമിപ്പാൻ അവസരം ലഭിച്ചു.

ആ തടാകത്തിന്റെ വടക്കേ കരയ്ക്കുകൂടി നടന്നു പുരുഷാരം ബത്സെയ്ദായിലേക്കു പോയി. കപ്പൽ അടുത്ത ഉടനെ ആ പുരുഷാരവും ആ പ്രദേശത്തെ ആളുകളും അവിടെ യേശുവിനേയും ശിഷ്യന്മാരേയും എതിരേറ്റു. അവന്റെ ദയയുള്ള ഹൃദയം അവരെ ശകാരിക്കുന്നതിനോ, ദേഷ്യമായി പെരുമാറുന്നതിനോ, അവരെ പറഞ്ഞയയ്ക്കുന്നതിനോ അനുവദിച്ചില്ല. അവനെ അന്വേഷിച്ചപ്പോൾ എല്ലാം അവരുടെ ആവശ്യങ്ങളിൽ അവൻ കരുണ കാണിച്ചിട്ടുണ്ട്. സൗഖ്യമാവശ്യമുള്ളവർക്ക് അവൻ

രോഗസൗഖ്യം നൽകിയതിനു ശേഷം പിൻവാങ്ങി. അവൻ ശിഷ്യന്മാരുമായി ഒരു കുന്നിലേക്കു കയറിപ്പോയി. അവൻ ഇരുന്ന ഉടനെ ഒരു വലിയ പുരുഷാരം അവന്റെ അടുത്തേക്കു വരുവാൻ തുടങ്ങി. ഇടയനില്ലാത്ത ആടുകളെപ്പോലെ അവരുടെ വിശക്കുന്ന ആത്മാക്കളെ കണ്ടിട്ട് അവനു അവരോടു കോപത്തിനു പകരം മനസ്സലിവ് തോന്നി. അവൻ അവരോടു കരുണ കാട്ടി, അവരുടെ രോഗികളെ സൗഖ്യമാക്കി. ആ പുരുഷാരം വൈകുന്നേരം വരെ അവനോടുകൂടെ ഉണ്ടായിരുന്നു. ആരാണ് ആയിരങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നത്? എന്ന ഒരു പുതിയ പ്രശ്നം അവന്റെ മുമ്പിൽ ഉണ്ടായി.

* * *



# IX

## യേശു അയ്യായിരത്തെ പോഷിപ്പിക്കുന്നു

"പിന്നെ നേരം നന്നേ വൈകീട്ടു ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു, ഇതു നിർജ്ജന പ്രദേശമല്ലോ, നേരവും നന്നേ വൈകി, ഭക്ഷിപ്പാൻ ഇല്ലായ്കയാൽ അവർ ചുറ്റുമുള്ള കുടികളിലും ഊരുകളിലും ചെന്നു ഭക്ഷിപ്പാൻ വല്ലതും കൊള്ളേണ്ടതിന്നു അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു. അവൻ അവരോടു: നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു കല്പിച്ചതിന്നു: ഞങ്ങൾ പോയി ഇരുനൂറു വെള്ളിക്കാശിന്നു അപ്പം കൊണ്ടിട്ടു അവർക്കു തിന്മാൻ കൊടുക്കയോ? എന്നു അവനോടു പറഞ്ഞു. അവൻ അവരോടു: നിങ്ങൾക്കു എത്ര അപ്പം ഉണ്ടു? ചെന്നു നോക്കുവിൻ എന്നു പറഞ്ഞു. അവൻ നോക്കീട്ടു: അഞ്ച്, രണ്ടു മീനും ഉണ്ട് എന്നു പറഞ്ഞു.

പിന്നെ അവൻ അവരോടു: എല്ലാവരേയും പച്ചപ്പുല്ലിൽ പന്തിപന്തിയായി ഇരുത്തുവാൻ കല്പിച്ചു. അവർ നൂറും അമ്പതും വീതം നിരനിരയായി ഇരുന്നു. അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി, അവർക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാർക്കു കൊടുത്തു. ആ രണ്ടു മീനും എല്ലാവർക്കും വിഭാഗിച്ചുകൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി. കഷണങ്ങളും മീൻ നുറുക്കും പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. അപ്പം തിന്നവരോ അയ്യായിരം പുരുഷന്മാർ ആയിരുന്നു" (മർക്കൊസ് 6:35-44).

ആ സായം കാലം ആ ശിഷ്യന്മാർ എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങി. അവർ യോജിച്ച് യേശുവിന്റെ അടുക്കൽ തങ്ങളുടെ നിർദ്ദേശം വെക്കുവാൻ തീരുമാനി

ച്ചു. തങ്ങളുടെ യജമാനനിൽ നിന്നും നിർദ്ദേശങ്ങൾ സ്വീക രിക്കുന്നതിനു തക്കക്ഷമാശീലം അവർ പഠിച്ചിരുന്നില്ല. എന്തു ചെയ്യണമെന്നു തന്നെ ആരും ഓർമ്മപ്പെടുത്തേ ണ്ടതില്ലെന്ന് അവർ പഠിച്ചില്ല. പുരുഷാരത്തെപ്പറ്റിയും യേശുവിനെപ്പറ്റിയും തങ്ങളെപ്പറ്റിയും തങ്ങൾക്കു ഒരു നല്ല കണക്കുക്കൂട്ടൽ ഉണ്ടെന്ന് അവർ കരുതിയിരിക്കാം.

അവർ യേശുവിന്റെ അടുത്തു വന്നു പറഞ്ഞു: "ഇതു ഒരു മരുപ്രദേശമാണു. സമയവും വൈകി. അടു ത്തുള്ള ഊരുകളിലും ഗ്രാമങ്ങളിലും പോയി അവർ തന്നെ അപ്പം വാങ്ങേണ്ടതിന്നു അവരെ പറഞ്ഞയക്കേണമേ. അവർക്കു ഭക്ഷിപ്പാൻ ഒന്നുമില്ല" എന്ന്. പുരുഷാരം ഭക്ഷണം കൊടുക്കാൻ ആവശ്യപ്പെട്ടേക്കുമെന്ന് അവർ ഭയ പ്പെട്ടെന്ന് തോന്നുന്നു. വൈകുന്നേരമായാൽ ഈ പുരുഷ ന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും (അവരിൽ കുറെപ്പേർ രോഗികളും ആയിരുന്നു) ഈ മരുഭൂമിയിൽ കഷ്ടപ്പെടു മെന്നു അവർ വിചാരിച്ചു.

ഭക്ഷണം കിട്ടാവുന്ന സ്ഥലത്തെപ്പറ്റി യേശു അവ രോടു ചോദിച്ചു. യേശു ഉന്നയിച്ച ഈ പ്രശ്നത്തിന്റെ പ്രയാസത്തെപ്പറ്റി അവർക്കു നല്ല ബോധ്യം ഉണ്ടായിരു ന്നു. അവർ കണക്കുകൂട്ടിയിട്ട് അപ്പത്തിനു മാത്രം ഇരു ന്നൂറു വെള്ളിനാണയങ്ങൾ ആവശ്യമുണ്ടെന്നു കണ്ടുപി ടിച്ചു. ഈ പണം എവിടെനിന്നുണ്ടാക്കുവാനാണ്? യേശു വിന്റെ കൈയിൽ ഉണ്ടായിരുന്നോ? അവൻ സ്വന്തം തല ചായ്പ്പാൻപോലും സ്ഥലമില്ലാത്തവനാണ്. അത്യാവശ്യ മുള്ള പണം കിട്ടിയാൽ തന്നെ അത്രമാത്രം ആഹാരം (അല്പം മാത്രമെങ്കിലും) പല ഗ്രാമങ്ങളിലും പോയി വാങ്ങുവാൻ സമയവുമില്ലായിരുന്നു. നേരം ഇരുട്ടായി തുട ങ്ങിയിരുന്നു. കൂടാതെ അത്രമാത്രം ആഹാരം അവർ എങ്ങനെ കൊണ്ടുവരും. യേശുവിനെപ്പോലുള്ള ഒരാൾ തന്റെ അതിഥികൾക്കു വളരെ കുറച്ചു മാത്രം അപ്പം കൊടു ക്കുന്നത് ഭൂഷണമല്ലതാനും. "ഞങ്ങൾ പോയി 200 ദിനാ

റിന്നു അവർക്കു വല്ലതും തിന്നാൻ കൊടുക്കേണ്ടതിന്നു വാങ്ങി കൊണ്ടുവരണമോ?" അവർ വിചാരിച്ചു അവരുടെ ഈ മറുപടി യേശുവിനെ തൃപ്തിപ്പെടുത്തി ജനങ്ങളെ പിരിച്ചു വിടുന്നതിനുള്ള അവരുടെ ഉപദേശം അവൻ സ്വീകരിക്കുമെന്ന്.

അവരുടെ കൈവശം ഭക്ഷണമില്ലെന്ന് യേശുവിനു നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ മറ്റുള്ളവർക്കു നന്മ ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്കു യേശുവിനെ ആവശ്യമുണ്ടെന്ന് അവരെ പഠിപ്പിക്കുന്നതിന് അവൻ ആഗ്ര ഹിച്ചു. കാരണം ഒരുത്തർക്കും അവനവനിൽ നിന്ന് ഒന്നും കൊടുക്കുവാൻ സാധ്യമല്ല. അതേ സമയത്ത് തന്നെ ദൈവം തന്റെ ഉദ്ദേശ്യങ്ങൾ ലോകത്തിൽ നടപ്പിലാക്കു വാൻ മനുഷ്യരെ ഉപയോഗിക്കുന്നു എന്ന സത്യവും യേശു വെളിപ്പെടുത്തി. അവൻ തന്റെ ആത്മീകവും ഭൗതികവു മായ ദാനങ്ങൾ നേരിട്ടു വിതരണം ചെയ്യുകയോ, ദൈവ ദൂതന്മാരെ (വളരെ വിരളമായി മാത്രം) ഉപയോഗിക്കു കയോ ചെയ്യുന്നില്ല. ഈ നിയമം കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കുമുള്ള പ്രയോജനത്തിനു മാത്രമാണ്. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും തമ്മിലുള്ള ഒരു സ്നേഹബന്ധത്തിനു അത് വഴിതെളിയിക്കുന്നു. കൂടാതെ സ്വീകരിക്കുന്നവൻ സ്വയപരിത്യാഗത്തോടെ മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ ഇടയാകുന്നു. യേശുവിന്റെ ആജ്ഞ ശിഷ്യന്മാർ എതിർത്തത്, "ഓരോരുത്തർക്കും അല്പാല്പ മെങ്കിലും കൊടുക്കുവാൻ ഞങ്ങൾ 200 ദിനാർ വിലയുള്ള ഭക്ഷണസാധനങ്ങൾ പോയി വാങ്ങണമോ" എന്നു ചോദി ച്ചുകൊണ്ടാണ്. യേശു ചോദിച്ചു, "നിങ്ങളുടെ കൈയിൽ എത്ര അപ്പമുണ്ടു, നോക്കൂ" എന്ന്. ദൈവം സാധ്യത യുള്ളപ്പോഴെല്ലാം മനുഷ്യന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്നു എന്നു അവരെ ഓർമ്മിപ്പിക്കുകയായി രുന്നു. ഇപ്രകാരം പറഞ്ഞതിലൂടെ ചെയ്തത്. അവിടെ ചിലത് ഉണ്ടായിരുന്നതിനാൽ ഒന്നുമില്ലായ്മയിൽ നിന്നും

അപ്പം ഉണ്ടാക്കുവാൻ യേശു ആഗ്രഹിച്ചില്ല. മനുഷ്യരോടോ ദൈവത്തോടോ ചോദിക്കാതെ തങ്ങൾക്ക് ദൈവം നല്കിയിട്ടുള്ളത് ഉപയോഗിപ്പാൻ അവരെ പഠിപ്പിക്കേണ്ടതിന്നു അവരുടെ കൈയിൽ ഉള്ളതിനെ അവൻ ആദ്യം ഉപയോഗപ്പെടുത്തി. നമ്മുടെ കൈയിലുള്ളതെല്ലാം തീരാതെ ദൈവത്തോട് ചോദിക്കാൻ അവകാശമില്ല. നമുക്കു നമ്മെ തന്നെ സഹായിക്കാൻ കഴിയുമെങ്കിൽ മറ്റുള്ളവരെ ആശ്രയിക്കുന്നത് ശകാരത്തിന് വഴിതെളിയിക്കുന്നതാണ്. നാം ആഗ്രഹിക്കുന്നതെല്ലാം ദൈവം ചെയ്യുമെന്ന് പ്രതീക്ഷിക്കുമ്പോൾ നമ്മൾ മടിയന്മാരും അനാവശ്യമായി ആശ്രയിക്കുന്നവരും ആയിത്തീരുന്നു. മാനുഷിക പ്രവർത്തനങ്ങൾ അവസാനിക്കുമ്പോഴും, പരാജയപ്പെടുമ്പോഴും മാത്രമേ നാം ദൈവത്തോടു ചോദിക്കാവൂ.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന ഈ സംഭവത്തിൽ (അദ്ധ്യായം 6:1-14) യേശു ക്രിസ്തുവിന്റെ ആദ്യത്തെ ശിഷ്യനായ അന്ത്രയോസ് ആണ് ആ പുരുഷാരത്തിന്റെ ഇടയിൽ ഒരു ബാലന്റെ കൈവശം അഞ്ച് അപ്പവും രണ്ടു മീനും ഉണ്ടെന്നു കണ്ടുപിടിച്ചത്. ആ പയ്യൻ ഭക്ഷണസാധനങ്ങൾ വില്ക്കുന്നവനായിരിക്കും. അന്ത്രയോസ് അല്പം സങ്കോചത്തോടുകൂടി യേശുവിനോടു പറഞ്ഞു, "ഇത്രമാത്രം ജനങ്ങൾക്കു ഈ മീൻ എന്തുള്ളൂ" എന്ന് (യോഹന്നാൻ 6:9). യേശു അത് വിട്ടുകളയുന്നതിന്നോ, (അത് പ്രയോജനമല്ലാതെന്നോ, അത്) ജനങ്ങൾക്ക് വിളമ്പികൊടുക്കാനോ പറയാതെ താനാണ് എല്ലാ നന്മയുടെയും അനുഗ്രഹത്തിന്റെയും ഉറവിടമെന്ന് അവരെ പഠിപ്പിക്കുന്നതിന്നുവേണ്ടി അത് തന്റെ അടുക്കൽ കൊണ്ടുവരാനാണ് പറഞ്ഞത്. അവനാണ് യഥാർത്ഥ അവകാശിയും രാജാവും നമുക്കുള്ളതെല്ലാം അവന്റെ വകയാണ്. ആരും എതിർക്കാതെ തന്റെ ഇഷ്ടപ്രകാരം അവന്ന് എന്തും ചെയ്യാവുന്നതാണ്. നിയമങ്ങളും ചട്ടങ്ങളും ഭൗതിക ജീവിതത്തിലും ആവശ്യമാ

ണെന്നതിനാൽ യേശുവിന്നു അതിനെക്കുറിച്ച് താത്പ ര്യമുണ്ടായിരുന്നു. പച്ചപ്പുല്ലിന്റെ മുകളിൽ വരിവരിയായി ഇരിക്കുവാൻ അവൻ ആജ്ഞാപിച്ചു. ഭക്ഷണം ക്രമവും ചിട്ടയും ഇല്ലാതെ തോന്നിയത് പോലെ വിതരണം ചെയ്താൽ ആളുകൾ അന്യോന്യം ചവിട്ടിമെതിക്കപ്പെടു കയും ശക്തന്മാർ ബലഹീനരെ ചൂഷണം ചെയ്യുകയും ചെയ്യും. ചിലർക്ക് കൂടുതൽ ലഭിക്കുന്നതിനും, ചിലർക്കു ഒന്നും കിട്ടാതിരിക്കുന്നതിനും കാരണമാകും. ചിട്ടയിൽ വിതരണം എളുപ്പവും, തൃപ്തികരവും, ആവശ്യാനുസര ണവും ആകും. പ്രകൃതിയിൽ നിന്നും ദൈവം ക്രമത്തിലും ചിട്ടയിലും ഐക്യത്തിലും പ്രസാദിക്കുന്നു എന്ന് വ്യക്ത മാണ്.

യേശു ആ അഞ്ച് അപ്പവും രണ്ടുമീനും എടുത്തു സ്വർഗ്ഗത്തേക്കു കണ്ണുകളുയർത്തി ദൈവത്തെ വാഴ്ത്തി. തങ്ങൾക്കുള്ളതെല്ലാം വാങ്ങുന്ന ആഹാരം പോലും ദൈവ ത്തിന്റെ ദാനമാകുന്നു എന്ന യേശു ശിഷ്യന്മാരെ പഠിപ്പി ച്ചു. നമ്മൾ ഭക്ഷിക്കുമ്പോഴെല്ലാം ഔദാര്യമായി ദാനം ചെയ്യുന്ന ദൈവത്തിനു നന്ദി പറയേണ്ടതുണ്ട്. ആഹാര സമയത്തുമാത്രമല്ല നമുക്ക് ഏതു നന്മ ലഭിച്ചാലും നാം ദൈവത്തിനു സ്തോത്രം പറയണം. “എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കെയും ഉയരത്തിൽനിന്നും വെളിച്ചങ്ങ ളുടെ പിതാവിങ്കൽനിന്നും ഇറങ്ങി വരുന്നു. അവനു വികാ രമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല” (യാക്കോബ് 1:17).

യേശു ദൈവത്തെ വാഴ്ത്തി, ആഹാരത്തെ അനു ഗ്രഹിച്ചു. ആ അപ്പവും മീനും വിഭാഗിച്ച് പുല്ലിൽ ഇരി ക്കുന്ന ജനങ്ങൾക്ക് വിതരണം ചെയ്യുവാൻ തന്റെ ശിഷ്യ ന്മാരുടെ പക്കൽ ഏല്പിച്ചു. അങ്ങനെ അവൻ ആദ്യം മറ്റു ള്ളവർക്കും അതിനുശേഷം തങ്ങൾക്കും ഭക്ഷിപ്പാൻ കൊടുക്കണമെന്ന് പഠിപ്പിച്ചു. വിശ്വാസികളിൽ ഈ മാതൃക ഉണ്ടായിരിക്കേണ്ടതാണ്. ഇങ്ങനെ ഈ വലിയ ജനാവ

ലിയുടെ മദ്ധ്യത്തിൽ വിതരണം നടക്കുമ്പോൾ അത്ഭുതകരമായ വർദ്ധനവുണ്ടായി. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, “ആ രണ്ടുമീനും വിഭാഗിച്ചു അവർക്കെല്ലാം കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി.” ശേഷിച്ച കഷ്ണങ്ങൾ ആദ്യം ഉണ്ടായിരുന്നവയെക്കാൾ കൂടുതലായിരുന്നു.

ഈ വലിയ അത്ഭുതത്തിൽ കൂടി അനേക പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. അവരുടെ ലഘുവായ ആരാധനകളും, സ്തുതികളും സ്വീകരിപ്പാനും, അവരെ ശക്തീകരിച്ച് അനേകമടങ്ങ് പ്രയോജനമുള്ളവരാക്കിത്തീർക്കുവാനും താൻ എപ്പോഴും തയ്യാറാണെന്ന് യേശു തന്റെ അനുയായികളെ പഠിപ്പിച്ചു. അവന്നു കൊടുക്കുന്നത് അവൻ സ്വീകരിക്കുകയും, അത് വർദ്ധിപ്പിച്ച് അനേക മടങ്ങായി തിരികെത്തരികയും ചെയ്യുന്നു. നമ്മുടെ ആത്മാക്കൾ, ശരീരങ്ങൾ, കഴിവുകൾ, കുടുംബം, അറിവ്, ധനം, സമയം, പ്രയത്നം ആദിയായവയും മറ്റെല്ലാ സംരംഭങ്ങളും യേശുവിനു സമർപ്പിക്കുകയാണെങ്കിൽ അവൻ അതു സ്വീകരിക്കുകയും, അനുഗ്രഹിക്കുകയും, അവയുടെ വിലയേയും ഉപയോഗത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും. ഏറ്റവും എളിയവരുടെ സേവനങ്ങളും സ്വീകരിച്ച് അധികം ചെയ്യുവാൻ പ്രാപ്തി നൽകി അനുഗ്രഹിക്കുമെന്ന ഉറപ്പ് അല്പം കൊണ്ട് ആയിരങ്ങളെ പോഷിപ്പിച്ചവൻ നമുക്കു തന്നിട്ടുള്ളത് ഏറ്റവും വലിയ പ്രചോദനമാണ്.

ശേഷിച്ച കഷണങ്ങളിൽ ക്രിസ്തുവിനുള്ള താത്പര്യത്തിൽനിന്നും വേറൊരു പാഠം നാം പഠിക്കുന്നു. ആ വലിയ അത്ഭുതപ്രവൃത്തി കണ്ടതിനു ശേഷം ആ ശേഷിച്ച കഷണങ്ങളെ നിസ്സാരമായി ശിഷ്യന്മാർ കരുതുമോ എന്നവൻ ശങ്കിച്ചു. അല്പത്തിൽനിന്ന് ഒരു വലിയ ജനാവലിയെ തീറ്റിപ്പോറ്റുവാൻ ആവശ്യമായത് സൃഷ്ടിക്കുവാൻ കഴിവുള്ള യേശു പുൽപ്പുറത്തു ശേഷിച്ച കഷണങ്ങളെ നിസ്സാരമായിക്കരുതുമെന്ന് ശിഷ്യന്മാർ ചിന്തി

ക്കരുകതെന്ന് അവൻ ആഗ്രഹിച്ചു. അവൻ തീർച്ചയായും അത് നിസ്സാരമായി കരുതുന്നില്ല. "ഒന്നും നശിച്ചു പോകരുതു" എന്ന് തന്നെയാണ് തന്റെ പ്രമാണം.

യേശു പുരുഷാരത്തെ പോഷിപ്പിച്ചതിന്നുശേഷം അവർ അവനെ രാജാവാക്കുവാൻ ആഗ്രഹിച്ചു. യേശുവിന്റെ ആദ്യത്തെ പ്രതികരണം ശിഷ്യന്മാരെ ഈ ഉത്സാഹത്തിമിർപ്പുള്ള കൂട്ടത്തിൽനിന്നും വേർതിരിക്കുകയായിരുന്നു. അവൻ അവരെ തനിക്കു മുമ്പായി പടകിൽ കയറ്റി തടാകത്തിനു അക്കരെക്കയച്ചു. തന്മൂലം പുരുഷാരത്തെ പിരിച്ചുവിടുവാൻ അതിനാൽ തനിക്കു അവസരവും ലഭിക്കുമല്ലോ? അവരുടെ ഗുരുവിനെ തന്റെ പ്രസിദ്ധിയുടെ ഉച്ചകോടിയിലും വിജയത്തിന്റെ ലഹരിയിലും വിട്ടേച്ചു പോകുവാൻ അവർക്കു പ്രയാസമായിരുന്നു. ഭൗമിക മഹത്വത്തിന്റേയും ധനത്തിന്റേയും വാതിൽ അവർക്കായി തുറക്കപ്പെട്ടു എന്നു വ്യക്തമായിരുന്നു. എന്നാൽ യേശു അവരെ ധൃതിയിൽ പറഞ്ഞയച്ചു ഏന്തെന്നാൽ അവന്റെ ചിന്തയെ മനസ്സിലാക്കാൻ അവർ പരാജയപ്പെട്ടു. അവൻ ധൃതിയിൽ നിർബന്ധിച്ചു യാത്രയയച്ചുവെങ്കിലും സ്നേഹത്തോടെ അവരെ പിന്തുടരുന്നതായിക്കാണാം. ചില മണിക്കൂറുകൾ അവരെ വിട്ടുപിരിഞ്ഞെങ്കിലും, അങ്ങനെ വിട്ടുപിരിഞ്ഞതു സ്നേഹത്തോടും വാത്സല്യത്തോടും കൂടി ആയിരുന്നു.

യേശു ചെയ്ത രണ്ടാമത്തെ കാര്യം പുരുഷാരത്തെ പിരിച്ചു വിടുകയായിരുന്നു. മൂന്നാമതായി അവൻ തനിയെ പ്രാർത്ഥിപ്പാൻപോയി. ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അവന്റെ ജനസമ്മതി രണ്ടുവർഷം മുമ്പു സാത്താൻ മരുഭൂമിയിൽ വെച്ചു പരീക്ഷിച്ചതു നമ്മെ ഓർമ്മപ്പെടുത്തുന്നു. ലോകത്തിലുള്ള എല്ലാ സാമ്രാജ്യങ്ങളും അതിന്റെ മഹത്വവും സാത്താൻ അവനു വാഗ്ദാനം ചെയ്യുന്നു. യേശു ഇപ്പോൾ അതേ പരിതസ്ഥിതിയെയാണ് അഭിമുഖീകരിക്കുന്നത്. ഈ പുതിയ അപകടനില തരണം

ചെയ്യുന്നതിനു പിതാവിനോടു വ്യക്തിപരമായി പ്രാർത്ഥി ക്കേണ്ടതിന്റെ ആവശ്യകത ഉളവാകുന്നു. അതിനാലാണ് അവൻ തനിയെ മലമുകളിലേയ്ക്ക് പോയത്. യേശു ശിഷ്യ ന്മാരോടു കൂടി ഭവനത്തിലേക്കു മടങ്ങി വന്നില്ല എന്നു ജനങ്ങൾ മനസ്സിലാക്കിയപ്പോൾ അവർ വന്ന വിദൂരസ്ഥ ലങ്ങളിലേക്ക് അവരും മടങ്ങിപ്പോയില്ല, അതേ സ്ഥലത്തു തന്നെ പിറ്റെ ദിവസം അവനെ അവർ പ്രതീക്ഷിച്ചിരുന്നു.

അവൻ പലപ്പോഴും ചെയ്തിട്ടുള്ളതു പോലെ യേശു തനിയെ പ്രാർത്ഥിക്കുവാൻ മലയിലേക്കു പോയി. അയ്യായിരത്തെ പോഷിപ്പിച്ചതിനു ശേഷം, അവൻ അങ്ങനെ ചെയ്യാൻ പല കാരണങ്ങളുണ്ടായിരുന്നു. അതി ലൊന്ന് സ്നാപകന്റെ മരണമായിരുന്നു. താൻ ഭൗമിക രാഷ്ട്രം സ്ഥാപിക്കുമെന്നുള്ള പുരുഷാരത്തിന്റെ തെറ്റി ദ്ധാരണ; ആ തെറ്റിദ്ധാരണ ശിഷ്യന്മാർ അംഗീകരിച്ചത്, തന്നോട് കൂടെ നിൽക്കും എന്ന് വീമ്പിളക്കിയവർ അവ സാനം അവനെ ഉപേക്ഷിക്കുമെന്നുള്ള അവന്റെ മുന്നറി വ്, ആദിയായവ അവൻ വേറിട്ടു പോയതിന്റെ മറ്റു കാര ണങ്ങളായിരുന്നു.

*"ഞാൻ ജീവന്റെ*
*അപ്പം ആകുന്നു;*
*എന്റെ അടുക്കൽ വരുന്നവന്നു*
*വിശക്കുകയില്ല;*
*എന്നിൽ വിശ്വസിക്കുന്നവന്നു*
*ഒരു നാളും ദാഹിക്കുകയില്ല."*
***(യോഹന്നാൻ 6 : 35–36)***

* * *

# X

# യേശു വിശ്വാസത്തെപ്പറ്റി പഠിപ്പിക്കുന്നു

## യേശു കടലിൻമേൽ നടക്കുന്നു

"ഉടനെ യേശു താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ ശിഷ്യന്മാർ പടകിൽ കയറി, തനിക്കു മുമ്പായി അക്കരെക്കു പോകുവാൻ അവരെ നിർബന്ധിച്ചു. അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി, വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു. പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റുപ്രതികൂലമാകകൊണ്ടു തിരകളാൽ വലഞ്ഞിരുന്നു.

രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്നു അവരുടെ അടുക്കൽ വന്നു. അവൻ കടലിൻമേൽ നടക്കുന്നതുകണ്ടിട്ടു ശിഷ്യന്മാർ ഭ്രമിച്ചു: അതു ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോടു: ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു, പേടിക്കേണ്ട എന്നു പറഞ്ഞു അതിന്നു പത്രൊസ്: "കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കല്പിക്കേണം" എന്നുപറഞ്ഞു. 'വരിക' എന്നു അവൻ പറഞ്ഞു. പത്രൊസ് പടകിൽ നിന്നു ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റു കണ്ടുപേടിച്ചു മുങ്ങിത്തുടങ്ങുകയാൽ: "കർത്താവേ, എന്നെ രക്ഷിക്കേണമേ" എന്നു നിലവിളിച്ചു. യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു. അല്പ വിശ്വാസിയെ, നീ എന്തിന്നു സംശയിച്ചു എന്നു പറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റു അമർന്നു. പടകിലുള്ളവർ: നീ ദൈവ

പുത്രൻ സത്യം എന്നുപറഞ്ഞു അവനെ നമസ്ക്കരിച്ചു" (മത്തായി 14:22-33).

തന്റെ ശിഷ്യന്മാർ പടകിലായിരുന്നപ്പോൾ യേശു തനിയെ ആ രാത്രി ഒരു മലമുകളിലായിരുന്നു. ഒരു ശക്തി യായ കാറ്റു അടിച്ചു തടാകത്തിലെ വെള്ളത്തെ ഇളക്കി, അതു തിരകളാൽ വലഞ്ഞു. ഏകദേശം ആറുമാസത്തിനു മുമ്പു യേശു ഒരു കൊടുങ്കാറ്റിനോടു ചെയ്തത് എന്താ ണെന്നു ശിഷ്യന്മാർ മറന്നിട്ടില്ലായിരുന്നു. അന്ന് യേശു അവരോടുകൂടി പടകിൽ ഉണ്ടായിരുന്നു; അവൻ ഉറങ്ങു കയായിരുന്നു. എന്നാൽ ഇപ്പോൾ യേശു അവരോടു കൂടെ യില്ലായിരുന്നു. രോഗികളെ അകലെനിന്ന് വാക്കു കല്പിച്ചു സൗഖ്യപ്പെടുത്തിയ അവന് ദൂരത്തുവെച്ചു ജീവനെ സംര ക്ഷിച്ച് അവരെ ഭദ്രമായി സൂക്ഷിക്കാൻ കഴിയുമെന്ന് അവർ വിശ്വസിച്ചുവോ?

അവർ ആ തടാകം കടക്കാൻ കഴിയാതെ നേരം വെളുക്കുന്നതുവരെ തിരമാലകളുമായി പൊരുതി കൊണ്ടി രുന്നു. തന്റെ ശാന്തമായ പ്രാർത്ഥനാ സ്ഥലത്തുവെച്ച് അവ രുടെ കഷ്ടതയെപ്പറ്റി യേശു അറിഞ്ഞു. അവരുടെ നന്മ ക്കുവേണ്ടി അവർക്ക് സഹിക്കാവുന്നതിൽ കൂടുതൽ കഷ്ട പ്പെടുവാൻ അവൻ ആഗ്രഹിച്ചില്ല. കാരണം അവൻ സ്നേഹവാനാണ്. അവരുടെ അപകടസ്ഥിതിയും പ്രയാ സവും കണ്ടിട്ട് അവൻ മലയിൽ നിന്നും ഇറങ്ങി ഇളകി മറിയുന്ന തിരമാലകളുടെ മേലെ ഒരു ഉറച്ച സ്ഥലത്തെ ന്നപോലെ നടന്നു. അവരുടെ കഷ്ടങ്ങളിൽ നിന്നും അവരെ രക്ഷിക്കുവാൻ അവൻ തിടുക്കപ്പെട്ടു.

വാത്സല്യ ശിഷ്യനായ യോഹന്നാൻ രേഖപ്പെടു ത്തിയ 'വചനം' അവനാണ്. വചനമാകുന്ന അവനിൽ കൂടി യാണ് എല്ലാം ഉളവായത് (യോഹന്നാൻ 1:3). ഇയ്യോബ് അവനെപ്പറ്റി പറഞ്ഞു, "അവൻ തനിച്ചു ആകാശത്തെ വിരി ക്കുന്നു. സമുദ്രത്തിലെ തിരമാലകളിന്മേൽ അവൻ നട ക്കുന്നു" (ഇയ്യോബ് 9:8).

യേശു നേരിട്ടു പടകിലേക്കു കയറിയില്ല, അതിന് പകരം അവൻ അവരോടു ചേർന്നു കടന്നുപോകുന്നവ നെപ്പോലെ നടന്നു. രാത്രിയിൽ ഭൂതങ്ങളും മായാവികളും പ്രത്യക്ഷപ്പെട്ടു പേടിപ്പെടുത്തുമെന്ന അക്കാലത്തെ അന്ധ വിശ്വാസകഥകൾ പലതും നല്ലവണ്ണം അവർക്കറിയായമാ യിരുന്നു. ഇതാ, ഇപ്പോൾ ആദ്യമായി അവർ ഒരു ഭൂതത്തെ നേരിൽ കാണുന്നു. അവർ ഭയപ്പെട്ടു നിലവിളിച്ചു. ഭൂതത്തെ വിരട്ടി ഓടിക്കേണ്ടതിനായിരിക്കണം അവർ നിലവിളിച്ചത്. എന്നാൽ ഭൂതമെന്നു തോന്നിയ ആ വ്യക്തി, വ്യക്തമായ ഭാഷയിൽ ആശ്വാസത്തിന്റെയും സ്നേഹത്തി ന്റെയും വാക്കുകളിൽ ഇപ്രകാരം പറഞ്ഞു, “ഭയപ്പെടേ ണ്ട, ധൈര്യപ്പെടുവിൻ ഇതു ഞാനാണ്. ജീവിതപ്രശ്ന ങ്ങളിൽ ഭയപ്പെട്ടും കുഴഞ്ഞുമിരിക്കുന്ന ഒരു വിശ്വാസി ക്കു, വിശിഷ്യാ പാപഭാരത്താൽ ദൈവത്തിൽ നിന്നുള്ള നിത്യവേർപാടിനെക്കുറിച്ചുള്ള ഭീതിയിലായിരിക്കുമ്പോൾ, യേശുവിന്റെ സുശാന്തവും, ധൈര്യം പകരുന്നതുമായ സാന്ത്വനങ്ങൾ ഇന്നും എവിടെയും കേൾക്കാൻ കഴിയു ന്നതാണ്.

സംസാരിച്ച ആ വ്യക്തി അടുത്തുവന്നു, ശിഷ്യ ന്മാർ തിരിച്ചറിഞ്ഞു. ഗുരുവിനെപ്പോലെ തനിക്കും വെള്ള ത്തിന്മീതെ നടക്കണമെന്ന് ധൈര്യശാലിയായ പത്രൊസ് ആശിച്ചു. “കർത്താവേ, അതു നീയാണെങ്കിൽ ഞാൻ വെള്ളത്തിന്മീതെ നടന്നു നിന്റെ അടുക്കൽ വരുന്നതിനു കൽപ്പിച്ചാലും” എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. “അതു നീയാണെങ്കിൽ” എന്നു പറഞ്ഞെങ്കിലും അങ്ങനെ ചെയ്യു വാൻ യേശു അവനെ അനുവദിക്കുമോ? “ഇതു ഞാനാണ്” എന്നു യേശു പറഞ്ഞ് കഴിഞ്ഞിട്ടും യേശു അനുവദി ക്കുമോ? അതിന്റെ മറുപടി ‘ഉവ്വ്’ എന്നാണ്. ദൈവത്തിന് സകലവും സാധ്യമാണെന്നും ചോദിക്കുന്നവർക്ക് ആവ ശ്യമെങ്കിൽ അവരുടെ ഹൃദയാഭിലാഷം നിവർത്തിക്കുമെ ന്നും, വിശ്വസിക്കുന്നവർക്കു സകലവും കഴിയുമെന്നുമുള്ള

കാര്യം യേശു ശിഷ്യന്മാരെ പഠിപ്പിച്ചിട്ടുണ്ട്. തക്ക ഒരവസരം കൈ വന്നപ്പോൾ പ്രത്യേകിച്ചും. യേശുവിന്റെ അടുത്തേക്കു വെള്ളത്തിന്മീതെ നടന്നു ചെല്ലാൻ പടകിൽ നിന്നിറങ്ങിയ പത്രൊസിന് ആദ്യം സാധിച്ചു. അവന്റെ മനസും കണ്ണും യേശുവിന്മേൽ കേന്ദ്രീകരിച്ചിരുന്നപ്പോൾ, അസാധ്യമായിരുന്ന കാര്യം ചെയ്യാൻ അവനു സാധിച്ചു, അപ്പോൾ അവനു ഭയമില്ലായിരുന്നു. അവൻ മറ്റാർക്കും ചെയ്യാൻ കഴിയാഞ്ഞത് തനിക്കു ചെയ്യാൻ കഴിഞ്ഞു എന്നഹങ്കരിച്ചുകൊണ്ട് അവനെപ്പറ്റി ചിന്തിച്ച് തുടങ്ങിയപ്പോൾ അവന്റെ ആദ്യ വിജയം പരാജയത്തിൽ കലാശിച്ചു. യേശുവിൽ നിന്നും അവന്റെ മനസ്സിനേയും കണ്ണുകളേയും തന്നിലേക്കു തന്നെ അവൻ തിരിച്ചു. ആർത്തിരമ്പുന്ന തിരമാലകൾ അവനെ ഭയപ്പെടുത്താനും അവൻ മുങ്ങാനും തുടങ്ങി. അവന്നു നീന്തലറിയാമായിരുന്നെങ്കിലും ഇപ്പോൾ, അതുപകരിച്ചില്ല. തന്റെ കൂട്ടുകാർ ചിലപ്പോൾ താൻ വെള്ളത്തിന്മീതെ നടക്കുന്നതിൽ അസൂയപ്പെട്ടിരുന്നെങ്കിലും പത്രൊസ് പടകിൽ കയറി അവരോട് ചേരുവാൻ ആഗ്രഹിച്ചു. “കർത്താവേ, എന്നെ രക്ഷിക്കണേ” എന്നവൻ നിലവിളിച്ചു. ഉടനെതന്നെ യേശു കൈനീട്ടി അവനെ പിടിച്ചു പടകിൽ കയറ്റി. പിന്നെ അവൻ പത്രൊസിനെ ശാസിച്ചു പറഞ്ഞത്. “അല്പവിശ്വാസിയെ, നീ എന്തിനു സംശയിച്ചു?” എന്നാണ്. ദാവീദ് എഴുതിയിരുന്നത് നിവൃത്തിയായി: “അവൻ ഉയരത്തിൽ നിന്നു കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽ നിന്നു എന്നെ വലിച്ചെടുത്തു” (സങ്കീർത്തനം 18:16).

പത്രൊസ് മുങ്ങിപ്പോകാതെ രക്ഷപ്പെട്ടത് അവൻ യേശുവിനെ പിടിച്ചിട്ടല്ല, യേശു അവനെ പിടിച്ചതിനാലാണ്. അതുപോലെ തന്റെ കൈകൾ ക്ഷയിച്ചു, കണ്ണുകൾ അടഞ്ഞ് അവന്റെ രക്ഷകന്മേൽ ഉള്ള അവന്റെ പിടിത്തം അയഞ്ഞു മരണമല്ലാതെ മറ്റൊന്നും മുമ്പിൽ കാണാതിരിക്കുമ്പോൾ ഒരു പാപി രക്ഷിക്കപ്പെടുന്നു.

എന്നാൽ ഉറക്കം തൂങ്ങാത്ത കരുത്തനായ രക്ഷകൻ അവനെ പിടിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുമ്പോൾ നിരാശയുടെ സ്ഥാനത്തു പ്രത്യാശയുദിക്കുന്നു.

പടകിലുണ്ടായിരുന്ന ആ ശിഷ്യന്മാർ ഒരു ഭൂതത്തെ കണ്ടു എന്നോർത്തു, അതിനെ ഓടിക്കുവാൻ നിലവിളിച്ചു, എന്നാൽ അതു യേശു ആണെന്നറിഞ്ഞപ്പോൾ അവർ അവനെ പടകിലേക്കു സ്വീകരിക്കുകയും അവൻ പടകിൽ കയറുകയും ചെയ്തു. അവൻ കയറിയ ഉടൻ തന്നെ കാറ്റു അമരുകയും പടക് ഉദ്ദിഷ്ട സ്ഥാനത്തെത്തുകയും ചെയ്തു. അവരുടെ ഹൃദയം കഠിനപ്പെട്ടിരുന്നതിനാൽ അപ്പത്തിന്റെ അത്ഭുതം പോലും അവർ മനസ്സിലാക്കിയില്ല എന്ന് ബൈബിൾ രേഖപ്പെടുത്തുന്നു (മർക്കൊസ് 6:52). ചില മാസങ്ങൾക്കു മുമ്പ് അതേ കടലിനെ യേശു ശാന്തമാക്കിയിരുന്നെങ്കിലും ഈ രണ്ടാമത്തെ അത്ഭുതം കണ്ടപ്പോൾ അവർ വിസ്മയിക്കുകയും അത്ഭുതപരതന്ത്രരാകുകയും ചെയ്തു. കൂട്ടമായി ഒരുമിച്ചു പടകു കരക്കു എത്തിയ ഉടനെ ആദ്യമായി അവനെ നമസ്കരിച്ച് “നീ വാസ്തവമായി ദൈവപുത്രനാണു” എന്നു പറഞ്ഞു.

## ജീവന്റെ അപ്പമായ യേശു

“പിറ്റെന്നാൾ കടൽക്കരെ നിന്ന പുരുഷാരം ഒരു പടകല്ലാതെ അവിടെ വേറെ പടകില്ലായിരുന്നുവെന്നും, യേശു ശിഷ്യന്മാരോടു കൂടെ പടകിൽ കയറാതെ ശിഷ്യന്മാർ മാത്രം പോയിരിക്കുന്നു എന്നും ഗ്രഹിച്ചു. എന്നാൽ കർത്താവ് വാഴ്ത്തിയ അപ്പം അവർ തിന്ന സ്ഥലത്തിന്നരികെ തിബെര്യാസിൽ നിന്നു ചെറുപടകുകൾ എത്തിയിരുന്നു. യേശുവും ശിഷ്യന്മാരും അവിടെയില്ല എന്നു പുരുഷാരം കണ്ടപ്പോൾ തങ്ങളും പടകു കയറി യേശുവിനെ തെരഞ്ഞു കഫർന്നഹൂമിൽ എത്തി.

കടൽക്കരെ അവനെ കണ്ടെത്തിയപ്പോൾ: റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു എന്നു ചോദിച്ചു. അതിനു യേശു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതു കൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ, അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും. അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു എന്നുത്തരം പറഞ്ഞു. അവർ അവനോടു ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. യേശു അവരോടു: ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു. അവർ അവനോടു ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കുന്നതിന്നു നീ എന്തു അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു? നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാതിന്നു, അവർക്കു തിന്നുവാൻ സ്വർഗ്ഗത്തിൽ നിന്നു അപ്പം കൊടുത്തു" (യോഹന്നാൻ 6:22–31).

പിറ്റെ ദിവസം നേരം വെളുത്തപ്പോൾ ആ തടാകത്തിന്റെ മറ്റേ കരയിൽ ക്രിസ്തുവിനെ കാത്തുനിന്നവർ അവനെ അന്വേഷിക്കുവാൻ തുടങ്ങി. അവൻ തന്റെ ശിഷ്യന്മാരുമായി പടകിൽ കയറാതെ തനിയെ മലമുകളിലേക്ക് അവനെ കൊണ്ടുപോകുന്നതിനായി വേറൊരു പടകും അവിടെ ഇല്ലായിരുന്നു എന്നും അവർ അറിഞ്ഞു. പുരുഷാരം ആ മരുഭൂമിയിൽ രാത്രി കഴിച്ചുകൂട്ടി. രാവിലെ യേശു മലയിൽ നിന്നും ഇറങ്ങി വരുമ്പോൾ തന്റെ നേതൃത്വത്തിൽ ആഘോഷമായി ഭവനത്തിലേക്കു തിരിക്കാമെന്നും അവർ കരുതി.

അവരെക്കാൾ മുമ്പെ അവൻ അക്കരെക്കുപോയി എന്നു കണ്ട അവർ അതിശയിച്ചു. എന്നാൽ യേശു വ്യക്തി

പരമായ എല്ലാ അഭിലാഷങ്ങൾക്കും അതീതനായിരുന്നതിനാൽ അവരുടെ പ്രശംസയെ അവഗണിച്ചു. അവൻ എങ്ങനെ അവിടെയെത്തിയെന്ന് അവർ ചോദിച്ചപ്പോൾ അവൻ ഉത്തരം പറഞ്ഞത് "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നതു" എന്നാണ്. അവൻ പറഞ്ഞതിന്റെ സാരം അവർ ആത്മിക അദ്ധ്യയനത്തിനോ – എന്നേക്കും നില നിൽക്കുന്ന ജീവന്റെ അപ്പത്തിനോ വേണ്ടിയല്ല – പ്രത്യുത നശിച്ച് പോകുന്ന ഭൗതിക ആഹാരത്തിനാണ് അവനെ അന്വേഷിക്കുന്നത് എന്നാണ്. അവൻ മനുഷ്യപുത്രനാകയാൽ അവർക്കു നിത്യജീവാഹാരം കൊടുക്കാൻ കഴിവുള്ളവനാണ്. അതു ചെയ്യുവാൻ പിതാവായ ദൈവത്തിന്റെ മുദ്ര അവന്മേലുണ്ടായിരുന്നു. അവൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ജീവന്റെ അപ്പം എന്ന വിഷയത്തെപ്പറ്റിയുള്ള പ്രഭാഷണത്തിന് അവർ വഴി തുറന്നു.

ക്രിസ്തുവിന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള സത്യങ്ങൾ വെളിപ്പെടുത്തുന്നതാണ് മറ്റുള്ള ഏതൊന്നിനെക്കാളും കേൾവിക്കാരായ നമുക്ക് ആവശ്യമായിട്ടുള്ളത്. അതിൽ ക്രിസ്തു തന്റെ ശരീരം ഭക്ഷിക്കേണ്ടതിന്റെയും തന്റെ രക്തം കുടിക്കേണ്ടതിന്റെയും ആവശ്യകത ക്രിസ്തു ആറ് പ്രാവശ്യം പറഞ്ഞിരിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ നിന്നു വന്നവനാണെന്നു പതിമൂന്ന് പ്രാവശ്യം ആവർത്തിച്ചുപറഞ്ഞിരിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏതൊരുവനും നിത്യജീവൻ കൊടുക്കുന്നവൻ അവനാണെന്നു പന്ത്രണ്ട് പ്രാവശ്യം ഉത്ഘോഷിച്ചിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർക്ക് ആറു തവണ രക്ഷയുടെ ഉറപ്പ് കൊടുത്തിരക്കുന്നു. കാരണം തന്റെ ജനത്തെ രക്ഷിപ്പാനായി അവൻ ദൈവത്താൽ അയക്കപ്പെട്ടവനാണ്. ന്യായവിധി ദിവസത്തിൽ തന്നിൽ വിശ്വസിക്കുന്നവരെ ഉയർത്തെഴുന്നേൽപ്പിക്കുമെന്ന് നാല് പ്രാവശ്യം പറഞ്ഞി

ട്ടുണ്ട്. ദൈവത്തെ പിതാവെന്ന് സംബോധന ചെയ്ത പ്പോൾ അവൻ മാനവരാശിയിൽ നിന്നു മാറി ഒരു പ്രത്യേക ബന്ധത്തിലാണ് അങ്ങനെ ചെയ്തത്. ദൈവത്തെ കണ്ടി ട്ടുണ്ടെന്ന് അവൻ അവകാശപ്പെട്ടു. വെറും ഒരു മനുഷ്യന് അപ്രകാരം എങ്ങനെ പറയാൻ സാധിക്കും? വെറും ഒരു പ്രവാചകൻ ഇപ്രകാരം അവകാശപ്പെട്ടെങ്കിൽ അവൻ എന്തുമാത്രം കോപത്തിനു പാത്രമായിത്തീരുമായിരുന്നു. താൻ ഒരു സാധാരണ മനുഷ്യൻ മാത്രമല്ലെന്നുള്ള (അ ഥവാ ദൈവപുത്രനാണെന്നുള്ളത്) യാഥാർത്ഥ്യം തന്റെ ശ്രോതാക്കൾ മനസ്സിലാക്കണമെന്ന് യേശു കരുതിയിരുന്നു.

ക്രിസ്തു തന്റെ ശരീരം ഭക്ഷിക്കേണ്ടതിന്റെയും തന്റെ രക്തം കുടിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി പറഞ്ഞപ്പോൾ യെഹൂദന്മാരായ കേൾവിക്കാർക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. രക്തത്തോടുകൂടി മാംസം ഭക്ഷിക്കുന്നത് യെഹൂദന്മാർക്ക് നിഷിദ്ധമായതിനാൽ അത് അവരുടെ ഇടയിൽ കുശുകുശുപ്പിനു കാരണമായി. അവ ന്റെ ശരീരം ഭക്ഷിക്കുന്നതിനേക്കാൾ തന്റെ രക്തം കുടു ക്കിന്നത് കൂടുതൽ അരോചകമായി തോന്നിയിരിക്കാം. അവന്റെ കുടുംബത്തെ നല്ലതുപോലെ അറിയാമായിരുന വർക്ക് അഥവാ അവനെ വെറും മനുഷ്യനായി കണക്കാക്കി യിരിക്കുന്നവർക്ക് അവന്റെ സ്വർഗ്ഗീയോൽപത്തിയെക്കു റിച്ചു മനസ്സിലാക്കാതിരുന്നതിനാൽ അവർക്ക് അവന്റെ വാക്കുകളെപ്പറ്റി മുറുമുറുക്കുന്നതിന് അവകാശമുണ്ടായി രുന്നു. ഇപ്രകാരം പറയുന്നതിന് അവനു എന്തധികാരം എന്ന് അവർ അതിശയിച്ചു.

യേശുവിനെ പല കാരണങ്ങളാലും അപ്പത്തോടു തുലനം ചെയ്യുന്നത് യുക്തമാണ്. ഒന്നാമതായി ജീവിക്കു ന്നതിന് അപ്പം അത്യാവശ്യമായിരിക്കുന്നത് പോലെ അവനെ കൂടാതെ ജീവനും ഇല്ല; അവനെ തകർക്കുന്ന തിൽ കൂടെ ആണ് ആ ജീവൻ ലഭിക്കുന്നത്. രണ്ടാമതായി അപ്പം ഭക്ഷിക്കപ്പെടണം. സമർപ്പിക്കപ്പെട്ടവർ, വിശ്വാസ

ത്താൽ പ്രാപിക്കുന്നതു, വിശ്വാസത്താൽ ജീവിക്കുന്നതും, യേശുവിൽ നിന്നും ഭക്ഷിക്കുന്നതിനോട് താരതമ്യപ്പെടുത്തി യേശു പറഞ്ഞു. നിർഭാഗ്യവശാൽ ശ്രോതാക്കൾ അവന്റെ വാക്കുകളെ അക്ഷരാർത്ഥത്തിൽ എടുത്ത് അതിനോടെതിർത്തു. അത് യെഹൂദന്മാർക്ക് മാത്രമല്ല, തന്റെ അനേക ശിഷ്യന്മാർക്കും ഒരു തടങ്കൽ പാറയായി ത്തീർന്നു. ആക്ഷരിക വ്യാഖ്യാനത്തിനെതിരെ യേശു മുന്നറിയിപ്പു നൽകി പറഞ്ഞത് “ജീവിപ്പിക്കുന്നതു ആത്മാവാകുന്നു, മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു” (യോഹന്നാൻ 6:63). ഇന്നും അനേക യാഥാസ്ഥിതികർ അക്ഷരാർത്ഥത്തോട് ഒട്ടിച്ചേർന്നിരിക്കുന്നു, യേശുവിന്റെ കാലത്തെ യെഹൂദന്മാരെപ്പോലെ.

ക്രിസ്തു വരുവാനുള്ള ഒരു അത്ഭുത സംഭവത്തെപ്പറ്റി പ്രസ്താവിച്ചുകൊണ്ട് തന്റെ വാക്കുകൾ ദൃഢപ്പെടുത്തി. തന്റെ ഉയിർത്തെഴുന്നേൽപ്പിനേയും സ്വർഗ്ഗാരോഹണത്തേയും കുറിച്ച് ആദ്യമായി അവൻ അവരോടു പ്രവചിച്ചു. തന്നിൽ വിശ്വസിച്ച ശിഷ്യന്മാർ അതിനു സാക്ഷികളായിരിക്കുമെന്നും പറഞ്ഞു. അവന്റെ നിവർത്തിക്കപ്പെട്ട പ്രവചനം അവൻ സ്വർഗ്ഗത്തിൽ നിന്നും വന്നവനാണെന്നുള്ളതിന് ഏറ്റവും നല്ല തെളിവായിരിക്കും.

അവരുടെ മനോവ്യാപാരങ്ങൾ അവന്നറിയാമെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. സത്യവിശ്വാസികളെയും കപടഭക്തിക്കാരെയും തമ്മിൽ തിരിച്ചറിയാൻ സാധിച്ചിരുന്നു. അവന്റെ ശിഷ്യന്മാരിൽ ചിലരുടെ വിശ്വാസം ഉപരിപ്ളവമായിരുന്നെന്നും ഒരുവൻ അവനെ ഒറ്റിക്കൊടുക്കുമന്നും അവൻ ആരംഭത്തിൽ തന്നെ അറിഞ്ഞിരുന്നു. ലോകത്തിന്നു വേണ്ടി താൻ ജീവനെ കൊടുക്കുന്നുവെന്നു പറഞ്ഞതു പാപികൾക്കു വേണ്ടി അർപ്പിക്കപ്പെടുന്ന തന്റെ പ്രായശ്ചിത്ത യാഗത്തെ സൂചിപ്പിച്ചായിരുന്നു. ഈ പ്രഭാഷണം ഗലീലക്കാർ അവനെ അംഗീ

കരിക്കുന്നതിൽ നിന്നും പിന്തിരിയാൻ കാരണമായി. അവരുടെ ശത്രുത വർദ്ധിച്ച്, അവനെ തിരസ്ക്കരിച്ചതിന്റെ അവസാന പടിയായി അവനെ ക്രൂശിൽ തറച്ചു കൊല്ലാൻ ഇടയാക്കി. അവൻ സംസാരിച്ചതിനുശേഷം ശിഷ്യന്മാർ പലരും അവനെ വിട്ടുപോയി അവനോടുകൂടെ നടക്കാതായി. മറ്റുള്ളവർ ഉപേക്ഷിച്ചിട്ടു പോയത് ആ പന്ത്രണ്ടു ശിഷ്യന്മാരുടെയും വിശ്വാസത്തെ പിടിച്ചു കുലുക്കി. യേശു അവർക്കും തന്നെ പൂർണ്ണമായി വിട്ടുപിരിയുന്നതിനോ, തന്നോട് അവരുടെ ആത്മാർത്ഥത പുതുക്കി സമർപ്പിക്കുന്നതിനോ ഉള്ള അവസരം കൊടുത്തു. അപ്പോൾ പത്രൊസ് പറഞ്ഞത്, “കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു” എന്നാണ്. പത്രൊസിന്റെ മറുപടിയിൽ യേശു സന്തുഷ്ടനായിരുന്നെങ്കിലും അവനെ കാണിച്ചു കൊടുക്കുന്ന ഇസ്ക്കാര്യാത്താ യൂദയെപ്പറ്റി അവൻ ദുഃഖിച്ചു. അവനെ പരാമർശിച്ചു കൊണ്ടു യേശു ഇപ്രകാരം പറഞ്ഞു, “ഞാൻ നിങ്ങൾ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തില്ലയോ, എന്നാൽ നിങ്ങളിൽ ഒരുത്തൻ പിശാചു ആകുന്നു?” (യോഹന്നാൻ 6:70).

* * *



# XI

# ആചാരങ്ങളും ഹൃദയവിശുദ്ധിയും

"അനന്തരം യെരൂശലേമിൽ നിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു: നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നതു എന്തു? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ? എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായം കൊണ്ടു നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതു എന്ത്? അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നും അപ്പനേയും അമ്മയേയും ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ. നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും: നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാടു എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്നുപറയുന്നു: ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ച് യെശയ്യാവ്: "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു: എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു.

പിന്നെ അവൻ പുരുഷാരത്തെ അരികെ വിളിച്ചു അവരോടു പറഞ്ഞതു: കേട്ടു ഗ്രഹിച്ചു കൊൾവിൻ. മനുഷ്യന്നു അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നതല്ല. വായിൽ നിന്നു പുറപ്പെടുന്നതത്രേ, അതു മനുഷ്യനെ അശുദ്ധമാക്കുന്നു. അപ്പോൾ ശിഷ്യന്മാർ അടുക്കെ വന്നു:

പരീശന്മാർ ഈ വാക്കു കേട്ടു ഇടറിപ്പോയി എന്നു അറി യുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: സ്വർഗ്ഗ സ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും. അവരെ വിടുവിൻ, അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ, കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും എന്നു ഉത്തരം പറഞ്ഞു.

പത്രൊസ് അവനോടു: ആ ഉപമ ഞങ്ങൾക്കു തെളിയിച്ചു തരേണം എന്നു പറഞ്ഞു. അതിന്നു അവൻ പറഞ്ഞത്: നിങ്ങളും ഇന്നുവരെ ബോധമില്ലാത്തവരോ? വായിക്കകത്തു കടക്കുന്നതെല്ലാം വയറ്റിൽ ചെന്നിട്ടു മറ പ്പുരയിൽ പോകുന്നു എന്നു ഗ്രഹിക്കുന്നില്ലയോ? വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു, അതു മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷ ണം, കള്ള സാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നതു ഇതത്രേ, കഴുകാത്ത കൈകൊണ്ടു ഭക്ഷിക്കുന്നതോ, മനു ഷ്യനേ അശുദ്ധമാക്കുന്നില്ല" (മത്തായി 15:1-20).

ക്രിസ്തുവിന്റെ ജീവിതത്തിലെ ശേഷം സംഭവ ങ്ങൾ യെരൂശലേമിലുള്ള യെഹൂദ മൂപ്പന്മാർക്ക് അവനെ കാണുവാനുള്ള ആഗ്രഹം ഉളവാക്കിയതായി തോന്നുന്നു. അവൻ പെസഹ പെരുന്നാളിനു സംബന്ധിക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അവനിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിച്ചവനെ വധിക്കാമെന്നവർ ആഗ്രഹിച്ചു. എന്നാൽ യേശു പെരുന്നാൾ സദ്യയിൽ പങ്കെടുത്തില്ല. നിരാശരായ അവർ, യേശുവിനെ നിരീക്ഷിക്കുന്നതിനും കുറ്റം കണ്ടു പിടിക്കുന്നതിനുമായി ചിലരെ അയച്ചു. അങ്ങനെ അവന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും എതിരായി ജനങ്ങളെ ഇളക്കിവിടാമെന്ന് അവർ ആശിച്ചു.

എന്നാൽ ദൈവത്തിന്റെ നിയമങ്ങൾ അണു പോലും ലംഘിച്ചതായി യേശുവിനെ കുറ്റപ്പെടുത്തുവാൻ സാധിച്ചില്ല. 'മൂപ്പന്മാരുടെ സമ്പ്രദായങ്ങൾ' എന്ന് വിളിക്കപ്പെട്ടിരുന്നതും അവരുടെ നിയമഗുരുക്കന്മാർ ഉണ്ടാക്കിയതുമായ അധികപ്പറ്റായ ചില നിയമങ്ങളുടെ പേരിലല്ലാതെ അവരുടെ ഉദ്ദേശ്യം സാദ്ധ്യമല്ലായിരുന്നു.

മോശെയുടെ ന്യായപ്രമാണം ഭക്ഷണ കാര്യത്തിലും ധാർമ്മികതയിലും ആത്മികതയിലും ഉള്ള വൃത്തിയുടെ കാര്യത്തിൽ കർക്കശമായിരുന്നു. അതു ഹൃദയത്തിന്റെ ആന്തരിക വിശുദ്ധിയെ കാത്തിരിക്കുന്നു. ആത്മാവിനെ പാപത്താൽ മലിനപ്പെടുത്താതിരിക്കാൻ വേണ്ടി, മോശൈക ന്യായപ്രമാണം ബാഹ്യമായ അശുദ്ധി ആന്തരിക മാലിന്യത്തിലേക്കു നയിക്കുന്നു എന്നു പഠിപ്പിച്ചു. തൽഫലമായി ദൈവത്തിന്റെ പ്രത്യേക ജനമായ യെഹൂദന്മാർ ചുറ്റുപാടുമുള്ള ജാതികളിൽ നിന്നു തങ്ങളെ അകറ്റി നിറുത്തി. ചുറ്റുപാടുമുള്ള ജാതികളായ ആളുകളുടെ ജീവിതശൈലികളും മിഥ്യയായ വിശ്വാസവും സ്വീകരിക്കാതിരിക്കുന്നതിനായി അവരെ മാറ്റി നിർത്താൻ ദൈവം ആഗ്രഹിച്ചു.

യെഹൂദമൂപ്പന്മാർ ആത്മാവിനെക്കാൾ അക്ഷരത്തിന്റെ പഴക്കത്തെ കരുതിയതുമൂലം വൃത്തിയുടെ കാര്യത്തിലുള്ള നിയമങ്ങൾ കഠിനതരമാക്കി. സുപ്രസിദ്ധ ഗുരുവായ 'ജോസ്' പറഞ്ഞിരിക്കുന്നത് വ്യഭിചാരത്തിന് തുല്യമായ ഒരു പാപമാണു കൈകഴുകാതെ ഭക്ഷിക്കുന്നത് എന്നാണ്. യെഹൂദ മൂപ്പന്മാരും പഠിപ്പിച്ചിരുന്നത് ഈ പാപം ചെയ്യുന്നവൻ ഉറക്കത്തിൽ 'ഷേത്താ' എന്ന പിശാചിന്റെ സ്വാധീനത്തിലായിരിക്കുമെന്നാണ്. സുപ്രസിദ്ധ ഗുരുവായ "അക്കേബാ' ജയിലിലായിരുന്നപ്പോൾ അവനു കഷ്ടിച്ചു കുടിക്കാനും ആചാരപരമായ കഴുകലുകൾക്കും ആവശ്യമായ വെള്ളം കൊടുത്തിരുന്നു എന്നു പറയപ്പെടുന്നു. ഒരിക്കൽ ജയിലർ ആവശ്യമുള്ളത്ര വെള്ളം

കൊണ്ടുവന്നില്ല. അക്കേബാ കോപിഷ്ടനായി കുടിക്കാതെ വിസ്തരിച്ചുള്ള കഴുകലിന് മാത്രം ആ വെള്ളം ഉപയോഗിച്ചുകൊണ്ടു പറഞ്ഞത് 'എന്റെ പിതാക്കന്മാരുടെ ചട്ടങ്ങളെ ലംഘിക്കുന്നതിനെക്കാൾ ഞാൻ മരിക്കാൻ ഇഷ്ടപ്പെടുന്നു" എന്നാണ്. ആവശ്യമുള്ള വെള്ളം കോരുവാൻ ഒന്നരമണിക്കൂർ സമയമെടുത്താലും യെഹൂദമൂപ്പന്മാർ എല്ലാ കഴുകലും കൃത്യസമയത്തു ചെയ്തിരിക്കണമെന്നു ശഠിച്ചിരുന്നു.

ഒരു നവീകരണ കർത്താവും ഗുരുവും എന്ന നിലയിൽ യേശുവിന്നു ഈ അനാവശ്യ കാര്യങ്ങളുമായി യോജിച്ചു പോകുവാൻ കഴിഞ്ഞില്ല. ചിട്ടപ്രകാരമുള്ള, ആചാരപരമായ കഴുകലുകളെ അവഗണിക്കുന്നവരുടെ മേൽ അടിച്ചേൽപ്പിച്ചിട്ടുള്ള ഇത്ര ഭാരിച്ച കുറ്റാരോപണം അവന്റെ വിവേക ബോധം അംഗീകരിച്ചില്ല. യേശു ഈ മാനുഷിക കല്പനകൾക്കു വഴങ്ങാതിരുന്നതിനാൽ അവന്റെ ശിഷ്യന്മാരും അങ്ങനെ തന്നെ ചെയ്തു. അവനെ ശ്രദ്ധിക്കാൻ അയച്ച നിരീക്ഷകർ യെരുശലേമിൽ നിന്നു വന്നപ്പോൾ ഈ ലംഘനം ദർശിക്കുകയും അതിൽ മുതലെടുക്കുകയും ചെയ്തു. അവർ അവനെ പരസ്യമായി ശകാരിക്കാൻ ആഗ്രഹിച്ചു. അവനെ കുറ്റപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണ് അവന്റെ ശിഷ്യന്മാർ പൂർവ്വികന്മാരുടെ സമ്പ്രദായത്തെ അനുസരിക്കാതെ എന്തെന്ന് അവനോട് ചോദിച്ചത്. യേശു അവരുടെ ദുരുദ്ദേശ്യം മനസ്സിലാക്കി അവരെ കപടഭക്തിക്കാർ എന്നു വിളിച്ചു.

കപടഭക്തിയെപ്പോലെ വേറെ ഒരു തെറ്റിനേയും യേശു ഇത്രമാത്രം ശകാരിച്ചിരുന്നില്ല. കപടഭക്തിയെ അങ്ങേ അറ്റം വാക്കുകൾ ഉപയോഗിച്ച് എതിർത്തു. ഈ നിന്ദ്യമായ പാപം ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് എതിർക്കുവാൻ നവീകരണ കർത്താക്കളെ എത്രമാത്രം ഈ ലോകത്തിനാവശ്യമായിരിക്കുന്നു. മതത്തിൽ നിന്നും ഈ തിന്മയെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ആത്മാർത്ഥ

തയുള്ള ആളുകളേയും ലോകത്തിനാവശ്യമുണ്ട്. അങ്ങനെയായാൽ വിശ്വാസികളുടെ ആന്തരികവും ബാഹ്യവുമായ ജീവിതത്തിൽ ഐക്യത ഉണ്ടാകും. അപ്പോൾ 'മതം' ഒരു പുതിയ രൂപം ധരിക്കയും 'സത്യം' എന്ന നാമമുള്ള ദൈവം മഹിമപ്പെടുകയും ചെയ്യും.

ക്രിസ്തുവിന്റെ വാക്കുകളിൽ വളരെ അപൂർവ്വമായിട്ടു മാത്രമേ കുത്തുവാക്കുകൾ നാം കാണുന്നുള്ളൂ. എന്നാൽ മർക്കൊസ് എഴുതിയ സുവിശേഷത്തിൽ യെഹൂദമൂപ്പന്മാരോട് അവൻ പറഞ്ഞതു വിപപരീതാർത്ഥമുള്ളതായിരുന്നു. "നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നതു നന്നായി" (മർക്കൊസ് 7:9). ഘനമേറിയ കാര്യങ്ങളെ ഉപേക്ഷിച്ചു ലഘുവായ കാര്യങ്ങളിൽ കടിച്ചു തൂങ്ങികിടക്കുന്നു (മത്തായി 23ന്റെ 23, 24 വാക്യങ്ങളിൽ അവൻ പറഞ്ഞു: "നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. കുരുടന്മാരായ വഴികട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു" യേശുവിന്റെ ശിഷ്യന്മാർ ആചാര കഴുകലിനെ കൊതുക്കളായും യെഹൂദാമൂപ്പന്മാർ അതിനെ ഒട്ടകങ്ങളായും കണ്ടു. എന്നാൽ അതു നേരെ തിരിഞ്ഞാകണമായിരുന്നു. യെഹൂദമൂപ്പന്മാർ തങ്ങളുടെ കണ്ണിൽ കോൽ വെച്ചുകൊണ്ടു ശിഷ്യന്മാരുടെ കണ്ണിലെ കരടു എടുക്കാൻ ശ്രമിക്കയായിരുന്നു. (മത്തായി 7:3-4).

യേശുക്രിസ്തുവിന്റെ മാതൃകയെ അനുകരിച്ചു ശിഷ്യന്മാർ ഈ അടിച്ചേല്പിച്ച കഴുകലുകളെ അവഗണിച്ചെങ്കിലും അതിൽ അന്തർലീനമായ തത്ത്വം അവർ ഗ്രഹിച്ചിരുന്നില്ല. യേശു അവരെ ശകാരിച്ചതിനാൽ പരീശന്മാർ കുപിതരായ വിവരം ശിഷ്യന്മാർ അവനോട് പറഞ്ഞു. അവൻ പുരുഷാരത്തെ വിട്ടു വീട്ടിലേക്കു വന്നപ്പോൾ

ശിഷ്യന്മാർ യേശുവിനോട് താൻ പറഞ്ഞതു വ്യാഖ്യാനിച്ചു കൊടുക്കണമെന്നപേക്ഷിച്ചു. അവൻ മറുപടി പറഞ്ഞതു, "ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? വായിക്ക കത്തു പോകുന്നതെല്ലാം ആമാശയത്തിലെത്തി പിന്നെ മറപ്പുരയിലേക്കു പോകുന്നു. എന്നാൽ വായിൽ നിന്നു പുറത്തുവരുന്നത് ഹൃദയത്തിൽ നിന്നാകയാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ള സാക്ഷ്യം, ദൈവദൂഷണം മുതലായവ പുറപ്പെടുന്നു. ഇതാണു മനുഷ്യനെ അശുദ്ധനാക്കുന്നത്, കൈ കഴുകാതെ ഭക്ഷിക്കുന്നതു മനുഷ്യനെ അശുദ്ധനാക്കുന്നില്ല.

***"ഞാൻ നിങ്ങൾക്കു***

***പുതിയോരു ഹൃദയം***

***തരും;***

***പുതിയോരു ആത്മാവിനെ***

***ഞാൻ നിങ്ങളുടെ ഉള്ളിൽ***

***ആക്കും".***

***(യെഹസ്ക്കേൽ 36:26)***

* * *

# XII

# യേശു ജാതികളോടു സുവിശേഷം വിളംബരം ചെയ്യുന്നു

ലോകത്തെ മുഴുവനും രക്ഷിക്കുന്നതിനാണു യേശു വന്നത്. അവൻ തന്റെ സേവനം യെഹൂദന്മാർക്കു കൊടുത്ത പോലെ ജാതികളേയും അവൻ ശുശ്രൂഷിച്ചു. പല ഉദ്ദേശ്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ടു തന്നെ അവൻ ഫൊയ്നീഷ അതിർത്തികളിലും പോയി. ജാതികളുടെ ഇടങ്ങളിലേക്കു പോയതിനാൽ ശാരീരികമായും മാനസികമായുമുള്ള വിശ്രമം തനിക്കും തന്റെ ശിഷ്യന്മാർക്കും ലഭ്യമായി. യേശു താരതമ്യേന ആ പ്രദേശങ്ങളിൽ അറിയപ്പെടാത്തവനാകയാൽ ആളുകൾ അവന്റെ അടുക്കൽ തടിച്ചുകൂടിയില്ല. ശിഷ്യന്മാരെ വിട്ടു പിരിയുന്നതിനു മുമ്പായി അവരെ ധാരാളം പഠിപ്പിക്കുവാനുള്ള സമയം അവനു കിട്ടി. പുതിയ രാജ്യങ്ങൾ കണ്ടതിനാൽ ശിഷ്യന്മാരുടെ മനസ്സും ചിന്താമണ്ഡലത്തിന്റെ ചക്രവാളവും വിശാലമായി. അവർ ആ വലിയ ദൗത്യം ഭരമേൽക്കുവാൻ തയ്യാറുമായി. "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു ശിഷ്യരാക്കി കൊൾക" (മത്തായി 28:19-20). ഈ യാത്രയിൽ "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും'' എന്നവൻ പറഞ്ഞ യാഥാർത്ഥ്യത്തിന്റെ നിവൃത്തീകരണത്തിനു പുതിയ സാക്ഷികളേയും അവർ കാണും. രക്ഷ പൈതൃകാവകാശമല്ല എന്നും തന്നിലുള്ള വിശ്വാസത്താൽ മാത്രം ലഭി

ക്കുന്നതാണെന്നും അവരെ പഠിപ്പിക്കുവാൻ അവൻ ആഗ്ര ഹിച്ചു. അതുകൊണ്ടാണ് ഫൊയ്നീഷ്യൻ പട്ടണങ്ങളിൽ ഏറ്റവും നല്ലതും പ്രസിദ്ധവുമായ സോരിലും സീദോ നിലും അവരോടുകൂടി പോയത്. യേശു അവിടെ ഒരു വീട്ടിൽ കടന്നു ചെന്നു. ആരും അറിയണമെന്ന് അവൻ ആഗ്രഹിച്ചിരുന്നില്ലെങ്കിലും അത് രഹസ്യമായിരിക്കുവാൻ കഴിഞ്ഞില്ല. തന്റെ വ്യക്തിത്വത്തിന്റെ സുഗന്ധം എങ്ങനെ മറയ്ക്കാൻ കഴിയും? അവന്റെ സ്നേഹത്തിന്റെയും ശക്തി യുടെയും വിവരങ്ങൾ ആ സ്ഥലങ്ങളിൽ നേരത്തെ എത്തി യിരുന്നു, കാരണം ഫൊയ്നീഷ്യക്കാരായ ചിലർ കഫർന്ന ഹൂമിൽ അവന്റെ അടുത്തുവന്നിരുന്നു.

അങ്ങനെയുള്ള ഒരു സഞ്ചാരി തന്റെ ശിഷ്യന്മാ രുമായി ആ ഗ്രാമത്തിൽ പ്രവേശിക്കുമ്പോൾ ആരും ശ്രദ്ധി ക്കാതിരിക്കയില്ല. വലിയ കഷ്ടതയിലായിരുന്ന ഒരു സ്ത്രീ അവനെപ്പറ്റി കേട്ടിരുന്നു. അവൾക്കു ഭൂതഗ്രസ്തയായ ഒരു മകൾ ഉണ്ടായിരുന്നു.

## ഒരു ഫൊയ്നീഷ്യൻ സ്ത്രീയുടെ വിശ്വാസം

“യേശു അവിടം വിട്ടു, സോർ സീദോൻ എന്ന പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദേശത്തുനിന്നു ഒരു കനാന്യ സ്ത്രീ വന്നു, അവനോടു: കർത്താവേ, ദാവീദ് പുത്രാ, എന്നോടു കരുണ തോന്നേണമേ, എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോടു ഒരു വാക്കും ഉത്തരം പറ ഞ്ഞില്ല; അവന്റെ ശിഷ്യന്മാർ അടുക്കെ വന്നു: അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടുവരുന്നു; അവളെ പറഞ്ഞയക്കേണമേ എന്ന് അവനോടു അപേക്ഷിച്ചു. അതിന്നു അവൻ: യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയ ച്ചിട്ടില്ല എന്നു ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു:

“കർത്താവേ, എന്നെ സഹായിക്കേണമേ” എന്നു പറഞ്ഞു അവനെ നമസ്ക്കരിച്ചു. അവനോ: മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടു കൊടുക്കുന്നതു നന്നല്ല എന്നു ഉത്തരം പറഞ്ഞു. അതിന്നു അവൾ: അതേ, കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു. യേശു അവളോടു: “സ്ത്രീയേ, നിന്റെ വിശ്വാസം വലി യതു നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ എന്നു ഉത്തരം പറഞ്ഞു. ആ നാഴികമുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു (മത്തായി 15:21-28).

കനാന്യസ്ത്രീയും അവളുടെ ആളുകളും യെഹൂ ദന്മാരെ പുച്ഛിച്ചിരുന്നുവെങ്കിലും അവൾ ആദരവോടുകൂടി യേശുവിന്റെ പാദത്തിൽ നമസ്ക്കരിച്ചു. യിസ്രായേലിലെ ഒരു കുലീന കുടുംബത്തിൽ പിറന്നവനാണവനെന്ന് മന സ്സിലാക്കിയിരിക്കണം. യെഹൂദന്മാരുടെ രക്ഷകനെ, ദാവീ ദിന്റെ പുത്രനെന്നു വിളിക്കാറുണ്ടെന്നും അവൾ ധരിച്ചി രിക്കാം. ഈ സംബോധന അവനെ സന്തുഷ്ടനാക്കു മെന്നും മഹത്വപ്പെടുത്തുമെന്നും അവൾ വിചാരിച്ചു. എന്നാൽ യെഹൂദന്മാരുടെ കാഴ്ചപ്പാടിൽ ക്രിസ്തു വെറും ദാവീദിന്റെ പുത്രൻ മാത്രമാണ് എന്നതു വാസ്തവമാണെ ങ്കിൽ അതവൾക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. എന്തെന്നാൽ അതിന്റെ അർത്ഥം: യേശു ആ ജനത്തിന്റെ ഭൗതീകവും രാഷ്ട്രീയവുമായ രക്ഷകൻ മാത്രമായിരിക്കും. ആ ജനത അവളേയും അവളുടെ രാജ്യക്കാരെയും പുറ ജാതികളും നായ്ക്കളുമായിട്ടാണ് കരുതിയിരുന്നത്. അവൾ ഇതൊന്നും അറിയാതിരുന്നതു നല്ലതു തന്നെ. അവൾ ദയയ്ക്കായി അവനോടപേക്ഷിച്ചു. അവൻ തന്റെ മകളോടു കരുണ കാണിക്കണമെന്നപേക്ഷിക്കാതെ തന്നോടു കരു ണയുണ്ടാകണമേ എന്നാണ് യാചിച്ചത്. അവൾ പറഞ്ഞു, “എന്നോടു കരുണയുണ്ടാകേണമേ” എന്ന്, എന്തുകൊ ണ്ടെന്നാൽ അവളുടെ പ്രയാസം വളരെ വലുതായിരുന്നു.

കനാന്യസ്ത്രീ യേശുവിനെ ആദരിച്ച് അവന്റെ മുമ്പിൽ വണങ്ങി. അവന്റെ സഹായത്തിനുവേണ്ടി വികാര തീവ്രതയോടെ അപേക്ഷിച്ചു. എന്നാൽ അവൻ മറുപടി ഒന്നും പറഞ്ഞില്ല. അവൻ അവളെ ശ്രദ്ധിച്ചില്ല. എന്നാൽ അവൾ തന്റെ അപേക്ഷ ആവർത്തിച്ചു കൊണ്ടിരുന്നു. എന്നിട്ടും അവൾക്കു നിരാശ ഉണ്ടായില്ല, കാരണം അവന്റെ കരുണയേയും മനസ്സലിവിനേയും കുറിച്ചു കേട്ടിരുന്നതു സത്യമാണെന്ന് അവൾ മനസ്സിലാക്കിയിരിക്കാം. മടുത്തു പോകാതെയുള്ള അപേക്ഷയാൽ അവൾക്ക് അവന്റെ അനുഗ്രഹം ലഭിക്കുമെന്നവൾ കരുതി. അവൻ മൗനമായിരുന്നത് അവൻ അതിലും പ്രധാനമായ കാര്യങ്ങളിൽ മുഴുകിയിരുന്നതു കൊണ്ടായിരിക്കാം. ശിഷ്യന്മാർ അവളുടെ അപേക്ഷ സ്വീകരിക്കുവാൻ യേശുവിനോടാവശ്യപ്പെട്ടു. എന്നാൽ യേശു "യിസ്രായേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ തന്നെ അയച്ചിട്ടില്ല" എന്ന് അവരോട് പറഞ്ഞു.

ലോകരക്ഷിതാവിനു യിസ്രായേലിലെ ആടുകൾക്കു വേണ്ടി മാത്രം തന്നെ സമർപ്പിക്കാൻ എങ്ങനെ സാധിക്കും? ദൈവത്തിന്റെ വാഗ്ദത്തമുണ്ടായിരുന്ന യെഹൂദന്മാരോടു സുവിശേഷം വിളംബരം ചെയ്തു തന്റെ ശുശ്രൂഷ ആരംഭിക്കാമെന്നു യേശു തീരുമാനിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. യേശു ജാതികളോടു സുവിശേഷം ഘോഷിച്ചു തന്റെ ശുശ്രൂഷ ആരംഭിച്ചിരുന്നെങ്കിൽ യെഹൂദന്മാർ അവനെ കേൾക്കുവാൻ വിസമ്മതിക്കുമായിരുന്നു. യെഹൂദന്മാരെയും ജാതികളെയും ഒരേ സമയത്തു തന്നെ ശുശ്രൂഷിക്കുവാൻ യേശു ആഗ്രഹിച്ചില്ല, ഇതു രണ്ടും ചെയ്യാനുള്ള സമയം അവനില്ലായിരുന്നു. അതുകൊണ്ടാണ് യെഹൂദനായാലും പുറജാതിക്കാരനായാലും എല്ലാവരോടും സുവിശേഷം ഘോഷിക്കുന്നതിനു ശിഷ്യന്മാരെ ഭരമേൽപ്പിച്ചത്.

ഒരു മെഴുകുതിരിയെ കെടുത്തുന്ന കാറ്റ് ഒരു വലിയ തീയെ ആളിക്കത്തിച്ചേക്കാം എന്നത് ശരിയായ ഒരു പ്രസ്താവനയാണ്. വിശ്വാസത്തെ സംബന്ധിച്ചും ഇതു വാസ്തവമാണ്. ബലഹീന വിശ്വാസത്തെ കെടുത്തുന്ന കഠിനശോധനകൾ ശക്തിയുള്ള വിശ്വാസത്തെ കൂടുതൽ ശക്തിയുള്ളതാക്കുന്നു. തിരസ്ക്കരണം അവളുടെ വിശ്വാസത്തെ വർദ്ധിപ്പിച്ചതിന്റെ തെളിവാണ്, സ്ത്രീ അവളുടെ അപേക്ഷ ആവർത്തിച്ചുകൊണ്ടു ക്രിസ്തുവിന്റെ പിന്നാലെ പോകുന്നത്. അവൾ വീണ്ടും അവന്റെ മുമ്പിൽ മുട്ടുകുത്തി "എന്നെ സഹായിക്കണമേ" എന്നു നിലവിളിച്ചു. ഈ ലഘുവായ അതേ പല്ലവി ഒരു തകർന്ന ഹൃദയത്തിൽ നിന്നും പുറപ്പെട്ടത്, അന്നേദിവസം ആ വലിയ ദേവാലയത്തിൽ കഴിച്ച വാചാലമായ എല്ലാ പ്രാർത്ഥനകളെക്കാളും ശക്തിയുള്ളതായിരുന്നു. 'അവൻ മറുപടി തരികയില്ലേ' അവൾ ചിന്തിച്ചു. അവളുടെ ഹൃദയം നീറി എരിഞ്ഞതു പോരായോ? ആദ്യത്തേതിനേക്കാൾ കാഠിന്യമുള്ള ഒരു പരിശോധന കൊടുത്തു അവളുടെ വിശ്വാസത്തെ സ്പുടമാക്കി അവളെ കൂടുതൽ ശ്രേഷ്ഠയാക്കുന്നതിനു അനുകമ്പയുള്ള ആ യജമാനൻ ആഗ്രഹിച്ചു. താൻ ആദ്യം മക്കളെ തീറ്റിപ്പോറ്റുന്നതിനാണു വന്നതെന്ന് അവൻ പറഞ്ഞു. മക്കളുടെ ആഹാരമെടുത്ത് നായ്ക്കൾക്കു കൊടുക്കുന്നതു നന്നല്ലല്ലോ? ഉപരിപ്ലവമായി ഇതു വായിക്കുന്നവൻ ക്രിസ്തുവിനെ വെറുത്തിരുന്ന ആരെങ്കിലും കെട്ടിചമച്ചതാണ് ഈ പ്രതികരണമെന്ന് സംശയിക്കും. ചെറിയവനേയും വലിയവനേയും, ശിഷ്ടനേയും ദുഷ്ടനേയും, ധനവാനേയും ദരിദ്രനേയും, ലോകത്തെ മുഴുവനായും സ്നേഹിച്ച ഒരുവന്റെ വായിൽ നിന്ന് ഈ വാക്കുകൾ വരുന്നത് അസാധ്യമാണെന്നു തോന്നാം. അവൻ എല്ലാവർക്കും വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു. എന്നിട്ടും ഈ വാക്കുകൾ പറഞ്ഞു. അവൾക്ക് അജ്ഞാതമായിരുന്ന ആത്മീകസത്യങ്ങളിലേക്ക് ആ സ്ത്രീയുടെ

കണ്ണുകൾ ഈ വാക്കുകളിൽ കൂടെ തുറക്കാൻ അവൻ ആഗ്രഹിച്ചു. ഈ സ്ത്രീ അവനെ യെഹൂദന്മാരുടെ ക്രിസ്തുവും ദാവീദിന്റെ മകനുമായിട്ടു മാത്രമേ കണ്ടിരുന്നുള്ളൂ. ജാതികളുടെയും ക്രിസ്തുവാണെന്ന് അവനെ മനസ്സിലാക്കാത്തിടത്തോളം അവന്റെ സ്നേഹമോ ദയയോ ലഭിക്കുന്നതിന് അവൾക്കു യാതൊരുവകാശവുമില്ലെന്നാണ് അതിൽ നിന്ന് അർത്ഥമാകുന്നത്. അവന്റെ ഈ ഗൗരവമുള്ള വാക്കുകളാൽ അവൾ ഈ സത്യം മനസ്സിലാക്കുവാൻ അവൻ വാതിൽ തുറക്കുകയായിരുന്നു.

അവളുടെ വലിയ താഴ്മയിലും ആവശ്യബോധത്തിലും അവൾ തിരിച്ചുവന്ന് അവനോടു യാചിച്ചു. ആദ്യം മക്കളെ തീറ്റിയതിനുശേഷമാണ് നായ്ക്കൾക്ക് അവരുടെ പങ്കു ലഭിക്കുന്നതെന്ന് അവൻ അവളോടു പറഞ്ഞു, കാരണം മക്കളുടെ മേശയിൽ നിന്ന് വീഴുന്ന ശേഷിച്ച നുറുക്കകൾക്കു മാത്രമാണു അവർ അവകാശമാക്കുന്നത്. അങ്ങനെയുള്ള ആ നായ്ക്കളുടെ അവകാശം വാങ്ങുവാൻ അവൾ തീരുമാനിച്ചു താഴ്മയോടെ അവന്റെ സന്നിധിയിൽ വന്നു.

അവളുടെ പ്രവൃത്തിയിലൂടെ വലിയ വിശ്വാസത്തിന്റെ ഒരു മാതൃക അവൾ കാട്ടി തന്നു. അവളുടെ വിശ്വാസം മറ്റുള്ള പലരേയും പോലെ കേവലം മാനസികമായിരുന്നെങ്കിൽ യേശുവിന്റെ ഇപ്രകാരമുള്ള പെരുമാറ്റം കാരണം അവനിൽ നിന്നും അവൾ ആഗ്രഹിച്ച കാര്യം ലഭിക്കാതെ അവളുടെ ആശ നശിച്ച് അവൾ പൊയ്പോകുമായിരുന്നു. എന്നാൽ അവളുടെ വിശ്വാസം ഹൃദയത്തിൽ നിന്നുള്ളതായിരുന്നതിനാൽ അവൾ മുകൾപ്പരപ്പിനു താഴെ നോക്കി (അവൻ തള്ളിക്കളഞ്ഞു എന്നു തോന്നിയിട്ടും). യേശു അവളുടെ അത്യാവശ്യം സാധിച്ചു കൊടുക്കാമെന്നു വിശ്വസിച്ചു. അവളുടെ അപേക്ഷയ്ക്ക് അവൻ ഇപ്രകാരം പറഞ്ഞു “നീ വിശ്വസിച്ചതുപോലെ

നിനക്കു ഭവിക്കട്ടെ.” യേശു ഒരിക്കലും യെഹൂദ തത്ത്വ ജ്ഞാനികളുടെ തർക്കങ്ങൾക്കു വഴങ്ങാതെ ചുട്ട മറുപടി നല്കി അവരെ എപ്പോഴും നിശ്ശബ്ദരാക്കി. അവൻ സ്വർഗ്ഗ രാജ്യത്തിൽ നിന്ന് എന്തുമാത്രം അകലെയാണെന്ന് അവരെ കാണിച്ചു. എന്നാൽ ഇവിടെ വളരെ ക്ഷമയോടു കൂടി ആ സാധുസ്ത്രീയുടെ ആവശ്യം സാധിച്ചുകൊടു ത്തുകൊണ്ടു അവൾ തന്റെ രാജ്യത്തോട് എത്രമാത്രം അടു ത്തവളാണെന്നു കാണിച്ചു.

## ശിഷ്യന്മാർക്ക് ഒരു പാഠം

ഈ പരീക്ഷയിൽ നിന്നു ശിഷ്യന്മാർക്കു പ്രയോ ജനം ലഭിച്ചു. ഈ കൂട്ടത്തിൽ ഉൾപ്പെടാത്ത വേറെ ആടു കൾ ഈ വലിയ ഇടയനുണ്ടെന്നുള്ളതിനു ദൃഷ്ടാന്തം അവരുടെ മുമ്പിൽ കണ്ടു (യോഹന്നാൻ 10:16). ആത്മിക ദാനങ്ങളിൽ ക്രിസ്തുവിന്റെ കൂട്ടത്തോടു ചേർന്ന ജാതി കളിൽ ചിലർ യെഹൂദ ആടുകളെ കവച്ചുവെച്ചു. യേശു ശിഷ്യന്മാരുടെ അല്പവിശ്വാസത്തെ ശരിപ്പെടുത്തുന്ന പരി ശീലന പ്രക്രിയയിലായിരുന്നു. പലപ്പോഴും പത്രൊസ് വെള്ളത്തിനടിയിലേക്ക് താഴുവാൻ പോയപ്പോൾ യേശു അവനോടു പറഞ്ഞത്, “അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു” എന്നാണ് (മത്തായി 14:31). എന്നാൽ അവ രുടെ ഗുരു അന്യജാതിയിൽപെട്ടവളും ആത്മിക പശ്ചാ ത്തലമില്ലാത്തവളുമായ സ്ത്രീയോടു സന്തോഷത്തോടു കൂടി, “സ്ത്രീയെ, നിന്റെ വിശ്വാസം വലിയതു, നീ ആഗ്ര ഹിച്ചതു പോലെ നിനക്കു ഭവിക്കട്ടെ” എന്ന പറഞ്ഞപ്പോ ൾ ആ ശിഷ്യന്മാർ എന്തുമാത്രം ലജ്ജിച്ചിരിന്നിരിക്കും?

## പ്രാർത്ഥനയുടെ ഒരു മറുപടി

ഈ സംഭവത്തിൽനിന്നും പ്രാർത്ഥനയുടെ മറു പടി ചോദിക്കുന്ന ആളിന്റെ പദവി ആശ്രയിച്ചല്ല

(അനേകരും അങ്ങനെ വിശ്വസിക്കുന്നു) പ്രത്യുത, പ്രാർത്ഥനയുടെ ആത്മാവിനെ ആശ്രയിച്ചാണ് ലഭിക്കുന്നതെന്നു കാണാവുന്നതാണ്. യേശുവിന്റെ പ്രധാന ശിഷ്യന്മാരായിരുന്ന യാക്കോബും യോഹന്നാനും തങ്ങളുടെ മാതാവിനോടൊപ്പം അവന്റെ അടുക്കൽ വന്നു ചോദിച്ചതിൽ നിന്നും ഇത് വ്യക്തമായി കാണാവുന്നതാണ്. അവൾ യേശുവിനെയും ശിഷ്യന്മാരെയും അനുഗമിക്കുകയും ചെയ്യുകയും ശുശ്രൂഷയ്ക്കുവേണ്ടി സാമ്പത്തിക സഹായം ചെയ്യുകയും പതിവായിരുന്നു. ഒരു സന്ദർഭത്തിൽ അവളുടെ രണ്ടു പുത്രന്മാർക്കുവേണ്ടി പ്രത്യേക ആനുകൂല്യം ചോദിച്ചെങ്കിലും യേശു അവളുടെ അപേക്ഷ നിരസിച്ചു. എന്നാൽ പ്രത്യേക സ്ഥാനമൊന്നും ഇല്ലാതിരുന്ന ഈ സാധാരണ കനാന്യ സ്ത്രീയുടെ അപേക്ഷ അവൻ സ്വീകരിച്ചു. മുമ്പ് എത്ര ശിഷ്യന്മാർ പിൻവാങ്ങി യേശുവിനെ ഉപേക്ഷിച്ചു പോയെന്നു നമ്മൾ കണ്ടതാണ്. അനുയായികളുടെ ഈ വലിയ നഷ്ടം ഒരിക്കലും ഈ കനാന്യ സ്ത്രീയുടെ ആത്മാവിനെ നേടിയതിന്നോടു താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല.

## പത്തു പട്ടണങ്ങളിലേക്കു സുവിശേഷം എത്തിക്കുന്നു

"അവൻ വീണ്ടും സോരിന്റെ അതിർ വിട്ടു സീദോൻ വഴിയായി ദെക്കപ്പൊലിദേശത്തിന്റെ നടുവിൽ കൂടി ഗലീലക്കടൽപ്പുറത്തു വന്നു" (മർക്കൊസ് 7:31).

യേശു സോരിൽനിന്നും സീദോനിൽനിന്നും കിഴക്കോട്ടു ഗോലാൻ കുന്നുകളിലേക്കു യാത്രചെയ്തു. യവന സംസ്കാരത്തിനും വാണിജ്യത്തിനും കേൾവിക്കേട്ട പട്ടണങ്ങളായിരുന്നു ഇവ. ഹെരോദാവിന്റെ ദുർഭരണത്തിൽനിന്നും അധികാരത്തിൽനിന്നും യെഹൂദമൂപ്പന്മാ

രുടെ കൂടുതൽ അപകടകരമായ സ്വാധീന വലയത്തിൽ നിന്നും അകന്നതുമായിരുന്നു. ഇതിനു മുമ്പു ഏതാനും മണിക്കൂറുകൾ മാത്രമേ യേശു അവിടെ ചെലവഴിച്ചിരുന്നുള്ളൂ. അത് ഒരു ഭൂതഗ്രസ്തനിൽ നിന്നും ഭൂതങ്ങളെ പുറത്താക്കിയപ്പോഴായിരുന്നു. ഈ സംഭവം ആ പ്രദേശം മുഴുവൻ പരന്നതിനാൽ യേശു മലമുകളിലേക്കു പോയപ്പോൾ മുടന്തർ, കുരുടർ, പക്ഷവാതക്കാർ എന്നിവരോടു കൂടി വലിയ ഒരു ജനക്കൂട്ടം അവന്റെ അടുക്കൽ വന്നു.

## യേശു ഊമനും ചെകിടനുമായ ഒരു മനുഷ്യനെ സൗഖ്യമാക്കുന്നു

"അവിടെ അവർ വിക്കനായോരി ചെകിടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു, അവന്റെ അടുക്കൽ കൈ വെക്കേണം എന്നു അപേക്ഷിച്ചു. അവൻ അവനെ പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടുപോയി അവന്റെ ചെവിയിൽ വിരൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു; സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടു അവനോടു: തുറന്നു വരിക എന്നു അർത്ഥമുള്ള എഫഥാ എന്നു പറഞ്ഞു. ഉടനെ അവന്റെ ചെവി തുറന്നു . അവന്റെ നാവിന്റെ കെട്ടഴിഞ്ഞിട്ട് അവൻ ശരിയായി സംസാരിച്ചു. ഇതു ആരോടും പറയുതെന്നു അവരോടു കല്പിച്ചു. എങ്കിലും അവർ എത്ര കല്പിച്ചുവോ അത്രയും അവർ പ്രസിദ്ധമാക്കി: അവൻ സകലവും നന്നായി ചെയ്തു; ചെകിടരെ കേൾക്കുമാറാക്കുന്നു; ഊമരെ സംസാരിക്കുമാറാക്കുന്നു എന്നു പറഞ്ഞു അത്യന്തം വിസ്മയിച്ചു" (മർക്കൊസ് 7:32 37).

കനാനിൽ നടന്ന വേറൊരു സംഭവം സവിസ്തരം രേഖപ്പെടുത്തിയിരിക്കുന്നു. ഊമനും ചെകിടനുമായ ഒരുവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു

തനിക്കു എന്തു ചെയ്തു തരുമെന്നു ഊമനും ചെകിടനുമായ വ്യക്തിയെ പറഞ്ഞു മനസ്സിലാക്കാൻ കഴിയാതിരുന്നതിനാൽ അവർക്ക് അയാളെ യേശുവിന്റെ അടുക്കലേക്ക് ചുമന്നുകൊണ്ടു പോകേണ്ടി വന്നു. ഒരു പക്ഷേ അയാൾ മാനസികമായും ശാരീരികമായും തളർന്നവനായിരിക്കാം. മറ്റുള്ളവരെപ്പോലെ ഊമനും ചെകിടനുമായ ഈ മനുഷ്യനു യേശുവിൽ നിന്നു തന്നെപ്പറ്റി കേൾക്കുവാൻ ഒരു അവസരം ലഭിച്ചിരുന്നില്ല. യേശു സൗഖ്യമാക്കിയിരുന്ന മറ്റെല്ലാവരേയുംപോലെ ഈ മനുഷ്യനിലും വിശ്വാസം ഉളവാക്കുവാൻ യേശു ഉദ്ദേശിച്ചു. യേശു തന്റെ വിരൽ അവന്റെ കാതുകളിൽ ഇട്ടു, കേൾക്കുവാൻ ഒരു വാതിൽ ഒരുക്കുന്നതുപോലെ. പിന്നെ അവൻ തുപ്പി, തുപ്പൽ കൊണ്ട് അവന്റെ നാവിനെ തൊട്ടു. അത് അവനിൽ ഒരു പുതിയ വിശ്വാസം ജനിപ്പിച്ചു. ആ മനുഷ്യന്റെ വൈകല്യങ്ങൾ മാറി. അവൻ സംസാരിക്കാൻ തുടങ്ങി.

അവനു സഹായം ലഭിച്ച ദൈവത്തിങ്കലേക്കു അവന്റെ ചിന്തയെ തിരിക്കുവാനും എല്ലാ അനുഗ്രഹത്തിന്റെയും ഉറവിടമായ യേശുക്രിസ്തുവിലേക്കു നടത്തേണ്ടതിന്റെയും ആവശ്യകത ഉണ്ടായിരുന്നു. യേശു സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടത് കഷ്ടപ്പെടുന്ന എല്ലാ സൃഷ്ടികൾക്കും വേണ്ടിയായിരുന്നു. ശാരീരികമായ കഷ്ടതകൾ അനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി അവൻ കരുണയ്ക്കായി കേണു. അവനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

*"അവരുടെ കഷ്ടതയിൽ ഒക്കെയും*

*അവൻ കഷ്ടപ്പെട്ടു;*

*അവന്റെ സമ്മുഖദൂതൻ*

*അവരെ രക്ഷിച്ചു;*

*തന്റെ സ്നേഹത്തിലും കനിവിലും*

*അവൻ അവരെ വീണ്ടെടുത്തു,*

*പുരാതനകാലത്തൊക്കെയും*

*അവൻ അവരെ ചുമന്നു കൊണ്ടു നടന്നു"*

*(യെശയ്യാവ് 63:9)*

തുറന്നു വരിക എന്ന അർത്ഥമുള്ള 'എഫഥാ' എന്ന ആരാമ്യ ഭാഷയിൽ അവൻ പിന്നീടു ആ രോഗിയോടാജ്ഞാപിച്ചു. ആ മനുഷ്യന്റെ നാവിന്റെ കെട്ടഴിഞ്ഞവൻ ശരിയായി സംസാരിക്കാൻ തുടങ്ങി. അങ്ങനെ യെശയ്യാ പ്രവാചകന്റെ വാക്കുകൾ നിറവേറ്റപ്പെട്ടു. "അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല'' (യെശയ്യാവ് 35:5).

ആ പുരുഷാരത്തിൽ മിക്കപേർക്കും ഇപ്രകാരമുള്ള അത്ഭുത രോഗശാന്തി ജാതിയിൽപ്പെട്ടവനല്ലെന്നും യെഹൂദനാണെന്നും അവർ അറിഞ്ഞിരുന്നു. യേശു ചെയ്തിരുന്നതുപോലെ അവർ അഭിമാനിച്ചു കൊണ്ടിരുന്ന (അവർ ആശ്രയിച്ചിരുന്ന) ദേവന്മാർക്ക് അത്ഭുതങ്ങൾ ഒന്നും കാണിക്കുവാൻ കഴിഞ്ഞില്ല എന്നും അവർക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവർ അതിശയിച്ചതും അത്ഭുത പരതന്ത്രരായതും. 'അവൻ എല്ലാം നന്നായി ചെയ്തു' എന്നു പറഞ്ഞു ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാൻ തുടങ്ങി. അവനാണു നിത്യരക്ഷയും, സന്തോഷവും തരുന്നവൻ എന്നറിഞ്ഞ് അവനെ രക്ഷകനായി സ്വീകരിച്ച അനേക കോടി ജനങ്ങളുടെ വായിൽ നിന്നും ഇമ്മാതിരിയുള്ള വാക്കുകൾ ശതാബ്ദങ്ങളായി ഉയർന്നിട്ടുണ്ട്.

# ഏഴു അപ്പം കൊണ്ട് നാലായിരം പേരെ പോഷിപ്പിക്കുന്നത്

"ആ ദിവസങ്ങളിൽ ഏറ്റവും വലിയ പുരുഷാരം ഉണ്ടായിരിക്കെ അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ചു അവരോടു: ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു; അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ട് എനിക്കു അവരോടു അലിവു തോന്നുന്നു; ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽവെച്ചു തളർന്നുപോകും; അവരിൽ ചിലർ ദൂരത്തുനിന്നു വന്നവരല്ലോ എന്നുപറഞ്ഞു. അതിന്നു അവന്റെ ശിഷ്യന്മാർ: ഇവർക്കു ഇവിടെ മരുഭൂമിയിൽ അപ്പം കൊടുത്തു തൃപ്തി വരുത്തുവാൻ എങ്ങനെ കഴിയും എന്നു ഉത്തരം പറഞ്ഞു. അവൻ അവരോടു നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു ചോദിച്ചു. ഏഴ് എന്നു അവർ പറഞ്ഞു. അവൻ പുരുഷാരത്തോടു നിലത്തു ഇരിപ്പാൻ കല്പിച്ചു. പിന്നെ ആ ഏഴപ്പം എടുത്തു സ്തോത്രം ചെയ്തു നുറുക്കി ശിഷ്യന്മാരുടെ പക്കൽ വിളമ്പുവാൻ കൊടുത്തു. അവർ പുരുഷാരത്തിനു വിളമ്പി. ചെറിയ മീനും കുറെ ഉണ്ടായിരുന്നു; അതും അവൻ അനുഗ്രഹിച്ചിട്ടു വിളമ്പുവാൻ പറഞ്ഞു. അവർ തിന്നു തൃപ്തരായി; ശേഷിച്ച കഷണങ്ങൾ ഏഴു വട്ടി നിറച്ചെടുത്തു. അവർ ഏകദേശം നാലായിരം പേരായിരുന്നു. അവൻ അവരെ പറഞ്ഞയച്ചു. (മർക്കൊസ് 8:1-9).

യേശു ഗലീലയിൽ വെച്ച് അയ്യായിരം പുരുഷന്മാരെ അപ്പം നൽകി പോഷിപ്പിച്ച അത്ഭുതം കാണിച്ചിരുന്നു. ഇപ്പോൾ ജാതികളുടെ ഇടമായ പത്ത് പട്ടണങ്ങൾ ഉള്ള സ്ഥലത്ത് നാലായിരം പേരെ തീറ്റിപ്പോറ്റി.

ആ മരുഭൂമിയിൽ വളരെ ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നും അനേകർ യേശുവിനു ചുറ്റും കൂടി. അവനു മായിട്ടുള്ള ആ കൂടിക്കാഴ്ച മൂന്നു ദിവസങ്ങൾ തുടർന്ന തിനാൽ ഭക്ഷണസാധനങ്ങൾ എല്ലാം തീർന്നിരുന്നു. ക്രിസ്തുവിനു അവരോടും അനുകമ്പ തോന്നിയതിനാൽ ആ പുരുഷാരത്തെ പോഷിപ്പിക്കുവാനായി വീണ്ടും അത്ഭുതം പ്രവർത്തിക്കേണ്ടി വന്നു. ജനനം മുതൽ മരണം വരെ എല്ലാ ആളുകളുടെയും നന്മയിൽ യേശുവിന് താൽപര്യമുണ്ട്. ആർദ്രതയാൽ അവൻ ശിഷ്യന്മാരോട് പറഞ്ഞത്, "ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളർന്നുപോകും" എന്നാണ്. നേരത്തെ കാണിച്ച അതേ തെറ്റ് തന്നെ ശിഷ്യന്മാർ വീണ്ടും കാണിച്ചത് എത്ര വിചിത്രമായി രിക്കുന്നു. അത്ര വലിയ പുരുഷാരത്തെ ഭക്ഷണം നൽകി പോഷിപ്പിക്കുവാൻ അവർക്ക് സാധിക്കാത്തതിൽ അവർ മാപ്പ് ചോദിച്ചു. യേശു അയ്യായിരം പേരെ തീറ്റിപ്പോറ്റിയതു വസന്തകാലത്തായിരുന്നു. അതേ വർഷത്തെ വേനൽ ക്കാലമാണിപ്പോൾ. അപ്പോഴാണ് അവൻ വീണ്ടും അത്ഭുതം പ്രവർത്തിച്ചത്. കുറച്ച് ദിവസങ്ങൾക്കു ശേഷം ശിഷ്യന്മാർ ഈ രണ്ടു അത്ഭുത പ്രവർത്തികളും മറക്കു കയും അതിൽ നിന്നും വേണ്ടത് മനസ്സിലാക്കാതെയും ഇരുന്നതിനാൽ യേശു തന്റെ ശിഷ്യന്മാരെ ശാസിച്ചു. ഇപ്പോൾ പെട്ടെന്നുണ്ടായ സംശയങ്ങൾക്കു കാരണം, കഴിഞ്ഞ നാളുകളിൽ സ്വർഗ്ഗത്തിൽ നിന്നും ലഭിച്ച അനു ഗ്രഹങ്ങൾ - അത്ഭുതങ്ങൾ അവർ മറന്നുപോയിയെന്നു ള്ളതാണ്.

## കുരുടനെ സൗഖ്യമാക്കുന്നു

"അവൻ ബേത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു അവനെ

തൊടേണമെന്നു അപേക്ഷിച്ചു. അവൻ കുരുടന്റെ കൈക്കു പിടിച്ച് അവനെ ഊരിന്നു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പി അവന്റെ മേൽ കൈവെച്ചു: നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു. അവൻ മേൽപ്പോട്ടു നോക്കി: ഞാൻ മനുഷ്യരെ കാണുന്നു. അവർ നടക്കുന്നതു മരങ്ങൾ പോലെയാണു കാണുന്നതു എന്നു പറഞ്ഞു. പിന്നെയും അവന്റെ കണ്ണിന്മേൽ കൈവെച്ചു മുകളിലേക്കു നോക്കുമാറാക്കി. അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചു നോക്കി. എല്ലാം സ്പഷ്ടമായി കണ്ടു. നീ ഊരിൽ കടക്കപോലും അരുതു എന്നു അവൻ പറഞ്ഞു അവനെ വീട്ടിലേക്കു അയച്ചു" (മർക്കൊസ് 8:22-26).

പുരുഷാരത്തിന് രക്ഷപ്പെടുവാൻ ആ സ്ഥലം വിട്ടുപോകുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ കേൾവി ആ സ്ഥലങ്ങളിലെല്ലാം പരന്നു. അവൻ ശിഷ്യന്മാരുമായി പടകിൽ കയറി അടുത്തുള്ള മഗദേൽ, ദെൽ മനോത്താ എന്ന ഡിസ്ട്രിക്റ്റുകളിലേക്കു വന്നു. തടാകത്തിന്റെ കിഴക്കേ കരയിലുള്ളബത്ത്സയീദ എന്ന സ്ഥലത്ത് (അവിടെയായിരുന്നു യേശു അയ്യായിരം പേരെ പോഷിപ്പിച്ചത്) എത്തിയപ്പോൾ ജനങ്ങൾ ഒരു കുരുടനായ മനുഷ്യനെ അവന്റെ അടുക്കൽ കൊണ്ടുവന്ന് യേശു അവനെ തൊട്ടു സൗഖ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. യേശു അവരുടെ വിചാരം പോലെ സൗഖ്യമാക്കാതെ തന്റെ സ്വന്തരീതിയിൽ സൗഖ്യമാക്കി. ക്രിസ്തു ആ കുരുടനെ ഗ്രാമത്തിന് പുറത്ത് കൊണ്ടുവന്നു. യേശു എന്താണ് ചെയ്യാനോ ചോദിക്കാനോ പോകുന്നതെന്ന് കണ്ടുപിടിക്കുവാൻ ആകാംക്ഷയോടെ കാത്തിരുന്ന അവന്റെ കണ്ണിൽ യേശു തുപ്പി രണ്ടു കണ്ണിലും കൈവെച്ചു. ആ മനുഷ്യൻ വ്യക്തമായി കാണാൻ തുടങ്ങി. ആദ്യം അവൻ മനുഷ്യരെ നടക്കുന്ന മരങ്ങൾ പോലെയാണ് കണ്ടത്. അവന്റെ വിശ്വാസത്തിനനുസരിച്ചു ഭാഗികമായ

സൗഖ്യമേ അവനു ലഭിച്ചുള്ളൂ എന്നാണ് അതിന്റെ അർത്ഥം. അവന് അല്പം കാഴ്ച ലഭിച്ചപ്പോൾ അവന്റെ വിശ്വാസം വർദ്ധിച്ചു. യേശു വീണ്ടും തന്റെ കൈ ആ മനുഷ്യന്റെ കണ്ണുകളിൽ വെച്ചു. അവൻ വ്യക്തമായി കാണാൻ തുടങ്ങി. ആത്മിക കാഴ്ച കാലക്രമേണ ലഭിക്കുന്നവർക്കു ഒരു ഉദാഹരണമാണ് ഈ കുരുടൻ. അവർക്കുള്ള അല്പം കാഴ്ച അവർ ഉപയോഗിക്കുമെങ്കിൽ അത് വർദ്ധിച്ച് വരുന്നതായിരിക്കും. "ഉള്ളവന്നു കൊടുക്കും, അവന്നു സമൃദ്ധിയുണ്ടാകും" (മത്തായി 13:12).

* * *



*(ഈ പുസ്തകം നിങ്ങൾ വായിച്ചു പഠിച്ചുവെങ്കിൽ ഇതിലുള്ള ചോദ്യങ്ങൾക്ക് അനായാസേന ഉത്തര മെഴുതാൻ കഴിയും)*

# XIII

# ചോദ്യാവലി

നിങ്ങൾ കുറഞ്ഞ പക്ഷം ഇരുപതെണ്ണത്തിനു ശരിയായി ഉത്തരം എഴുതിയാൽ ഞങ്ങളുടെ വേറൊരു പുസ്തകം നിങ്ങൾക്ക് സൗജന്യമായി അയച്ച് തരും.

***നിങ്ങളുടെ പേരും മേൽവിലാസവും വ്യക്തമായി എഴുതുവാൻ മറക്കരുത്***

1. യോഹന്നാൻ സ്നാപകന്റെ ചോദ്യങ്ങൾക്കുള്ള യേശുവിന്റെ മറുപടി എന്തായിരുന്നു?
2. പരീശനായ ശീമോന്റെ ക്ഷണം യേശു സ്വീകരിച്ചത് എന്തുകൊണ്ട്?
3. എന്തുകൊണ്ടാണ് പാപിയായ ആ സ്ത്രീ യേശുവിനെ കൂടുതൽ സ്നേഹിച്ചത്?
4. സമർപ്പണബോധമില്ലാത്ത ആളുകൾ ഭക്തിപരമായ തീക്ഷണതയെ എന്തുകൊണ്ടു ഭ്രാന്തായി കാണുന്നു?
5. യേശുവിന്റെ യഥാർത്ഥ സഹോദരന്മാരും സഹോദരികളും ആരാണ്?
6. യേശു പൈശാചിക ശക്തികൊണ്ടല്ല ഭൂതങ്ങളെ പുറത്താക്കിയത് എന്നതിനു തെളിവു നൽകുക?
7. യേശുവിന്റെ ശക്തിയും സാത്താന്റെ (പിശാചിന്റെ) ശക്തിയും തമ്മിലുള്ള അന്തരം എന്ത്?
8. ഈ വാക്യം പൂരിപ്പിക്കുക. “വരിക, നമ്മൾക്കു തമ്മിൽ വാദിച്ചു നോക്കാം....” (യെശയ്യാവ് 1:18).

9. പരിശുദ്ധാത്മാവിനു നേരെയുള്ള ദൈവദൂഷണം എന്തുകൊണ്ടു ദൈവം ക്ഷമിക്കുന്നില്ല?

10. യോനായുടെ അടയാളത്തിൽ ക്രിസ്തുവിന്റെ നിഴൽ കാണാം. അത് എന്താണ്?

11. വിത്തുവിതക്കുന്നവന്റെ ഉപമയിലുള്ള നാലു തരത്തിലുള്ള മണ്ണുകൾ ഏതെല്ലാം?

12. ദൈവരാജ്യത്തിൽ നാം കാണുന്ന രണ്ടു പ്രത്യേക സ്വഭാവങ്ങൾ കടുകുമണിയിൽ ഏതെല്ലാം?

13. പുളിപ്പിന്റെ (മാവിന്റെ) പ്രവർത്തനവും സ്വർഗ്ഗ രാജ്യത്തിന്റെ പ്രവർത്തനവും തമ്മിലുള്ള സാമ്യം എഴുതുക.

14. മത്തായി 13:45, 46 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന നല്ല മുത്തിന്റെ ഉപമയിൽ നിന്നു നാം എന്തു പഠിക്കുന്നു?

15. ക്രിസ്തുവിന്റെ പ്രകൃതിയുടെ മേലുള്ള അധികാര ത്തെ കാണിക്കുന്ന സങ്കീർത്തനങ്ങളിൽ നിന്നും ഒരു വാക്യം എഴുതുക.

16. തടാകത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാരെ കഷ്ട പ്പെടുത്തിയ രണ്ടു തരത്തിലുള്ള കൊടുങ്കാറ്റുകൾ ഏതെല്ലാം?

17. പന്നികളുടെ ഉടമസ്ഥർ യേശു അവരുടെ സ്ഥലം വിടണമെന്ന് ആവശ്യപ്പെട്ടത് എന്തുകൊണ്ട്?

18. രക്തസ്രാവമുള്ള സ്ത്രീ എന്തുകൊണ്ടാണ് അവളെ സൗഖ്യമാക്കണമെന്നു യേശുവിനോട് പരസ്യമായി ആവശ്യപ്പെടാഞ്ഞത്? എന്തുകൊണ്ടാണ് അവൾ അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തൊട്ടത്?

19. ക്രിസ്തുവിൽ നിന്നും അനുഗ്രഹങ്ങൾ പ്രാപിപ്പാ നുള്ള നാല് വ്യവസ്ഥകൾ ഏതെല്ലാം?

20. ക്രിസ്തു സമാധാനമല്ല, വാളത്രെ കൊണ്ടുവന്നത് എന്ന് പറഞ്ഞാൽ അർത്ഥമെന്താണ്?

21. അവരുടെ കൈയിൽ ഒന്നും കൊടുക്കാൻ ഇല്ലെന്ന് അറിഞ്ഞുകൊണ്ട് എന്തിന്നാണു യേശു തന്റെ ശിഷ്യന്മാരോടു പുരുഷാരത്തിനു വല്ലതും തിന്നുവാൻ കൊടുക്കുവാൻ ആവശ്യപ്പെട്ടത്?

22. അപ്പത്തിനും മീനിനുമായി യേശു സ്തോത്രം ചെയ്തതിൽ നിന്നും നാം എന്തു പഠിക്കുന്നു?

23. എന്തുകൊണ്ടാണു പത്രൊസിനു വെള്ളത്തിന്മീതെ നടക്കുവാൻ കഴിഞ്ഞത്?

24. ക്രിസ്തുവും അപ്പവും തമ്മിലുള്ള മൂന്നു സാമ്യങ്ങൾ എഴുതുക.

25. എന്തുകൊണ്ടാണു ക്രിസ്തു ആ കനാന്യ സ്ത്രീയോടു “മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല” എന്ന് പറഞ്ഞത്?

ക്രിസ്തീയ വിശ്വാസത്തെപ്പറ്റി നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ അതിനു മറുപടി തരുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. നിങ്ങളുടെ പൂർണ്ണമായ പേരും മേൽവിലാസവും കവറിലും എഴുത്തിലും എഴുതുവാൻ മറക്കരുത്.

**CALL OF HOPE, P.O. BOX - 45**
**KAYAMKULAM - 690 507**
**PH: 0479-3291614**